# ഗിരിദീപം

ജൂലൈ 2026



ജൂലൈ 03

മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ





**തലശ്ശേരി അതിരൂപതാംഗങ്ങളായ അഭിഭാഷകരുടെ സംഗമം**

**തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനാ ഓഡിറ്റോറിയം**

**2026 മെയ് 31**



ജൂലൈ 2026

വാല്യം 09
ലക്കം 07

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No.0444/2026 - ഇടയലേഖനം ........ 05
2. KCBC Circular - യുവജനദിനം ........ 11
3. കച്ചേരിക്കാര്യം ........ 15
4. വൈദികസമ്മേളനം - റിപ്പോർട്ട് ........ 29
5. അഭിഭാഷകരുടെ സംഗമം ........ 33
6. വൈദികക്ഷേമം ........ 36
7. സെമിനാരി വാർത്തകൾ ........ 37
8. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ........ 40
9. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 46
10. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ........ 47
    തിരുബാലസഖ്യം ........ 54
11. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ........ 56
12. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ........ 59
13. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ........ 67
    വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ........ 70
    നിർമ്മലഗിരി കോളേജ് ........ 72
14. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
    എ.കെ.സി.സി. ........ 75
    എയ്ഞ്ചൽ ട്രസ്റ്റ് ........ 79
    കരിസ്മാറ്റിക് ........ 80
    ADAM ........ 82
    കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........ 84
15. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ........ 87
    ബയോമൗണ്ടൻ ........ 92
    ഇൻഫാം ........ 96
16. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 97
17. ഓവർസീസ് അപ്ഡേറ്റ്സ് ........ 98
18. പഞ്ചാബ് മിഷൻ ........ 99
19. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 100
20. Engagements - July (Archbishop Mar Joseph Pamplany) ........ 102

**Prot. No. 0444/2026**

## ഇടയലേഖനം

### ദുക്റാനതിരുനാൾ - സഭാദിനം 2026

*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!**

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെപിതാവായ മാർതോമാശ്ലീഹായുടെ ദുക്റാനതിരുനാൾ ഒരിക്കൽകൂടി നമ്മൾ ആഘോഷിക്കയാണ്. നമുക്കും അവനോടൊപ്പം പോയി മരിക്കാം (യോഹ. 11:16) എന്നു പറഞ്ഞുകൊണ്ട് ഭയചകിതരായിരുന്ന മറ്റ് അപ്പസ്തോലന്മാരെ ധൈര്യപ്പെടുത്തിയ തോമാശ്ലീഹാ സുവിശേഷസന്ദേശം ഭാരതജനതയ്ക്കു നല്കുന്നതിനായി ഇവിടെ വരികയും എ.ഡി 72 ൽ ചെന്നൈ അടുത്തുള്ള ചിന്നമലയിൽ രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു. തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്തിന്റെയും രക്തസാക്ഷിത്വത്തിന്റെയും ഏറ്റവും വലിയ തെളിവുകളിലൊന്നാണ് മാർതോമാപാരമ്പര്യത്തിൽ ജീവിക്കുന്ന ഭാരതത്തിലെ സഭാസമൂഹങ്ങൾ. സീറോമലബാർസഭയെ സംബന്ധിച്ചു ജൂലൈ മൂന്നാം തീയതി ആത്മീയസ്വത്വത്തിന്റെ ദിവസമാണ്. അതുകൊണ്ടുതന്നെയാണ് ദുക്റാനതിരുനാൾ സീറോമലബാർ സഭാദിനമായും നമ്മൾ ആഘോഷിക്കുന്നത്.

ഉത്ഥിതനായ ഈശോ തങ്ങൾക്കു പ്രത്യക്ഷനായി എന്നു മറ്റ് അപ്പസ്തോലന്മാർ പറഞ്ഞതു വിശ്വസിക്കാതെ തനിക്കും ഗുരുവിനെ കാണണം എന്നു ശ്ലീഹ വാശിപിടിക്കുന്ന രംഗം വളരെ ഹൃദയസ്പർശിയാണ്. തോമാശ്ലീഹായുടെ ഈ സംശയം നിഷേധാത്മകമായ സമീപനമല്ല. ആദ്യം സംശയിച്ച തോമസ് പിന്നീടു വിശ്വാസത്തിന്റെ ധീരസാക്ഷിയായി മാറുന്നു. സംശയത്തിൽനിന്നു വിശ്വാസത്തിലേക്കും അന്വേഷണത്തിൽനിന്നു സാക്ഷ്യത്തിലേക്കും ശിഷ്യത്വത്തിൽനിന്നു രക്തസാക്ഷിത്വത്തിലേക്കും തോമാശ്ലീഹാ നടത്തിയ യാത്രയാണ് ഓരോ ക്രൈസ്തവന്റെയും ആത്മീയയാത്ര. അതുകൊണ്ടാണ് തോമായുടെ അവിശ്വാസം മറ്റുള്ള ശിഷ്യരുടെ വിശ്വാസത്തെ

ക്കാൾ നമ്മുടെ വിശ്വാസത്തിനു കൂടുതൽ ഉപകാരപ്രദമായി (Homilie in Evangelica, 26,7) എന്നു മഹാനായ വി. ഗ്രിഗറി മാർപാപ്പ പറഞ്ഞത്.

ഇന്നത്തെ തലമുറ സംശയങ്ങളുടെയും ആശയകുഴപ്പങ്ങളുടെയും നടുവിലാണ് ജീവിക്കുന്നത്. നിർമിതബുദ്ധിയുടെയും വിവരവിപ്ലവത്തിന്റെയും ഈ കാലഘട്ടം ഏറെ വെല്ലുവിളികൾ നിറഞ്ഞതാണ്. പരിശുദ്ധപിതാവ് ലെയോ പതിനാലാമൻ മാർപാപ്പ, മാനവമഹത്വം (Magnifica Humanitas) എന്ന പേരിൽ സാർവത്രികസഭക്കു നല്കിയ ആദ്യത്തെ ചാക്രികലേഖനം ലോകശ്രദ്ധയാകർഷിച്ചിരിക്കുകയാണ്. മനുഷ്യനിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന മഹത്വത്തിന്റെ അടിസ്ഥാനത്തിൽ, സാങ്കേതികവിദ്യ മനുഷ്യനുവേണ്ടിയാണെന്നും അതിനാൽത്തന്നെ മനുഷ്യൻ സാങ്കേതികവിദ്യയുടെ അടിമയാകരുത് എന്നതുമാണ് ഈ ചാക്രികലേഖനത്തിന്റെ അടിസ്ഥാനദർശനം. പരിശുദ്ധപിതാവ് ഇപ്രകാരം പറയുന്നു: മനുഷ്യന്റെ അന്തസ് അവന്റെ കഴിവുകളെയോ സമ്പത്തിനെയോ സാമൂഹികസ്ഥാനത്തെയോ ആശ്രയിച്ചല്ല; അതു ദൈവത്തിന്റെ സ്നേഹത്തിൽ നിന്നുള്ള ദാനമാണ് (മാനവമഹത്വം, 50). മനുഷ്യന്റെ അന്തസും മഹത്വവും സംരക്ഷിച്ചുകൊണ്ട് നീതിയുടെയും സാഹോദര്യത്തിന്റെയും ലോകം പണിയുക എന്നത് ഓരോ തലമുറയുടെയും ദൗത്യമാണെന്നും ചാക്രികലേഖനം വ്യക്തമാക്കുന്നു.

ഇന്നത്തെ മാധ്യമ-ഡിജിറ്റൽ സംസ്കാരത്തിൽ, മനുഷ്യഹൃദയങ്ങളിൽ ധ്രുവീകരണവും വിരോധവും വർധിപ്പിക്കുന്നതിനാൽ സത്യത്തെ അന്വേഷിക്കുകയും വിവേകപൂർണമായ കൂട്ടായ തീരുമാനങ്ങളിലേക്ക് എത്തിച്ചേരുകയും ചെയ്യേണ്ടത് ക്രൈസ്തവരുടെ അടിയന്തിര ഉത്തരവാദിത്വമാണെന്നു മാർപാപ്പ ഓർമിപ്പിക്കുന്നു. അഭ്യൂഹങ്ങൾ പ്രചരിപ്പിച്ചു സത്യത്തെ മൂടിവയ്ക്കുന്ന ഈ കാലഘട്ടത്തിൽ, മാർ തോമാശ്ലീഹായെപ്പോലെ സത്യാന്വേഷികളാകാൻ നമുക്കും സാധിക്കണം. സോഷ്യൽമീഡിയ വിവിധ ജീവിതമേഖലകളിൽ സഹായകരമാണെന്നതിൽ തർക്കമില്ല. എന്നാൽ, വ്യാജവാർത്തകളും വിദ്വേഷപ്രചരണങ്ങളും അപവാദങ്ങളും ബോധപൂർവം പ്രചരിപ്പിക്കപ്പെടുന്ന ഇടംകൂടിയാണിത് എന്നതു യാഥാർഥ്യമാണ്. മറ്റുള്ളവരെ അപകീർത്തിപ്പെടുത്തുന്നതും നിഷ്കളങ്കരെ ഉപദ്രവിക്കുന്നതും അസത്യം പ്രചരിപ്പിക്കുന്നതുമായ സോഷ്യൽമീഡിയ പോസ്റ്റുകൾ ഉണ്ടാക്കുകയും അവ വിവേചനമില്ലാതെ ഫോർവേഡുചെയ്യുകയും ചെയ്യുമ്പോൾ, 'കൊല്ലരുത്' എന്ന അഞ്ചാം പ്രമാണമാണ് ലംഘിക്കുന്നത്. അറിയില്ലാത്ത

കാര്യം അന്വേഷിക്കാനും നന്മയല്ലാത്തവ പ്രോത്സാഹിപ്പിക്കാതിരിക്കാനും തിന്മയെ എതിർത്തുതോല്പ്പിക്കാനും ആവശ്യമായ വിവേചനാശക്തിയും ജാഗ്രതയും ഇന്നു നമുക്കാവശ്യമാണ്.

ഇന്നു നമ്മുടെ സമൂഹത്തിൽ പാവപ്പെട്ടവരും സ്വാധീനമില്ലാത്തവരും അവഗണിക്കപ്പെടുന്ന സാഹചര്യമുണ്ട്. പ്രായമായ മാതാപിതാക്കൾ പലപ്പോഴും മക്കളുടെ ക്രൂരതയ്ക്ക് ഇരയാകുന്നു. കുടുംബങ്ങളിലും സമൂഹത്തിന്റെ വിവിധതലങ്ങളിലും ബന്ധങ്ങൾക്കു വിള്ളൽ വീഴുമ്പോൾ മുറിവേല്ക്കപ്പെടുന്നത് നീതിയുടെയും ന്യായത്തിന്റെയും പക്ഷത്തുനില്ക്കുന്നവരാണ്. വളർന്നുവരുന്ന കുട്ടികളുടെയിടയിൽ വർധിച്ചുവരുന്ന അക്രമം ആശങ്കകളുയർത്തുന്നു. ലഹരിയുടെ ഉപയോഗവും അതുവഴിയുള്ള അക്രമങ്ങളും സമൂഹത്തിന്റെ സുസ്ഥിതിയെത്തന്നെ അപകടത്തിലാക്കുന്നു. ഇവിടെയെല്ലാം മനുഷ്യന്റെ മഹത്വം നഷ്ടപ്പെടുത്തുന്ന സാഹചര്യങ്ങൾ നിലനില്ക്കുന്നുണ്ട്. പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്യുന്നതുപോലെ മനുഷ്യന്റെ അഹങ്കാരത്തിന്റെയും താൻപോരിമയുടെയും പ്രതീകമായ ബാബേൽ ഗോപുരങ്ങൾ തകർത്തുകളഞ്ഞു നീതിയും സമാധാനവും നിലനില്ക്കുന്ന ദൈവമനുഷ്യനഗരത്തിന്റെ നിർമിതിക്കായി ഓരോരുത്തരും അവരവരുടെ പ്രവർത്തനമേഖലകളിൽ ജാഗ്രതയോടെ വർത്തിക്കേണ്ടിയിരിക്കുന്നു (മാനവമഹത്വം, 1).

വിശ്വാസത്തിന്റെ ആദ്യപാഠശാല കുടുംബമാണ്. മാതാപിതാക്കളും മക്കളും ഒരുമിച്ചു പ്രാർഥിക്കുന്നതും ഭക്ഷണം കഴിക്കുന്നതും കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ പങ്കുവയ്ക്കുന്നതും നമ്മുടെ ധന്യമായ പാരമ്പര്യങ്ങളിൽപെട്ടവയാണ്. എല്ലാവരും അവരവരുടെ തിരക്കുകളിലും ജോലികളിലും വ്യാപൃതരാകുമ്പോൾ കുടുംബത്തിന്റെ പൊതുവായ ആത്മീയത കാത്തുസൂക്ഷിക്കുന്നതിൽ വീഴ്ച്ചവരുന്നുണ്ടോ എന്ന് ആത്മപരിശോധന ചെയ്യേണ്ടിയിരിക്കുന്നു. മാതാപിതാക്കൾ മക്കൾക്കു സാങ്കേതികവിദ്യയുടെ ഉപയോഗത്തോടൊപ്പം മാനുഷികമൂല്യങ്ങളും കൈമാറണം. ഡിജിറ്റൽ അടിമത്തത്തിന്റെ അപകടത്തെക്കുറിച്ചു ലെയോ മാർപാപ്പ തന്റെ ചാക്രികലേഖനത്തിൽ പ്രത്യകം പരാമർശിക്കുന്നുണ്ട്. മൊബൈൽ ഫോണിന്റെ അമിത ഉപയോഗം, കുടുംബാംഗങ്ങൾ തമ്മിലുള്ള സംസാരം കുറയുന്നത്, കുട്ടികളിൽ വർധിച്ചുവരുന്ന സ്ക്രീൻ ആശ്രയത്വം, പ്രാർഥനക്കുള്ള സമയക്കുറവ് ഇതെല്ലാം ഇന്നു നമ്മുടെ കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങളാണ്. കുടുംബസാഹചര്യങ്ങൾ ഒരു വ്യക്തിയുടെ ആത്മീയവും ഭൗതീകവുമായ രൂപീ

കരണത്തിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതും നിർണായക വുമാണെന്നു പറയേണ്ടതില്ലല്ലോ. അതിനാൽ 'കുടുംബങ്ങളിൽ ഡിജിറ്റൽ ഉപവാസം' (digital fasting) ആചരിക്കാനും ക്ഷണസമയ ങ്ങളിൽ ഫോൺ ഒഴിവാക്കാനും ദിവസവും കുടുംബപ്രാർഥനക്കു സമയം കണ്ടെത്താനും എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

കൂട്ടായ്മ സഭയുടെ സ്വഭാവമാണ്. അതിനാൽത്തന്നെ സഭാംഗ ങ്ങളെല്ലാവരും കൂട്ടായ്മയിൽ വ്യാപരിക്കുകയും കൂട്ടായ്മ വളർത്തുക യും ചെയ്യുന്നവരാകണം. സഭയിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാ കുന്നത് സ്വാഭാവികമാണ്. എന്നാൽ വിഭാഗീയചിന്താഗതി സഭാചൈത ന്യത്തിനു നിരക്കുന്നതല്ല. സഭയെന്നാൽ നാമെല്ലാവരും ഉൾപ്പെടുന്ന വലിയ കൂട്ടായ്മയാണ്. അതിനാൽത്തന്നെ സഭാസംവിധാനങ്ങളോടു ചേർന്നു പ്രവർത്തിക്കാനുള്ള കടമ എല്ലാവർക്കുമുണ്ട്. വി. സിപ്രിയ ന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്: 'സഭയെ അമ്മയായി കാണാൻ കഴിയാത്തവർക്കു ദൈവത്തെ പിതാവായി കാണാനും കഴിയില്ല (Habere non potest Deum Patrem qui Ecclesiam non habet matrem, De Catholicae Ecclesiae Unitate, 6).

2026 നമ്മുടെ സഭയിൽ സമുദായശക്തീകരണവർഷമായി ആച രിക്കുകയാണല്ലോ. ഈ വർഷാചരണത്തിനുവേണ്ടി സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷൻ വിഭാവനം ചെയ്തതും സിനഡ് അംഗീകരിച്ച തുമായ കർമപരിപാടികൾ സഭയുടെ വിവിധതലങ്ങളിൽ ഫലപ്രദമാ യി നടപ്പിലാക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കുമല്ലോ. ഒരു വിശ്വാസിസമൂഹമെന്നനിലയിൽ നമ്മുടെ ന്യായമായ അവകാശ ങ്ങൾക്കുവേണ്ടി നാം വിട്ടുവീഴ്ച്ചയില്ലാതെ നിലകൊള്ളുമ്പോഴും മറ്റു ള്ളവരെ ബഹുമാനിക്കാനും പൊതുകാര്യങ്ങളിൽ സഹകരിക്കാനും സാധ്യമായ ഇടങ്ങളിലെല്ലാം കൈകോർത്തുപിടിക്കാനും സഭാംഗങ്ങൾ ശ്രദ്ധകാണിക്കണം. സമൂഹത്തിന്റെ പൊതുനന്മക്കുവേണ്ടി, നീതി പൂർവകമായ ഒരു ലോകനിർമ്മിതിക്കുവേണ്ടി എല്ലാവരുമായും സംവ ദിക്കാനും സഹകരിക്കാനും സഭയെന്നും തത്പരയാണ്. ആരെയും മാറ്റിനിറുത്താതെ, വ്യത്യാസങ്ങളെ ഭയപ്പെടാതെ, സ്നേഹത്തോടെയും സത്യത്തോടെയും മറ്റുള്ളവരുമായി സംവദിക്കുന്ന സഭയായി നമ്മൾ മുന്നോട്ടുപോകണം.

നമ്മുടെ പിതാവിന്റെ ധീരമായ മാതൃക പിന്തുടർന്ന് ഈശോയുടെ സുവിശേഷം നിർഭയം പ്രഘോഷിക്കാൻ നമുക്ക് കടമയുണ്ട്. നമ്മുടെ സഭാമക്കൾ സുവിശേഷത്തിന്റെ ശുശ്രൂഷകരായി ലോകത്തിന്റെ

വിവിധ ഭാഗങ്ങളിൽ സേവനം ചെയ്യുന്നു എന്നതോർത്തു ദൈവത്തിനു നന്ദിപറയാം. നമ്മുടെ സഭ ഈ അടുത്ത കാലങ്ങളിൽ സുവിശേഷ പ്രഘോഷണമേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്ന മുന്നേറ്റങ്ങളെ ഈ യവസരത്തിൽ അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. വൈദികരോടും സമർപ്പിതരോടുമൊപ്പം ധാരാളം അല്മായപ്രേഷിതരും സുവിശേഷ പ്രഘോഷണത്തിൽ വ്യാപൃതരാണ് എന്നത് ഏറെ സന്തോഷകരമായ കാര്യമാണ്. നമ്മുടെ സഭയിലെ അല്മായരുടെ സുവിശേഷപ്രഘോഷ ണസംരംഭങ്ങൾ ഏകോപിപ്പിക്കുന്നതിനു സഭാതലത്തിൽ 'ജീവൻ ജ്യോതി' എന്ന മുന്നേറ്റം ആരംഭിച്ച കാര്യവും ഈയവസരത്തിൽ സന്തോഷത്തോടെ അറിയിക്കുന്നു. നമുക്കു സാധിക്കുന്നവിധ ത്തിലെല്ലാം എല്ലാ പ്രേഷിതസംരംഭങ്ങളെയും സഹായിക്കുകയും അവയുടെ ഫലപ്രാപ്തിക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യാം.

ഹൊസൂർ സീറോമലബാർ രൂപതയുടെ നേതൃത്വത്തിൽ മൈലാ പൂരിൽ മാർത്തോമാശ്ലീഹായുടെ കബറിടം സ്ഥിതിചെയ്യുന്ന സാന്തോം കത്തീഡ്രലിന്റെ സമീപം നമുക്കു സ്വന്തമായി ഒരു തീർത്ഥാടനകേന്ദ്രം തയ്യാറായിക്കൊണ്ടിരിക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു. ഇതിനു നേതൃത്വം നല്കിയ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ പൊ ഴോലിപറമ്പിൽ പിതാവിനെയും രൂപതമുഴുവനെയും അഭിനന്ദിക്കുന്നു. ഈ സംരംഭത്തിന് ഇതുവരെ നിർലോഭമായ സഹായം ഹൊസൂർ രൂപതയ്ക്ക് നല്കിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ കബറിടത്തിനടുത്തു നമുക്കൊരു ആരാധനാ സ്ഥലം ഉണ്ടാവുക എന്ന വലിയ സ്വപ്നം പൂർത്തീകരി ക്കാൻ നമ്മുടെ എല്ലാ ഇടവകകളും സാധിക്കുന്ന വിധത്തിൽ സഹക രിക്കണമെന്നും ഞാൻ സ്നേഹപൂർവം ഈ അവസരത്തിൽ അഭ്യർ ഥിക്കുന്നു.

ഈശോയിൽ പ്രിയപ്പെട്ടവരേ, തോമാശ്ലീഹായിലൂടെ നമുക്കു പകർന്നു കിട്ടിയ ഈശോയിലുള്ള വിശ്വാസത്തിനു ജീവിതംകൊണ്ട് സാക്ഷ്യംനല്കാൻ ഈ കാലഘട്ടത്തിൽ നമുക്ക് സാധിക്കണം. ഇന്നത്തെ സാഹചര്യത്തിൽ എല്ലാവരും ശാരീരികമായി രക്തംചിന്തി കർത്താവിനു സാക്ഷ്യംനല്കാൻ വിളിക്കപ്പെടുന്നില്ല. എന്നാൽ സഭ യിലും സമൂഹത്തിലും കുടുംബങ്ങളിലും മറ്റെല്ലാ ജീവിതസാഹചര്യ ങ്ങളിലും സത്യത്തിന്റെയും നീതിയുടെയും വിശ്വാസത്തിന്റെയും ക്ഷ മയുടെയും എളിമപ്പെടലിന്റെയും ദൈനംദിന രക്തസാക്ഷിത്വം ഈ കാലഘട്ടം നമ്മിൽനിന്ന് ആവശ്യപ്പെടുന്നുണ്ട്. ബാബേൽ ഗോപുര

ങ്ങൾ പണിയുന്നവരാകാതെ ദൈവവും മനുഷ്യനും ഒരുമിച്ചു വസി ക്കുന്ന നഗരങ്ങൾ സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും നിർ മിക്കുന്ന കർത്താവിന്റെ ശില്പികളായി നമുക്കു മാറാം.

ദുക്റാനതിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും സ്നേഹപൂർവം നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർതോമാ ശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്ത നങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പി ന്റെ കാര്യാലയത്തിൽനിന്നു 2026-ാം ആണ്ട് ജൂൺ മാസം 20-ാം തീയതി നല്കപ്പെട്ടത്.

**റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

ഈ ഇടയലേഖനം 2026 ജൂൺ 28-ാം തീയതി ഞായറാഴ്ച സീറോമല ബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരി കളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

Ref: 4223/K-5/KCBC/OL/DS 15.06.2026

# 2026 ജൂലൈ 5 യുവജനദിനം:
## കെസിബിസി യുവജന കമ്മീഷൻ സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

സഭയുടെ ജീവനും പ്രത്യാശയുമായ നമ്മുടെ യുവജനങ്ങളെ സ്നേഹപൂർവ്വം ചേർത്തു പിടിക്കുന്നതിനായി സഭ ഒരുക്കുന്ന ദിനമാണല്ലോ യുവജനദിനം. ജൂലൈ മാസം മൂന്നാം തീയതിക്ക് ശേഷം വരുന്ന ഞായറാഴ്ചയാണ് കേരളസഭ യുവജനദിനമായി ആചരിക്കുന്നത്. അതനുസരിച്ച്, ഈ വർഷം ജൂലൈ അഞ്ചാം തീയതി നാം ഭാരത കത്തോലിക്കാ സഭയോട് ചേർന്ന് വിപുലമായ രീതിയിൽ യുവജനദിനമായി ആഘോഷിക്കുന്നു.

കത്തോലിക്കാ സഭയിലെ വിവിധ യുവജന സംഘടനകളുടെ ഏകോപനവും പരസ്പര കൂട്ടായ്മയുമാണ് ഈ നാളുകളിൽ നാം പ്രധാനമായും ലക്ഷ്യം വെയ്ക്കുന്നത്. രൂപതകളിലും ഇടവകകളിലും പ്രവർത്തിക്കുന്ന വിവിധ യുവജന പ്രസ്ഥാനങ്ങളെ ചേർത്തു പിടിച്ചുകൊണ്ട്, സഭയുടെ സുവിശേഷദൗത്യത്തിൽ അവരെ ഒരൊറ്റ മനസ്സോടെ അണിനിരത്താൻ ഈ ദിനാചരണം നമുക്ക് വഴിയൊരുക്കണം.

കൃത്യമായ പരിശീലനങ്ങളിലൂടെയും ആഴമേറിയ കൂട്ടായ്മകളിലൂടെയും യുവജന സംഘടനകൾ ശാക്തീകരിക്കപ്പെടേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. സഭയോട് ചേർന്നുനിന്നു രാഷ്ട്രത്തിനും ആഗോള സമൂഹത്തിനും ക്രിയാത്മക സംഭാവനകൾ നല്കുന്നവരായി മാറാൻ യുവജനങ്ങൾ കൂടുതൽ മികവോടെ പ്രവർത്തനനിരതരാകേണ്ടതുണ്ട്. കത്തോലിക്കാ സഭയുടെ പ്രബോധനങ്ങളോട് പൂർണ്ണമായി ചേർന്നുനിൽക്കാനും, വിപരീത പ്രത്യയശാസ്ത്രങ്ങളുടെ പ്രലോഭനങ്ങളിൽ വീഴാതെ സഭാത്മകത കാത്തുസൂക്ഷിക്കാനും യുവജനങ്ങൾ ശ്രദ്ധിക്കണം. ഇടവക തലങ്ങളിലെ സംഘടനാ പ്രവർത്തന ങ്ങളിൽ കൂടുതൽ ആവേശത്തോടെയും ഉണർവോടെയും പങ്കുചേരാൻ യുവജനങ്ങൾ തയ്യാറാകണം.

വിവിധ ആനുകാലിക വിഷയങ്ങളെകുറിച്ച് ആഴത്തിൽ മനസിലാക്കുന്നതിൽ യുവജനത പുറകോട്ട് പോകരുത്. ക്രിസ്തുവിന്റെ മനോഭാവത്തോടെ സമാധാനവും കൂട്ടായ്മയും നീതിയും ധാർമികതയും ജാഗ്രതയും അടിസ്ഥാനപ്പെടുത്തിയുള്ള യുവജനതയുടെ

വ്യക്തമായ നിലപാടുകളും പ്രതികരണങ്ങളും ലോകമനസ്സാക്ഷിയുടെ സ്വരമാണ്. സുവിശേഷത്തിലെ നല്ല സമറിയാക്കാരനെപ്പോലെ കരുതലിന്റെയും സ്നേഹത്തിന്റെയും പ്രവർത്തികളാൽ നിസംഗതയുടെയും അന്യവത്കരണത്തിന്റെയും വളർന്നുവരുന്ന സമീപനങ്ങളെ അതിജീവിക്കാൻ യുവത്വത്തിന് കഴിയും.

ഈ വർഷം ആഗോള കത്തോലിക്കാ സഭ വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ ആത്മീയ ചൈതന്യത്തെ മുൻനിർത്തി 'ഫ്രാൻസിസ്കൻ വർഷം' ആയി ആചരിക്കുകയാണല്ലോ. ഈ ആചരണത്തിന്റെ ഭാഗമായി, നമ്മുടെ യുവജനങ്ങൾ പ്രകൃതിയോട് കൂടുതൽ ചേർന്നു നിൽക്കാനും ഈ ഭൂമിയുടെ കാവൽക്കാരായി മാറാനും പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പ ആഹ്വാനം ചെയ്യുന്നു. പ്രകൃതിയെ ചൂഷണം ചെയ്യുന്ന സ്വാർത്ഥത വെടിഞ്ഞ്, സൃഷ്ടപ്രപഞ്ചത്തിന്റെയും ഭാവിതലമുറയുടെയും സംരക്ഷകരാകാൻ യുവതലമുറ മുന്നോട്ടുവരണം. സമൂഹത്തിൽ സമാധാനത്തിന്റെ ദൂതരായും നീതിയുടെ പ്രവാചകരായും മാറാൻ ഫ്രാൻസിസ്കൻ വർഷം നമ്മുടെ യുവജനങ്ങളെ ഓർമ്മിപ്പിക്കുന്നു. അശാന്തിയും വിദ്വേഷവും പടരുന്ന ആധുനിക ലോകത്തിൽ, ക്രിസ്തുവിന്റെ സമാധാനം വിതറുന്നവരും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ നീതിക്കായി ശബ്ദമുയർത്തുന്ന പ്രവാചക ശബ്ദങ്ങളുമായി മാറാൻ നമ്മുടെ യുവതലമുറയ്ക്ക് സാധിക്കണം.

ആധുനിക ലോകത്തെ വിസ്മയിപ്പിക്കുന്ന 'നിർമ്മിത ബുദ്ധി' എ.ഐ സാങ്കേതികവിദ്യയെക്കുറിച്ച് പരിശുദ്ധ ലെയോ മാർപാപ്പ തന്റെ ഏറ്റവും പുതിയ ചാക്രികലേഖനത്തിൽ നൽകിയിട്ടുള്ള പ്രബോധനങ്ങൾ നാം ഗൗരവമായി കാണണം. സാങ്കേതികവിദ്യയുടെ പുരോഗതിയെ സ്വാഗതം ചെയ്യുമ്പോൾ തന്നെ, അവ മനുഷ്യന്റെ ധാർമ്മിക മൂല്യങ്ങളെയും ആത്മാവിനെയും ഹനിക്കുന്ന രീതിയിലേക്ക് തരം താഴരുത് എന്ന് പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു. സാങ്കേതികവിദ്യയുടെ അടിമകളാകാതെ, കൃത്രിമബുദ്ധിയെ മനുഷ്യത്വത്തിന്റെ നന്മയ്ക്കായും സുവിശേഷ പ്രഘോഷണത്തിനായും വിവേകപൂർവ്വം ഉപയോഗപ്പെടുത്താൻ നമ്മുടെ യുവജനങ്ങൾക്ക് ആത്മീയ ജ്ഞാനമുണ്ടാകണം.

രാഷ്ട്രനിർമ്മിതിക്കായി സഭ നല്കുന്ന സംഭാവനകളെ കൂടുതലായി മനസിലാക്കി, നീതിക്കും സമത്വത്തിനും വേണ്ടിയും പാർശ്വവത്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിന് വേണ്ടിയും കൂടുതൽ പ്രവർത്തനനിരതരാകാൻ യുവജനസംഘടനകൾ മുന്നോട്ട് വരണം. അതോടൊപ്പം തന്നെ, നമ്മുടെ രാജ്യത്ത് സഭയ്ക്കും സഭാമക്കൾക്കും ഭരണ

ഘടന ഉറപ്പുനൽകുന്ന ന്യൂനപക്ഷ അവകാശങ്ങളും ആനുകൂല്യങ്ങളും കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സഭാനേതൃത്വത്തോടൊപ്പം യുവജനങ്ങളും ജാഗ്രത പുലർത്തണം. ശൂന്യമാകുന്ന നമ്മുടെ ഭവനങ്ങൾ, രാഷ്ട്രീയ സാമൂഹിക മേഖലകളിലെ പ്രാതിനിധ്യ കുറവ്, നിഷേധിക്കപ്പെടുന്ന ഭരണഘടനാപരമായ അവകാശങ്ങൾ, വർദ്ധിച്ചുവരുന്ന മതപരമായ അസഹിഷ്ണുതയും ക്രൈസ്തവർ നേരിടുന്ന വിവേചനങ്ങളും ആക്രമണങ്ങളും തുടങ്ങി ഭാരതസഭ അഭീമുഖീകരിക്കുന്ന വെല്ലുവിളികളിൽ നിഷ്ക്രിയരായിരിക്കാതെ ക്രിയാത്മക ഇടപെടൽ നടത്താൻ യുവജനസംഘടനകൾ മുന്നിട്ടിറങ്ങണം.

കേരളത്തിലെ ക്രൈസ്തവരുടെ സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥ പഠിച്ച ബഹുമാനപ്പെട്ട ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കി കിട്ടുന്നതിനായി നാം തുടർച്ചയായ ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. ഈ റിപ്പോർട്ടുമായി ബന്ധപ്പെട്ട അവകാശങ്ങൾ നേടിയെടുക്കാനും, ന്യൂനപക്ഷ സ്കോളർഷിപ്പുകളും മറ്റ് ആനുകൂല്യങ്ങളും അർഹരായ യുവജനങ്ങളിലേക്ക് എത്തിക്കാനും നമ്മുടെ യുവജന സംഘടനകൾ ആത്മാർത്ഥമായി പ്രയത്നിക്കണം.

ക്രൈസ്തവ ജീവിത ദർശനം എപ്പോഴും ഉദാത്തമായ ഭാവങ്ങളെയാണ് ഉൾക്കൊള്ളുന്നത്. കഴിഞ്ഞ വർഷങ്ങളിൽ ലഹരിക്കെതിരെയുള്ള ശക്തമായ പോരാട്ടങ്ങളിൽ ഏർപ്പെട്ടവരാണ് നമ്മുടെ യുവജനങ്ങൾ. അത്തരം പോരാട്ടങ്ങൾ ശക്തമായി തുടരുന്നതിനോടൊപ്പം തന്നെ, കലാ-കായിക മണ്ഡലങ്ങളിൽ യുവജനങ്ങളെ ചേർത്തുനിർത്തുന്നതിനുള്ള പദ്ധതികൾക്ക് യുവജന സംഘടനകൾ നേതൃത്വം നൽകണം. നാശത്തിലേക്ക് നയിക്കുന്ന ലൗകിക ലഹരികൾക്ക് പകരമായി, ക്രിസ്തുവിലും അവിടുത്തെ സുവിശേഷത്തിലും അധിഷ്ഠിതമായ ഒരൊറ്റ 'ആത്മീയ ലഹരി' എല്ലാവരിലും വേരുറയ്ക്കണമെന്നാണ് തിരുസഭ ആഗ്രഹിക്കുന്നത്. ക്രിസ്തുവിനെ അനുഗമിക്കുന്നതിന്റെ ആനന്ദമാണ് യുവത്വത്തിന്റെ യഥാർത്ഥ ലഹരി. സ്നേഹത്തിൽ അധിഷ്ഠിതമായി നന്മ ചെയ്യുന്നതിനുള്ള ആവേശം നമ്മെ കീഴടക്കണം.

ഈ വർഷത്തെ കെ.സി.ബി.സി. സംസ്ഥാനതല യുവജനദിനാഘോഷങ്ങളും ആചരണങ്ങളും ഇടുക്കി രൂപതയുടെ ആതിഥേയത്വത്തിൽ മുരിക്കാശ്ശേരി പാവനാത്മ കോളേജിൽവച്ചാണ് നടത്തപ്പെടുന്നത്. ജൂലൈ 5-ാം തീയതി നടക്കുന്ന ഈ സംസ്ഥാനതല സംഗമത്തിന്റെ വിജയത്തിനായി നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യാം.

യുവജനദിനമായ ജൂലൈ 5-ാം തീയതി കേരളത്തിലെ എല്ലാ രൂപതകളിലും ഇടവകകളിലും പ്രത്യേകമായി യുവജനങ്ങളെ അനുസ്മരിക്കേണ്ടതാണ്. അവർക്കായി പ്രത്യേക പ്രാർത്ഥനകൾ ക്രമീകരിക്കാനും, യുവജനങ്ങൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ തക്കവണ്ണമുള്ള അവസരങ്ങൾ നൽകി ഇടവക-രൂപതാ തലങ്ങളിൽ ഈ ദിനം മനോഹരമായി ആഘോഷിക്കാനും ശ്രദ്ധിക്കുമല്ലോ.

യുവജനദിനത്തോടനുബന്ധിച്ച് നമ്മുടെ ദേവാലയങ്ങളിൽ എടുക്കുന്ന പ്രത്യേക സ്തോത്രക്കാഴ്ച കേരളസഭയിൽ യുവജനങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന കെ.സി.ബി.സി. യൂത്ത് കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി നൽകേണ്ടതാണ്. നമ്മുടെ യുവതലമുറയുടെ ആത്മീയവും സാമൂഹികവുമായ വളർച്ചയ്ക്കായുള്ള പദ്ധതികൾക്ക് കരുത്തുപകരാൻ ഈ സ്തോത്രക്കാഴ്ച പതിവുപോലെ കെസിബിസിയുടെ കേന്ദ്ര കാര്യാലയമായ പി.ഒ.സി.യിലേക്ക് അയച്ചു തരണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

നമ്മുടെ യുവതലമുറ ലോകത്തിന്റെ വെളിച്ചവും ഭൂമിയുടെ ഉപ്പുമായി മാറട്ടെ. ആധുനിക കാലഘട്ടത്തിലെ സൈബർ പ്രലോഭനങ്ങളുടെ മധ്യത്തിലും വിശുദ്ധിയോടെ ജീവിച്ച വിശുദ്ധ കാർലോ അക്യുട്ടിസിന്റെയും പരിശുദ്ധ അമ്മയുടെയും മധ്യസ്ഥം നമ്മുടെ യുവജനങ്ങൾക്ക് എന്നും കാവലായിരിക്കട്ടെ.

**ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ബിഷപ് ഡോ. ഡെന്നീസ് കുറുപ്പശ്ശേരി**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ബിഷപ് യൂഹാനോൻ മാർ അലക്സിയോസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, പി.ഒ.സി., കൊച്ചി - 682 025

---

NB: 2026 ജൂലൈ 5-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോമലബാർ, ലാറ്റിൻ, സീറോമലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരിക്കാര്യം
## ജൂലൈ 2026

**1. പുതിയ നിയമനങ്ങൾ**

1. റവ. ഫാ. ജോസഫ് നരിമറ്റത്തിൽ CST – വികാരി, നെല്ലിക്കുന്ന്
2. റവ. ഫാ. സെബാസ്റ്റ്യൻ കണിപറമ്പിൽ – പ്രോ. വികാരി, അറബി
3. റവ. ഫാ. അഗസ്റ്റിൻ ഈറ്റയ്ക്കൽ – പ്രോ. വികാരി, പാലത്തുംകടവ്
4. റവ. ഫാ. ജോർജ് തെക്കേപൂക്കൊമ്പിൽ – അസി. വികാരി, കരിക്കോട്ടക്കരി
5. റവ. ഫാ. ഹൊർമീസ് മേനാച്ചേരി – അസി. വികാരി, തിരുമേനി

**2. ജൂലൈ 3 ദുക്റാനത്തിരുനാൾ**

ഭാരതത്തിന്റെ അപ്പസ്തോലനും നമ്മുടെ പിതാവുമായ മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വദിനം സീറോ മലബാർ സഭയിൽ സഭാദിനമായാണ് ആചരിക്കുന്നത്. നമ്മുടെ അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദുക്റാന തിരുനാൾ ഉചിതമായി ആചരിക്കണമെന്ന് ഓർമപ്പെടുത്തുന്നു.

സീറോ മലബാർ സഭയുടെ വി. കുർബാന അർപ്പണത്തിന്റെ ഏറ്റവും ആഘോഷപൂർവകമായ റാസകുർബാന സാധിക്കുന്ന ഇടവകകളിലെല്ലാം ദുക്റാനത്തിരുനാളിൽ അർപ്പിക്കുവാൻ പരിശ്രമിക്കുമല്ലോ. മാർ തോമാശ്ലീഹായുടെ തിരുസ്വരൂപം എഴുന്നള്ളിച്ചുവച്ച് നൊവേനയും ലദീഞ്ഞും നടത്തുന്നതും ശ്രാദ്ധമായി ആചരിച്ച് പാച്ചോർ നേർച്ച ആളുകൾക്ക് നല്കുന്നതും ഉചിതമായിരക്കും.

**3. മേജർ സുപ്പീരിയേഴ്സിന്റെ യോഗം**

തലശ്ശേരി അതിരൂപതയിൽ ശുശ്രൂഷ നിർവഹിക്കുന്ന സന്യാസസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സിന്റെ യോഗം 2026 ജൂലൈ 14 ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1:30 വരെ തലശ്ശേരി സന്ദേശഭവനിൽവച്ച് ചേരുന്നതാണ്. ഈ യോഗത്തിൽ തലശ്ശേരി അതിരൂപതയിൽ ഉള്ള സന്യാസസമൂഹങ്ങളുടെ സുപ്പീരിയർ ജനറൽമാർ, പ്രൊവിൻഷ്യൽ സുപ്പീരിയർമാർ, റീജിയൻ

സുപ്പീരിയർമാർ എന്നിവരും അവരുടെ ഒരു കൗൺസിലറുമാണ് പങ്കെടുക്കേണ്ടത്. ഈ അതിരൂപതയിൽ പ്രൊവിൻസോ, റീജനോ ഇല്ലാത്ത സന്യാസസമൂഹങ്ങളിൽനിന്നും രണ്ടു പ്രതിനിധികൾ ഈ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

**4. അഭിനന്ദനങ്ങൾ**

**റവ. ഫാ. ലൂയിസ് മരിയദാസ് മേനാച്ചേരി** - കണ്ണൂർ യൂണിവേഴ്സിറ്റിയുടെ മഞ്ചേശ്വരം സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് ക്യാമ്പസിൽ നിന്ന് ഒന്നാം ക്ലാസ്സോടെ അഭിഭാഷക പഠനം പൂർത്തിയാക്കിയ ബഹു. ലൂയിസ് അച്ചന് അഭിനന്ദനങ്ങളും ആശംസകളും.

**5. P.P.F അംഗങ്ങൾക്ക് ശ്രദ്ധയ്ക്ക്**

തലശ്ശേരി അതിരൂപത വൈദിക കൂട്ടായ്മയിൽ നിന്ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. ജോസ് ജേക്കബ് നെടുംതകിടി അച്ചന്റെ ആത്മശാന്തിക്കായി ഒരു വിശുദ്ധ കുർബാന അർപ്പിക്കേണ്ടതാണ്.

**6. റിഫ്രഷർ കോഴ്സ്**

ബഹു. വൈദികരുടെ തുടർ പരിശീലനത്തിന്റെ ഭാഗമായുള്ള റിഫ്രഷർ കോഴ്സ് 2026 ജൂലൈ 08-10, ജൂലൈ 15-17 തീയതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തുകയാണ്. ജൂലൈ 08 ബുധനാഴ്ച രാവിലെ 10.30 ന് ആരംഭിച്ച് 10-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 01 മണിക്ക് കോഴ്സ് സമാപിക്കും. രണ്ടാമത്തെ ബാച്ചിന്റെ റിഫ്രഷർ കോഴ്സും ഇതേ സമയക്രമത്തിലാണ് നടത്തുന്നത്. കോഴ്സിൽ ആദ്യവസാനം പങ്കെടുക്കുവാൻ സാധിക്കുന്ന വിധത്തിൽ ഇടവകയിലെ ശുശ്രൂഷകൾ ക്രമീകരിക്കുമല്ലോ. ഓരോ ബാച്ചിലും പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

## Refresher Course (Batch I July 08-10)

### Rev. Fathers

1. Achandiyil George
2. Alukkal Thomas SDV
3. Amakkattu Thomas
4. Ambattu Sebastian
5. Anacharil Joseph
6. Anakkallil Antony
7. Attel Emmanuel
8. Attukkaran Joseph RCJ
9. Chackamkunnel Augustine
10. Chakkananickal Scaria
11. Chakkanikunnel Thomas
12. Chakkittamuriyil Thomas
13. Chalil George
14. Chathanattu Joseph
15. Chelamaram George
16. Chellamkottu James
17. Cherukarakkunnel Joseph
18. Cherunilam Augustine
19. Cheruvil Thomas
20. Chintharmaniyil Thomas
21. Chittilappally Thomas
22. Edathinakath Paul
23. Edayadiyil Sebastian

24. Edukkunnel Elias
25. Elamthuruthipadavil Mathew
26. Elavumkunnel George (Jnr)
27. Elavumkunnel George (Snr)
28. Elukunnel George
29. Enacheril Joseph
30. Eruppakkatt Philip
31. Ikkaraparambil Joseph
32. Kadakkuzhayil Jude
33. Kadaparambil Joseph MSFS
34. Kaithamattathil Joseph CM
35. Kaitharathil Mathew ISCH
36. Kakkaramattathil Joseph
37. Kalapurackal Thomas Ofm Cap.
38. Kalarickal Kuriakose
39. Kalathil Thomas
40. Kallumkal Mathew
41. Kanakkattu Joseph
42. Kandathil Paul
43. Karingadayil Jose Thomas OFM cap.
44. Kashamkattil Jacob
45. Kizhakethalackal Martin
46. Kochukarottu Thomas
47. Kochuparambil Mathew CM
48. Kochupurackal Abraham
49. Kolakunnel Kuriakose
50. Koluthappallil Joseph
51. Konnayil Thomas
52. Koonankiyil Emmanuel
53. Koyipuram Joseph (Edwin)
54. Koyipuram Joseph(Jiby)
55. Kudiparambil Chacko
56. Kulathara Joseph
57. Kunnel Mathew
58. Kurisummoottil Joseph
59. Kuriyalanickal Xavier
60. Kurumpurath Mathew HGN
61. Kuttikkattukunnel Jacob
62. Madappanthottukunnel Joseph
63. Madathimyalil Abraham
64. Malakkaran Varghes OFM con
65. Marrasseril Thomas
66. Mattakkottil Antony
67. Mattappallil Lukose
68. Mattathil Joseph
69. Mattathil Issaac
70. Menachery Louis Mariadas
71. Menappattupadickal Thomas
72. Mundaplackal Joseph
73. Mundolickal John
74. Muthukunnel Antony
75. Muttathukunnel Joseph
76. Muttathupara Sebastian
77. Mylammoottil Jose OSB
78. Naduvilekkutt Thomas
79. Narikuzhiyil Clement
80. Narikuzhy Mathew
81. Narimattathil Joseph CST
82. Nellithanath Dennis
83. Onamkulam John
84. Palackal Joseph
85. Paliyathil Mathew OFM
86. Panamkuzhiyil Thomas
87. Pandiamakel Augustine
88. Pandiapallil Thomas CST
89. Panthaladickal Joseph
90. Panthalanickal Thomas
91. Panthallooparambil Kuriakose
92. Parakkalayil Joseph
93. Parappalliyath Martin
94. Paravarakath Mathew
95. Pariyanickal Mathew
96. Pattamkulam Thomas
97. Pazheparambil George
98. Pazhooparambil Martin
99. Perumalil Philip
100. Pookkulathel Joseph
101. Poovathanikunnel Scaria
102. Poovatholil Joseph
103. Pottakulathil Devasia

104. Pottemplackal Mathew
105. Poweth Joseph
106. Puliyanappallil Kuriakose
107. Puliyurumbil Johnson
108. Punchatharappel George
109. Punnakkuzhy Kurian MCBS
110. Purathemuthukattil Bosco
111. Puthennadayil James
112. Puthenpurackal Xavier (Jnr)
113. Puthukulangara Kuriakose
114. Puthumana Joseph
115. Puthuppallil Sebastian
116. Puthussery Abraham
117. Puthussery Joseph
118. Rathappillil Francis
119. Rathappillil Joseph
120. Sasthampadavil Mathew
121. Thadathil Thomas
122. Thakidiyel Joseph
123. Thayyil Thomas
124. Thazhappallil Sebastian
125. Thekkemuriyil Antony
126. Thekkevayalil George
127. Thelakkatt Xavier
128. Thellikunnel Joseph CRM
129. Thenammackal Joseph
130. Thengadayil Jose CMI
131. Thengumpallil George
132. Thengumpallil Thomas
133. Thykunnumpuram George
134. Vadakkel Mathew
135. Valimalayil James CST
136. Valiyaparambil John
137. Valliyil Thomas
138. Vettuvayalil Mathew

## Refresher Course (Batch II July 15-17)

### Rev. Fathers

1. Anakkallil Joseph
2. Anakuthiyil Mathew
3. Anikuzhikattil Mathew
4. Anithanam Joseph
5. Anthyamkulam Johnson
6. Arackal Kuriakose
7. Arackal Augustine
8. Areechira Sebastian OCD
9. Asarikunnel George
10. Asariparambil Mathew
11. Attangattil Thomas
12. Attarackal James
13. Ayilukunnel Joseph
14. Chellamkottu Mathew
15. Chellamkottu Joseph
16. Chempakasseril Cherian
17. Chempananickal John
18. Chemplayil Mathew
19. Chennappally George
20. Chennoth Sebastian
21. Cheriampurath Varghese
22. Cheripuram Sebastian
23. Cheriyamkunnel Joseph
24. Chollampuzha Joseph
25. Edathinal Joby CST
26. Ettackal Augustine
27. Ittiyappara Francis MCBS
28. Kakkattil Jose
29. Kalappura George
30. Kalappurackal Chacko
31. Kalapurackal Joseph
32. Kalapurackal Varghese
33. Kalarickal Joseph
34. Kalarimuriyil George
35. Kaniparambil Sebastian
36. Kanjirakkatt George
37. Kanjirathinkal Joseph
38. Kanjirathumkunnel Thomas HGN
39. Kannampuzha Joseph SDV
40. Karakkattu Philip

41. Karikkathadathil George
42. Karingalilkkattil Joseph
43. Karottu George
44. Karukamalil Joseph
45. Kavanadiyil Joseph
46. Kaviyil Philip
47. Kayamkattil George
48. Keezharathil Thomas
49. Kidarathil Antony
50. Kidarathil Thomas
51. Koovapparayil John
52. Kottarathil Joseph
53. Kottukapally Mathew
54. Kottukapally Thomas
55. Kovattu George
56. Kuttikombil John CMI
57. Madassery Lukose
58. Mampuzhackal Martin SJ
59. Manalel Mathew RCJ
60. Manavath Thomas
61. Manchapillil Joseph
62. Manickathazhe Jose
63. Manjakkunnel Michael(Rijo)
64. Manjalamkunnel Antony
65. Manjalamkunnel Joseph
66. Mankuzhiyil Thadevus Ofm Cap.
67. Mannur John (Giftin)
68. Mappilaparambil George
69. Mathalikunnel Devasia CST
70. Melvettath Thomas
71. Melvettom Mani
72. Menacheril Urumise HGN
73. Menacherry Urumise HGN
74. Meprath Justin HGN
75. Mookkilikkattu Sebastian
76. Moonnanal Mathew
77. Moonnanapally James
78. Mukkuzhy Mathew(Akhil)
79. Mulayolil Mathew
80. Mullankuzhy John
81. Mundackal Jose
82. Mundackal Paul
83. Mundankunnel George
84. Nedungattu Jacob
85. Nellanikattu Thomas VC
86. Nirappel Alex
87. Nirappel Scaria
88. Nooramackal John
89. Olickal Mathew
90. Orathel Joseph
91. Orathel Kuriakose
92. Padinjaremuriyil Pious
93. Padinjareyil Jacob (Johnson)
94. Paimpillil Thomas
95. Palakeel Joseph
96. Palakuzhy Sebastian
97. Palamattam Mathew
98. Pallickal Thomas
99. Pallikunnel Antony
100. Pallineerackal Jacob
101. Pampackal Thomas
102. Plavunilkumparambil Kuriakose
103. Podimattam Sebastian
104. Ponnambel John
105. Pookamala Thomas
106. Pookkulathel Mathew
107. Poovannikunnel Jose
108. Poovanpuzha Thomas
109. Poovasseril Mathew Ofm
110. Poovathanickal John Paul
111. Punnure Antony
112. Puthenpurackal Xavier (Sr)
113. Thekkemury Mathew
114. Thekkepoomkombil George OSB
115. Thottiyil Jomy Joseph PSDP
116. Thundiyil Jacob
117. Thurackal Martin
118. Thuruthel Joseph
119. Thykunnumpuram Joseph
120. Thypparambil Sebastian
121. Vadakemulanjanal Thomas
122. Vadakemuriyil Thomas
123. Vadakkan Augustine
124. Vadasseril Scaria

125. Valavanal Mathew
126. Valiaparambil Mathew
127. Vallimala George
128. Valloppilly Paul
129. Varambakath Lazar
130. Varambakath Scaria
131. Vattamkattel Thomas
132. Vayalunkal Joseph
133. Vazhakatt John
134. Vellaringattu George
135. Vemmenikkattayil Sebastian
136. Vengakunnel Mathew
137. Vennayappillil Jacob
138. Vettickal Jose
139. Vettiyanickal Varghese

### 7. ബഹു. വൈദികരുടെ വാർഷിക ധ്യാനം

തലശ്ശേരി അതിരൂപതയിലെ വൈദികരുടെ ഈ വർഷത്തെ വാർഷികധ്യാനം രണ്ട് ബാച്ചുകളിലായാണ് നടത്തുന്നത്. 2026 ആഗസ്റ്റ് 9 ഞായറാഴ്ച മുതൽ 14 വെള്ളിയാഴ്ച വരെ ആദ്യ ബാച്ചിന്റെയും 2026 സെപ്റ്റംബർ 20 ഞായറാഴ്ച മുതൽ 25 വെള്ളിയാഴ്ച വരെ രണ്ടാമത്തെ ബാച്ചിന്റെയും ധ്യാനം നടക്കും. രണ്ട് ബാച്ചുകളുടെയും ധ്യാനം പരിയാരം മദർ ഹോം ധ്യാനകേന്ദ്രത്തിൽ വച്ചാണ് നടത്തുന്നത്. പാലക്കാട് രൂപതാംഗമായ ബഹു. മാത്യു ഇല്ലത്തുപറമ്പിലച്ചനാണ് ഈ വർഷത്തെ ധ്യാനം നയിക്കുന്നത്. ഓരോ ബാച്ചിലും ധ്യാനത്തിൽ പങ്കെടുക്കേണ്ട ബഹു. വൈദികരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

## Annual Retreat Batch I (Aug. 9-14)

### Rev. Fathers

1. Anakkallil Joseph
2. Anakuthiyil Mathew
3. Anikuzhikattil Mathew
4. Anithanam Joseph
5. Anthyamkulam Johnson
6. Arackal Kuriakose
7. Arackal Augustine
8. Areechira Sebastian OCD
9. Ayilukunnel Joseph
10. Chempakasseril Cherian
11. Chempananickal John
12. Chemplayil Mathew
13. Chennappally George
14. Chennoth Sebastian
15. Cheriampurath Varghese
16. Cheripuram Sebastian
17. Cheriyamkunnel Joseph
18. Chollampuzha Joseph
19. Edathinal Joby CST
20. Elavumkunnel George (Snr)
21. Ettackal Augustine
22. Ittiyappara Francis MCBS
23. Kakkattil Jose
24. Kalappurackal Chacko
25. Kalapurackal Joseph
26. Kalapurackal Thomas Ofm Cap.
27. Kalapurackal Varghese
28. Kalarickal Joseph
29. Kalarickal Kuriakose
30. Kalarimuriyil George
31. Kalathil Thomas
32. Kandathil Paul
33. Kaniparambil Sebastian
34. Kanjirakkatt George
35. Kanjirathinkal Joseph
36. Kanjirathumkunnel Thomas HGN
37. Kannampuzha Joseph SDV
38. Karottu George

39. Kavanadiyil Joseph
40. Kaviyil Philip
41. Kayamkattil George
42. Keezharathil Thomas
43. Kidarathil Antony
44. Kidarathil Thomas
45. Kizhakethalackal Martin
46. Kochuparambil Mathew CM
47. Konnayil Thomas
48. Koonankiyil Emmanuel
49. Koovapparayil John
50. Kottarathil Joseph
51. Kottukapally Mathew
52. Kottukapally Thomas
53. Kovattu George
54. Koyipuram Joseph (Edwin)
55. Koyipuram Joseph(Jiby)
56. Kudiparambil Chacko
57. Kulathara Joseph
58. Kunnel Mathew
59. Kurisummoottil Joseph
60. Kurumpurath Mathew HGN
61. Madassery Lukose
62. Madathimyalil Abraham
63. Mampuzhackal Martin SJ
64. Manavath Thomas
65. Manchapillil Joseph
66. Manickathazhe Jose
67. Manjakkunnel Michael
68. Manjalamkunnel Antony
69. Manjalamkunnel Joseph
70. Mankuzhiyil Thadevus Ofm Cap.
71. Mannur John (Giftin)
72. Mappilaparambil George
73. Mathalikunnel Devasia CST
74. Melvettath Thomas
75. Melvettom Mani
76. Menacherry Urumise HGN
77. Menappattupadickal Thomas
78. Meprath Justin HGN
79. Mookkilikkattu Sebastian
80. Moonnanal Mathew
81. Moonnanapally James
82. Mukkuzhy Mathew(Akhil)
83. Mulayolil Mathew
84. Mullankuzhy John
85. Mundackal Jose
86. Mundackal Paul
87. Mundankunnel George
88. Mundaplackal Joseph
89. Mundolickal John
90. Muthukunnel Antony
91. Muttathukunnel Joseph
92. Muttathupara Sebastian
93. Nedungattu Jacob
94. Nellanikattu Thomas VC
95. Nirappel Alex
96. Nooramackal John
97. Olickal Mathew
98. Orathel Joseph
99. Orathel Kuriakose
100. Paimpillil Thomas
101. Palamattam Mathew
102. Panthalanickal Thomas
103. Ponnambel John
104. Pookamala Thomas
105. Pookkulathel Joseph
106. Poovannikunnel Jose
107. Poovanpuzha Thomas
108. Poovasseril Mathew Ofm
109. Poovathanickal John Paul
110. Poovathanikunnel Scaria
111. Punchatharappel George
112. Punnure Antony
113. Puthenpurackal Xavier (Snr)
114. Thekkemury Mathew
115. Thekkevayalil George
116. Thelakkatt Xavier
117. Thenammackal Joseph
118. Thengadayil Jose CMI
119. Thengumpallil George
120. Thengumpallil Thomas
121. Thottiyil Jomy Joseph PSDP

122. Thurackal Martin
123. Thykunnumpuram George
124. Thykunnumpuram Joseph
125. Thypparambil Sebastian
126. Vadakemulanjanal Thomas
127. Vadakemuriyil Thomas
128. Vadakkan Augustine
129. Vadakkel Mathew
130. Vadasseril Scaria
131. Valavanal Mathew
132. Valiaparambil Mathew
133. Valimalayil James CST
134. Vallimala George
135. Valloppilly Paul
136. Varambakath Lazar
137. Vattamkattel Thomas
138. Vengakunnel Mathew

## Annual Retreat Batch II (Sept. 20-25)

### Rev. Fathers

1. Achandiyil George
2. Alukkal Thomas SDV
3. Amakkattu Thomas
4. Ambattu Sebastian
5. Anacharil Joseph
6. Anakkallil Antony
7. Asarikunnel George
8. Asariparambil Mathew
9. Attangattil Thomas
10. Attarackal James
11. Attel Emmanuel
12. Attukkaran Joseph RCJ
13. Chackamkunnel Augustin
14. Chakkananickal Scaria
15. Chakkanikunnel Thomas
16. Chakkittamuriyil Thomas
17. Chalil George
18. Chathanattu Joseph
19. Chelamaram George
20. Chellamkottu Mathew
21. Chellamkottu James
22. Chellamkottu Joseph
23. Cherukarakkunnel Joseph
24. Cherunilam Augustine
25. Cheruvil Thomas
26. Chintharmaniyil Thomas
27. Chittilappally Thomas
28. Edathinakath Paul
29. Edayadiyil Sebastian
30. Edukkunnel Elias
31. Elamthuruthipadavil Mathew
32. Elavumkunnel George (Jnr)
33. Elukunnel George
34. Enacheril Joseph
35. Eruppakkatt Philip
36. Ikkaraparambil Joseph
37. Kadakkuzhayil Jude
38. Kadaparambil Joseph MSFS
39. Kaithamattathil Joseph CM
40. Kaitharathil Mathew ISCH
41. Kalappura George
42. Kakkaramattathil Joseph
43. Kallumkal Mathew
44. Kanakkattu Joseph
45. Karakkattu Philip
46. Karikkathadathil George
47. Karingadayil Thomas OFMcap.
48. Karingalilkkattil Joseph
49. Karukamalil Joseph
50. Kashamkattil Jacob
51. Kochukarottu Thomas
52. Kochupurackal Abraham
53. Kolakunnel Kuriakose
54. Koluthappallil Joseph
55. Kuriyalanickal Xavier
56. Kuttikkattukunnel Jacob
57. Kuttikombil John CMI
58. Madappanthottukunnel Joseph

59. Malakkaran Varghes OFM con
60. Manalel Mathew RCJ
61. Marrasseril Thomas
62. Mattakkottil Antony
63. Mattappallil Lukose
64. Mattathil Joseph
65. Mattathil Issaac
66. Menachery Louis Mariadas
67. Mylammoottil Jose OSB
68. Naduvilekkutt Thomas
69. Narikuzhiyil Clement
70. Narikuzhy Mathew
71. Narimattathil Joseph CST
72. Nellithanath Dennis
73. Nirappel Scaria
74. Onamkulam John
75. Padinjaremuriyil Pious
76. Padinjareyil Jacob (Johnson)
77. Palackal Joseph
78. Palakeel Joseph
79. Palakuzhy Sebastian
80. Paliyathil Mathew OFM
81. Pallickal Thomas
82. Pallikunnel Antony
83. Pallineerackal Jacob
84. Pampackal Thomas
85. Panamkuzhiyil Thomas
86. Pandiamakel Augustine
87. Pandiapallil Thomas CST
88. Panthaladickal Joseph
89. Panthallooparambil Kuriakose
90. Parakkalayil Joseph
91. Parappalliyath Martin
92. Paravarakath Mathew
93. Pariyanickal Mathew
94. Pattamkulam Thomas
95. Pazheparambil George
96. Pazhooparambil Martin
97. Perumalil Philip
98. Plavunilkumparambil Kuriakose
99. Podimattam Sebastian
100. Pookkulathel Mathew
101. Poovatholil Joseph
102. Pottakulathil Devasia
103. Pottemplackal Mathew
104. Poweth Joseph
105. Puliyanappallil Kuriakose
106. Puliyurumbil Johnson
107. Punnakkuzhy Kurian MCBS
108. Purathemuthukattil Bosco
109. Puthennadayil James
110. Puthenpurackal Xavier (Jnr)
111. Puthukulangara Kuriakose
112. Puthumana Joseph
113. Puthuppallil Sebastian
114. Puthussery Abraham
115. Puthussery Joseph
116. Rathappillil Francis
117. Rathappillil Joseph
118. Sasthampadavil Mathew
119. Thadathil Thomas
120. Thakidiyel Joseph
121. Thayyil Thomas
122. Thazhappallil Sebastian
123. Thekkemuriyil Antony
124. Thekkepoomkombil George OSB
125. Thellikunnel Joseph CRM
126. Thundiyil Jacob
127. Thuruthel Joseph
128. Valiyaparambil John
129. Valliyil Thomas
130. Varambakath Scaria
131. Vayalunkal Joseph
132. Vazhakatt John
133. Vellaringattu George
134. Vemmenikkattayil Sebastian
135. Vennayappillil Jacob
136. Vettickal Jose
137. Vettiyanickal Varghese
138. Vettuvayalil Mathew

**തിരുത്ത്**

2026 ജൂൺ മാസത്തിലെ ഗിരിദീപത്തിൽ വെള്ളരിക്കുണ്ടിൽ പ്രവർത്തനം ആരംഭിച്ച മൈനർ സെമിനാരിയെക്കുറിച്ചുള്ള റിപ്പോർട്ടിൽ മുൻ റെക്ടറായിരുന്ന ബഹു. ജോർജ് കൊല്ലക്കൊമ്പിൽ അച്ചന്റെ വീട്ടു പേര് കൊച്ചുപറമ്പിൽ എന്ന് തെറ്റായി അച്ചടിച്ചത് തിരുത്തി വായിക്കുമല്ലോ.

**8. ആദരാജ്ഞലികൾ**

**1. റവ. സി. മരീന എം.എസ്.എം.ഐ (84):** എം.എസ്.എം.ഐ സന്യാസിനീ സമൂഹം തലശ്ശേരി സാൻജോസ് പ്രൊവിൻസ് അംഗമായ റവ. സി. മരീന 2026 ജൂൺ 05 ന് നിര്യാതയായി. കോളയാട്, മരുതോങ്കര, ചന്ദനക്കാംപാറ, ചമൽ, നിരവിൽപ്പുഴ, ചെമ്പനോട, പെരുവണ്ണാമൂഴി, ഗൂഡല്ലൂർ, കുണ്ടുതോട്, ശാന്തിനഗർ, ചരൾ, കുളത്തുവയൽ, കണ്ണിവയൽ, രയറോം, ചുള്ളി, മേരിഗിരി എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മൃതസംസ്കാര ശുശ്രൂഷകൾ 2026 ജൂൺ 6 ന് നെല്ലിക്കുറ്റി സീയോൺ കോൺവെന്റ് സെമിത്തേരിയിൽ തലശ്ശേരി അതിരൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേലച്ചന്റെ മുഖ്യ കാർമികത്വത്തിൽ നടന്നു. സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.



**2. റവ. സി. ഗ്ലോറിസ്റ്റ അറയ്ക്കൽ എസ്.എ.ബി.സ് (80):** വിശുദ്ധ കുർബാനയുടെ ആരാധനാ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ് പ്രൊവിൻസ് അംഗമായ റവ. സി. ഗ്ലോറിസ്റ്റ 2026 ജൂൺ 6 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ തലശ്ശേരി അതിരൂപതാ വികാരി ജനറാൾ മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ കിളിയന്തറ സെന്റ് മേരീസ് ദൈവാലയ സെമിത്തേരിയിൽ നടന്നു. അമേരിക്ക, ഇറ്റലി എന്നീ രാജ്യങ്ങളിലും കിളിയന്തറ, ജോസ്ഗിരി ഹോസ്പിറ്റൽ, ഉളിയത്തടുക്ക, പാലാപ്പറമ്പ, എടാട്ട്, ആലുവ - ജനറലേറ്റ്, ചേറ്റംകുന്ന് എന്നീ മഠങ്ങളിലും തലശ്ശേരി അതിരൂപതാ ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഓഫീസിലും ബഹു. സിസ്റ്റർ സേവനം ചെയ്തിട്ടുണ്ട്. സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.



**3. റവ. സി. ജെമ്മ സി.എം.സി (73):** സി.എം.സി. തലശ്ശേരി സെന്റ് ജോസഫ് പ്രൊവിൻസ് അംഗമായ റവ. സി. ജെമ്മ സി.എം.സി. 2026 ജൂൺ 11 ന് നിര്യാതയായി. മൃതസംസ്കാരശുശ്രൂഷകൾ 2026 ജൂൺ



12 ന് നെല്ലിക്കാംപൊയിൽ പ്രൊവിൻഷ്യൽ ഹൗസിലുള്ള സെമിത്തേരിയിൽ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. നടവയൽ, കൂടരഞ്ഞി, എടൂർ, നെല്ലിക്കാംപൊയിൽ, വെളിമാനം, അങ്ങാടിക്കടവ്, പുളിംമ്പറമ്പ്, കച്ചേരിക്കടവ്, നിർമ്മലഗിരി, പേരട്ട എന്നീ സ്ഥലങ്ങളിൽ ബഹു. സി. ജെമ്മ സേവനം ചെയ്തിട്ടുണ്ട്. ബഹു. സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർഥിക്കാം.

**4. ശ്രീമതി മേരി ജെയിംസ് കളപ്പുരയ്ക്കൽ (60):** ബഹു. ചാക്കോ കളപ്പുരയ്ക്കൽ (റിബിൻ) അച്ചന്റെ മാതാവ് ശ്രീമതി മേരി ജെയിംസ് 2026 ജൂൺ 15 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2026 ജൂൺ 17 ന് വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് ഫൊറോനാ ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട അമ്മയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. റിബിൻ അച്ചനും കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**5. റവ. സി. മേരി മത്തേവൂസ് പുണർത്താംകുന്നേൽ എസ്.എച്ച് (88):** തിരുഹൃദയ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്



പ്രൊവിൻസ് അംഗമായ റവ. സി. മേരി മത്തേവൂസ് 2026 ജൂൺ 17 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2026 ജൂൺ 18 ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ പേരാവൂർ പ്രൊവിൻഷ്യൽ ഹൗസിലുള്ള സെമിത്തേരിയിൽ നടന്നു. ഉദയഗിരി, ജർമ്മനി, തൊക്കിലങ്ങാടി, കരുവഞ്ചാൽ, സിദ്ധാപുരം, ഉദന, ഹെഗ്ള എന്നീ മഠങ്ങളിൽ ബഹു. സി. മേരി സേവനം ചെയ്തിട്ടുണ്ട്. ബഹു. സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർഥിക്കാം.

**6. ശ്രീമതി റോസമ്മ ജോൺ വയലുങ്കൽ (82):** ബഹു. ജോസഫ് (ജിതിൻ) വയലുങ്കൽ അച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി റോസമ്മ ജോൺ വയലുങ്കൽ 2026 ജൂൺ 21 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2026 ജൂൺ 22 ന് പനത്തടി സെന്റ് ജോസഫ്സ് ഫൊറോനാ ദൈവാലയ സെമിത്തേരിയിൽ അതിരൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട അമ്മച്ചിയുടെ വേർപാടിൽ ദുഃഖിക്കുന്ന ജിതിനച്ചനും കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപതാ കുടും

ബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**7. റവ. സി. ബെർക്കുമാൻസ് ചെത്തിപ്പുഴ എസ്.എച്ച് (86):** തിരുഹൃദയ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ് പ്രൊവിൻസ്



അംഗമായ ബഹു. സി. ബെർക്കുമാൻസ് 2026 ജൂൺ 24 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2026 ജൂൺ 25 ന് തലശ്ശേരി അതിരൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേലച്ചന്റെ മുഖ്യ കാർമികത്വത്തിൽ പേരാവൂർ പ്രൊവിൻഷ്യൽഹൗസ് സെമിത്തേരിയിൽ നടന്നു. വയട്ടുപറമ്പ്, ചുങ്കക്കുന്ന്, പൈസക്കരി, ആലക്കോട്, തലയാട്, കല്ലാനോട്, കട്ടിപ്പാറ, തൊക്കിലങ്ങാടി, ഉദയഗിരി, കരുവഞ്ചാൽ, പുലിക്കുരുമ്പ, തൊണ്ടിയിൽ, കൊന്നക്കാട്, പുഞ്ച, മാങ്ങോട്, വിളക്കന്നൂർ, വെള്ളാട് എന്നീ മഠങ്ങളിൽ ബഹു. സിസ്റ്റർ സേവനം ചെയ്തിട്ടുണ്ട്. സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**7. സ്നേഹസ്മൃതി**

1. റവ. ഫാ. ജോസ് കണിവേലിൽ - 01-07-2017
2. റവ. ഫാ. മാണി വാഴചാരിയ്ക്കൽ - 02-07-2014
3. റവ. ഫാ. അബ്രാഹം മൂങ്ങാമ്മാക്കൽ - 05-07-1989
4. റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ (സീനിയർ) - 07-07-1994
5. റവ. ഫാ. ജോൺ കല്ലുങ്കൽ - 08-07-2012
6. റവ. ഫാ. ജോസഫ് കീച്ചൻകേരി - 11-07-2021
7. റവ. ഫാ. സേവ്യർ പുത്തൻപുരയിൽ - 15-07-1999
8. റവ. ഫാ. അബ്രാഹം മൂക്കനോലിൽ - 16-07-1981
9. റവ. ഫാ. ജേക്കബ് വെള്ളക്കട - 20-07-1970
10. റവ. ഫാ. മാത്യു കൊട്ടുകാപ്പിള്ളി - 26-07-2003
11. റവ. ഫാ. മാത്യു പൊയ്യക്കര - 27-07-2008
12. റവ. ഫാ. ജോൺ കടുകമ്മാക്കൽ - 28-07-2010
13. റവ. ഫാ. ജെയിംസ് മുകളേൽ - 29-07-2009
14. റവ. ഫാ. ജോസഫ് മണിമലത്തറപ്പിൽ - 30-07-2012

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

Prot. No.474/2026

# വിജ്ഞാപനം

## അതിരൂപതാ അജപാലന സമിതി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് (പാസ്റ്ററൽ കൗൺസിൽ)

പ്രിയപ്പെട്ടവരെ,

തലശ്ശേരി അതിരൂപതയുടെ 19-ാമത് പാസ്റ്ററൽ കൗൺസിലിന്റെ അവസാന യോഗം 2026 ഏപ്രിൽ 25 ന് ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വെച്ച് നടന്നതോടെ നിലവിലുള്ള പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി അവസാനിച്ചിരുന്നു. തലശ്ശേരി അതിരൂപതയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് നിസ്തുലമായ സംഭാവനകൾ നൽകിയ അജപാലന സമിതി അംഗങ്ങളെ നന്ദിയോടെ അനുസ്മരിക്കുന്നു. പുതിയ പാസ്റ്ററൽ കൗൺസിലിന്റെ രൂപീകരണത്തിനുള്ള കാര്യങ്ങൾ ഔദ്യോഗികമായി ആരംഭിച്ചിരിക്കുകയാണ്. 2026 ജൂലൈ 15 ന് മുമ്പായി പുതുതായി രൂപീകരിക്കുന്ന അജപാലന സമിതി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് പൂർത്തിയാക്കേണ്ടതാണ്. അജപാലന ധർമ്മ നിർവഹണത്തിൽ അതിരൂപതാധ്യക്ഷനെ സഹായിക്കുക എന്ന അതിപ്രധാന കർത്തവ്യമാണ് അജപാലനസമിതി അംഗങ്ങൾ നിർവഹിക്കുന്നത്. അജപാലന സമിതി അംഗങ്ങളുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

**1. ഔദ്യോഗിക അംഗങ്ങൾ**

- അതിരൂപതാദ്ധ്യക്ഷൻ, പ്രോട്ടോ സിഞ്ചെല്ലൂസ്, സിഞ്ചെല്ലൂസുമാർ, ചാൻസലർ, ജുഡീഷ്യൽ വികാർ, ഫിനാൻസ് ഓഫീസർ, മൈനർ സെമിനാരി റെക്ടർ.
- സന്ദേശഭവൻ ഡയറക്ടർ, പടന്നക്കാട് റീജനൽ പാസ്റ്ററൽ സെന്റർ ഡയറക്ടർ, വിവിധ അപ്പൊസ്റ്റൊലേറ്റുകളുടെ ഡയറക്ടർമാർ, കത്തീഡ്രൽ വികാരി, ഫൊറോന വികാരിമാർ, ആലോചനാ സംഘാംഗങ്ങൾ, അതിരൂപതയിലെ സ്ഥാപനങ്ങളുടെ ഡയറക്ടർമാർ, വിവിധ അപ്പൊസ്റ്റൊലേറ്റുകളുടെ അതിരൂപതാ പ്രസിഡന്റുമാർ, അംഗീകൃത അല്മായസംഘടനകളുടെ/പ്രസ്ഥാനങ്ങളുടെ തലശ്ശേരി അതിരൂപതയിൽ നിന്നുള്ള സംസ്ഥാന, ദേശീയ ഭാരവാഹികൾ, അതിരൂപതയിലെ മേജർ സുപ്പീരിയർമാർ (ജനറാൾ, പ്രൊവിൻഷ്യൽ, റീജനൽ സുപ്പീരിയർ) ഉള്ള സന്യാസസമൂഹങ്ങളുടെ പ്രസ്തുത അധികാരികളോ അഥവാ അവരുടെ സ്ഥിരം പ്രതിനിധികളോ.

**2. തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ**

- വൈദിക സമിതിയിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന 2 പ്രതിനിധികൾ.
- ഓരോ ഫൊറോനയിലെയും അതിരൂപതാ വൈദികർ ഒരുമിച്ചുകൂടി തിരഞ്ഞെടുക്കുന്ന ഓരോ പ്രതിനിധികൾ വീതം (ഈ പ്രതിനിധികളിൽ ആരെങ്കിലും പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി തീരുന്നതിനുമുമ്പ് മറ്റൊരു ഫൊറോനയിലേക്ക് സ്ഥലം മാറിയാൽ പകരം ഒരാളെ തിരഞ്ഞെടുക്കേണ്ടതാണ്).
- ഓരോ ഫൊറോനയിലെയും ഫൊറോന കൗൺസിൽ തിരഞ്ഞെടുക്കുന്ന മൂന്നു അത്മായ പ്രതിനിധികൾ. ഇവരിൽ ഒരാൾ വനിതയും മറ്റൊരാൾ 35 വയസ്സിൽ കൂടാത്ത യുവാവ്/യുവതിയും ആയിരിക്കണം.
- നിർമ്മലഗിരി കോളേജിലെയും വിമൽജ്യോതി എഞ്ചിനീറിങ് കോളേജിലെയും കത്തോലിക്കാ അദ്ധ്യാപകരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഓരോ പ്രതിനിധി വീതം.
- അതിരൂപതയ്ക്കു കീഴിലുള്ള ഹയർസെക്കന്ററി സ്കൂളുകളിലെയും, ഹൈസ്കൂളുകളിലെയും, യു.പി. സ്കൂളുകളിലെയും. എൽ. പി. സ്കൂളുകളിലെയും പ്രധാനാധ്യാപകരുടെ തിരഞ്ഞെടുക്കപ്പെടുന്ന ഓരോ പ്രതിനിധികൾ വീതം.
- സൺഡേ സ്കൂൾ അദ്ധ്യാപകരുടെ തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് പ്രതിനിധികൾ.
- തലശ്ശേരി അതിരൂപതയിൽ അംഗീകൃതമായ അല്മായ സംഘടനകളുടെ/പ്രസ്ഥാനങ്ങളുടെ തിരഞ്ഞെടുക്കപ്പെടുന്ന 2 പ്രതിനിധികൾ (സ്ത്രീപുരുഷന്മാരുള്ള സംഘടനകളിൽനിന്നും ഒരാൾ സ്ത്രീയായിരിക്കണം).
- അതിരൂപതയിൽ മേജർ സുപ്പീരിയേഴ്സ് ഇല്ലാത്ത സന്യാസ സമൂഹങ്ങളിലെ സ്ഥലത്തെ പ്രതിനിധികൾ ഒരുമിച്ചുകൂടി തിരഞ്ഞെടുക്കുന്ന പുരുഷന്മാരുടെ മൂന്ന് പ്രതിനിധികളും സ്ത്രീകളുടെ അഞ്ച് പ്രതിനിധികളും, സന്യാസസഹോദരന്മാരുടെ ഒരു പ്രതിനിധിയും.
- കത്തീഡ്രൽ ഇടവകയിലെ പ്രതിനിധിയോഗം തിരഞ്ഞെടുക്കുന്ന 2 പ്രതിനിധികൾ.

**3. നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ**

വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഉത്തമ കത്തോലിക്കാ വിശ്വാസം നയിക്കുന്ന അതിരൂപതാംഗങ്ങളെ അതിരൂപതാധ്യക്ഷൻ അജപാലന സമിതിയിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

സ്നേഹാശംസകളോടെ,

തലശ്ശേരി **മാർ ജോസഫ് പാംപ്ലാനി**

**10.06.2026** തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

## വൈദിക സമ്മേളനം

ഈ വർഷത്തെ രണ്ടാമത്തെ വൈദിക സമ്മേളനം 2026 ജൂൺ 20 ന് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിന്റെ ഓഡിറ്റോറിയത്തിൽ നടന്നു. ബഹു. ജോസഫ് പൂക്കളത്തേൽ അച്ചൻ നയിച്ച പ്രാർഥനയോടെ യോഗം ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ അച്ചൻ യോഗത്തിന് സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് യോഗത്തിന് അദ്ധ്യക്ഷത വഹിക്കുകയും ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. വൈദിക കൂട്ടായ്മയാണ് തലശ്ശേരി അതിരൂപതയുടെ വളർച്ചയ്ക്ക് കാരണമാകുന്നതെന്ന് അഭിവന്ദ്യ പിതാവ് അദ്ധ്യക്ഷപ്രസംഗത്തിൽ പ്രസ്താവിച്ചു. പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപ്പാപ്പയുടെ 'മാഗ്നിഫിക്കാത്താ ഹുമാനിത്താസ്' എന്ന ചാക്രിക ലേഖനത്തെ അടിസ്ഥാനമാക്കിയാണ് അഭിവന്ദ്യ പിതാവ് അദ്ധ്യക്ഷപ്രസംഗം നടത്തിയത്. നമ്മൾ ജീവിക്കുന്നത് ദ്രാവക ലോകത്തിലാണ് (We are living in a liquid world) ഖരപദാർത്ഥത്തെക്കാൾ ദ്രാവകം പെട്ടെന്ന് തിളയ്ക്കുന്നതുപോലെ പെട്ടെന്ന് പ്രതികരിക്കുകയും ചെറിയ കാര്യങ്ങളിൽപ്പോലും പൊട്ടിത്തെറിക്കുകയും ചെയ്യുന്ന ശൈലി സ്വന്തമാക്കിയ മനുഷ്യർക്കിടയിലാണ് നമ്മൾ അജപാലന ശുശ്രൂഷ നിർവ്വഹിക്കേണ്ടത് എന്ന് പിതാവ് ഓർമ്മിപ്പിച്ചു.

മാർപാപ്പാ ചാക്രിക ലേഖനത്തിൽ സൂചിപ്പിക്കുന്ന രണ്ട് തരം നിർമ്മാണ ശൈലിയെക്കുറിച്ചും അഭിവന്ദ്യ പിതാവ് പരാമർശിച്ചു. ബാബേൽ ഗോപുരത്തിന്റെ നിർമ്മാണ ശൈലി ദൈവത്തെ ഒഴിവാക്കി ജീവിക്കാനുള്ള മനുഷ്യന്റെ ശ്രമങ്ങളാണെന്നും നെഹമിയ ജെറുസലേം ദൈവാലയത്തിന്റെ തകർന്ന മതിൽ പണിയുന്നത് ദൈവത്തിന്റെ കരം പിടിച്ചു ജീവിക്കുന്നതിന്റെയും കൂട്ടായ്മയുടെയും ജീവിതശൈലിയാണെന്നും എല്ലാറ്റിനെയും പോസിറ്റീവായി കാണുന്ന ശൈലിയാണ് ഈ കാലഘട്ടത്തിന്റെ അജപാലകർ സ്വന്തമാക്കേണ്ടതെന്നും പിതാവ് അദ്ധ്യക്ഷ പ്രസംഗത്തിൽ പ്രസ്താവിച്ചു.

തുടർന്ന് വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി ചർച്ചകൾ നടന്നു. വൈദികക്ഷേമത്തെ സംബന്ധിച്ചുള്ള കാര്യങ്ങൾ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചൻ യോഗത്തെ അറിയിച്ചു. പി. പി. എഫിന്റെ 2025-2026 വർഷത്തെ വരവ് ചിലവ് കണക്കുകൾ യോഗത്തിൽ അവതരിപ്പിച്ചു. കരുവഞ്ചാലിലെ വൈദിക മന്ദിരത്തിന്റെ ഭാഗമായി നടത്തുന്ന നിർമ്മാണ പ്രവർത്തികളെക്കുറിച്ച് യോഗത്തെ അറിയിച്ചു. വിയാനിനിധിയെ സംബന്ധിച്ച് അതിരൂപതാ ചാൻസലർ ബഹു. ജോസഫ് മുട്ടത്തുകുന്നേൽ അച്ചൻ സംസാരിച്ചു. ബഹു. വൈദി

കരുടെ സഹകരണമാണ് വിയാനിനിധിയെ വിജയിപ്പിക്കുന്നതെന്ന കാര്യം യോഗത്തെ ഓർമ്മപ്പെടുത്തി. വിയാനിനിധിയിലെ ഉപകാരികളുടെ ഇടവക തിരിച്ചുള്ള ലിസ്റ്റ് പ്രസ്ബിറ്റേറിയം വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ പ്രസിദ്ധപ്പെടുത്തണമെന്ന നിർദേശമുണ്ടായി.

പാരീഷ് സോഫ്റ്റ്‌വെയറിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ ബഹു. ജോസഫ് തേനമാക്കൽ അച്ചൻ യോഗത്തിൽ അവതരിപ്പിച്ചു. അൻപതോളം പള്ളികളിലാണ് ഇതുവരെ സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനങ്ങൾ കാര്യമായി നടന്നിട്ടുള്ളത് എന്ന് യോഗത്തെ അറിയിച്ചു. ബഹു. വൈദികർ പ്രത്യേക താൽപര്യമെടുത്ത് പാരീഷ് സോഫ്റ്റ് വെയറിന്റെ കാര്യങ്ങൾ ഇടവകകളിൽ പൂർത്തിയാക്കണമെന്ന് പിതാവ് നിർദേശിച്ചു. ഇടവകകളിൽ പാരീഷ് സോഫ്റ്റ്‌വെയറിന് ഇൻചാർജ് ആയി ഒരു വ്യക്തിയെ നിയമിക്കുന്നത് ഉചിതമാണെന്ന് അഭിപ്രായമുണ്ടായി.

പള്ളികളുടെ ഓഫീസ് ആവശ്യങ്ങൾക്കായി നൽകപ്പെട്ടിരിക്കുന്ന മൊബൈൽ നമ്പർ ഉപയോഗിക്കണമെന്നും നമ്പർ ആക്റ്റീവല്ലാത്ത ഇടവകകൾ ആക്റ്റീവാക്കുവാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യണമെന്നും നിർദേശിച്ചു. ഈ വർഷം നടത്തുവാൻ പോകുന്ന ബൈബിൾ കലോത്സവത്തെ സംബന്ധിച്ചുള്ള കാര്യങ്ങൾ ബഹു. ജോർജ് കോവാട്ട് അച്ചൻ അവതരിപ്പിച്ചു. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയെ സംബന്ധിച്ചുള്ള കാര്യങ്ങൾ കോർപ്പറേറ്റ് മാനേജർ ബഹു. സ്കറിയ വടശ്ശേരിൽ അച്ചൻ യോഗത്തെ അറിയിച്ചു. സ്കൂളുകൾ നേരിടുന്ന പ്രതിസന്ധികൾ ചർച്ചാവിഷയമായി. എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ എന്ന ആശയത്തെക്കുറിച്ച് യോഗത്തിൽ ചർച്ചയുണ്ടായി. കുട്ടികളുടെ എണ്ണം കുറയുന്നതുമൂലം അദ്ധ്യാപകരുടെ ജോലി സംബന്ധമായ കാര്യങ്ങളിലുണ്ടാകുന്ന പ്രതിസന്ധികളെക്കുറിച്ച് യോഗം ചർച്ച ചെയ്തു. പ്രോലൈഫ് പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് സ്കൂളുകൾ നേരിടുന്ന ബുദ്ധിമുട്ടുകളെ അതിജീവിക്കുവാൻ സഹായകമാകുമെന്ന നിർദേശവും യോഗത്തിലുണ്ടായി.

കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്ക് അതിരൂപതാ പ്രൊക്യൂറേറ്റർ ബഹു. ജോസഫ് കാക്കരമറ്റത്തിലച്ചൻ അവതരിപ്പിച്ചു. അതിരൂപതയിലെ വിവിധ സ്ഥാപനങ്ങളുടെയും അപ്പസ്തോലേറ്റുകളുടേയും കണക്കുകൾ ഉൾപ്പെടെ വിശദമായ കണക്കവതരണമാണ് നടത്തിയത്. അതിരൂപതയിൽ നടന്നുകൊണ്ടിരിക്കുന്ന വിവിധ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും യോഗത്തെ അറിയിച്ചു.

അതിരൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്ന മലബാർ കുടിയേറ്റ ചരിത്ര രചനയെക്കുറിച്ചുള്ള കാര്യങ്ങൾ ചാൻസലർ ബഹു. ജോസഫ് മുട്ടത്തുകുന്നേലച്ചൻ

യോഗത്തെ അറിയിച്ചു. എല്ലാ ഫൊറോനാ പള്ളികളും എ ഗ്രേഡ് പള്ളികളും ആ പ്രദേശത്തിന്റെ ചരിത്രം നിർബന്ധമായും രചിക്കുകയും പുസ്തകമായി പ്രസിദ്ധീകരിക്കുകയും ചെയ്യണമെന്ന് അഭിവന്ദ്യ പിതാവ് നിർദേശിച്ചു. ചെറിയ പള്ളികളുടെ ചരിത്രം ആ പള്ളികളുടെ തലപള്ളിയുടെ ചരിത്രത്തിന്റെ ഭാഗമായി പരാമർശിച്ചാൽ മതിയെന്നും മലബാറിന്റെ വളർച്ചയിൽ കുടിയേറ്റ ജനതയുടെ സംഭാവനകൾ വരും തലമുറകൾക്ക് മനസിലാകും വിധമാണ് ചരിത്ര രചന നടത്തേണ്ടതെന്നും അഭിവന്ദ്യ പിതാവ് നിർദേശിച്ചു.

ദൈവാലയ ശുശ്രൂഷികൾക്കും അക്കൗണ്ടന്റിനും ഫെസ്റ്റീവ് അലവൻസ് കൃത്യമായി നല്കണമെന്ന് പിതാവ് ബഹു. വൈദികരെ ഓർമിപ്പിച്ചു. ബഹു. വൈദികരുടെ കുടുംബാംഗങ്ങളുടെ സംഗമം 2026 സെപ്റ്റംബർ 26 ശനിയാഴ്ച നടത്തുന്ന കാര്യം യോഗത്തെ അറിയിച്ചു. മരണ രജിസ്റ്ററുകൾ കൃത്യമായി ഇടവകകളിൽ സൂക്ഷിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് പിതാവ് നിർദേശിച്ചു. ഇടവകാതിർത്തികൾ കൃത്യമല്ലാത്ത ഇടവകകൾ ബഹു. ഫൊറോനാ വികാരിമാരുടെ അദ്ധ്യക്ഷതയിൽ ബഹു. വൈദികർ യോഗം ചേർന്ന് അതിർത്തികൾ കൃത്യമായി നിർണ്ണയിക്കുവാൻ നിർദേശിച്ചു. തർക്കങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ കൂരിയായിൽ നിന്നുള്ള കമ്മീഷന്റെ സാന്നിധ്യത്തിൽ പരിഹരിക്കുവാനും നിർദേശിച്ചു. ഇടവകകളിൽ നടത്തുന്ന നിർമാണ പ്രവർത്തനങ്ങളുടെ പ്ലാനും എസ്റ്റിമേറ്റും വിശദമായി പൊതുയോഗത്തിൽ ചർച്ച ചെയ്യണമെന്ന് പിതാവ് നിർദേശിച്ചു.

വിവാഹപ്രായം കഴിഞ്ഞിട്ടും വിവാഹം നടക്കാത്ത ചെറുപ്പക്കാരുടെ അജപാലന കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണെന്ന അഭിപ്രായം യോഗത്തിലുണ്ടായി. ബയോമൗണ്ടന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ബഹു. സ്കറിയ നിരപ്പേലച്ചൻ യോഗത്തെ അറിയിച്ചു. ബയോമൗണ്ടൻ ഉൽപ്പന്നങ്ങൾ ഇടവകകളിൽ വിതരണം ചെയ്യാൻ ബഹു. വൈദികർ സഹകരിക്കണമെന്ന് യോഗത്തിൽ അഭിവന്ദ്യ പിതാവ് അഭ്യർഥിച്ചു. കർഷകർക്ക് ഗുണം ലഭിക്കുന്ന കർമ്മപദ്ധതികൾ സർക്കാറിന്റെ മുമ്പിൽ സമർപ്പിക്കുവാൻ കാർഷികമേഖലയിലെ പ്രതിസന്ധികളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുവാൻ ബഹു. വൈദികർ മുൻകൈ എടുക്കണമെന്ന നിർദേശവുമുണ്ടായി.

ഭവനരഹിതരായ കുടുംബങ്ങൾക്കുവേണ്ടി ഇതിനോടകം 151 വീടുകൾ നിർമ്മിച്ചു നല്കുവാൻ നേതൃത്വം നൽകിയ ബഹു. സെബാസ്റ്റ്യൻ മുട്ടത്തുപാറ അച്ചനെ യോഗം അനുമോദിച്ചു. മുഴുവൻ അജപാലകർക്കും മാതൃകയാണ് ബഹു. സെബാസ്റ്റ്യനച്ചനെന്ന് അഭിവന്ദ്യ പിതാവ് അദ്ദേഹത്തെ ആദരിച്ചുകൊണ്ട് പ്രസ്താവിച്ചു. ആനറ ദൈവാലയ

നിർമ്മാണം പൂർത്തിയാക്കിയ ബഹു. ജോസഫ് മഞ്ഞളാംകുന്നേല ച്ചനെയും കോളയാട് ദൈവാലയ നിർമ്മാണം പൂർത്തിയാക്കിയ ബഹു. ഫിലിപ്പ് കാരക്കാട്ടച്ചനെയും വട്ട്യാറ ദൈവാലയനിർമ്മാണം പൂർത്തി യാക്കിയ ബഹു. മാർട്ടിൻ പറപ്പള്ളിയാത്ത് അച്ചനെയും കടുമേനി ദൈവാലയ നവീകരണം നടത്തിയ ബഹു. മാത്യു വളവനാൽ അച്ച നെയും മേരിഗിരിയിൽ വൈദിക മന്ദിരം നിർവഹിച്ച ബഹു. അബ്രാഹം മഠത്തിമ്യാലിൽ അച്ചനെയും കോലുവള്ളിയിൽ സൺഡേ സ്കൂൾ കെട്ടിടം പൂർത്തിയാക്കിയ ബഹു. ജേക്കബ് കുറ്റിക്കാട്ടുകുന്നേൽ അച്ച നെയും കണിച്ചാറിൽ സൺഡേ സ്കൂൾ കെട്ടിടം നിർമ്മിച്ച ബഹു. മാത്യു പാലമറ്റത്തിലച്ചനെയും അരവഞ്ചാൽ പള്ളിയുടെ നവീകരണം പൂർത്തിയാക്കിയ ബഹു. ജോർജ് മുണ്ടംകുന്നേൽ അച്ചനെയും ഒറ്റത്തൈ പള്ളിയുടെ നവീകരണം പൂർത്തിയാക്കിയ ബഹു. തോമസ് വട്ടംകട്ടേൽ അച്ചനെയും യോഗം അനുമോദിച്ചു.

ഡോക്ടറേറ്റ് പഠനം പൂർത്തിയാക്കിയ ബഹു. ജോസഫ് തുരു ത്തിപ്പള്ളിൽ അച്ചനെയും എൽ. എൽ. ബി. പഠനം പൂർത്തിയാക്കിയ ബഹു. ലൂയി മരിയദാസ് മേനാച്ചേരി അച്ചനെയും ചാപ്ലൻസി പഠനം പൂർത്തിയാക്കിയ ബഹു. തോമസ് വാളിപ്ലാക്കലച്ചനെയും യോഗം അഭി നന്ദിച്ചു.

ഈ വർഷം ഉന്നത പഠനത്തിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന ബഹു. ജോസഫ് മാളക്കാരൻ അച്ചനും ബഹു. സെബാസ്റ്റ്യൻ തെങ്ങും പള്ളിൽ അച്ചനും ബഹു. ജോർജ് തെങ്ങുംപള്ളിൽ അച്ചനും ബഹു. മാത്യു പരിയാനിക്കൽ അച്ചനും ബഹു. ജോസഫ് റാത്തപ്പള്ളിൽ അച്ച നും ബഹു. ജോൺപോൾ പൂവത്താനിക്കൽ അച്ചനും ബഹു. ജോസഫ് കളപ്പുരയ്ക്കൽ അച്ചനും ബഹു. അഗസ്റ്റിൻ ചക്കാംകുന്നേൽ അച്ചനും യോഗം ആശംസകൾ നേർന്നു.

ഈ വർഷം തലശ്ശേരി മൈനർ സെമിനാരിയിലേക്ക് 32 വൈദി കവിദ്യാർത്ഥികളെ ദൈവവിളി പ്രോത്സാഹനത്തിലൂടെ കണ്ടെത്തിയ വൊക്കേഷൻ പ്രൊമോട്ടർ ബഹു. കുര്യാക്കോസ് പ്ലാവുനിൽക്കുംപറ മ്പിലച്ചനെയും ബഹു. തോമസ് മേൽവെട്ടത്ത് അച്ചന്റെ നേതൃത്വത്തി ലുള്ള വോക്കേഷൻ ബ്യൂറോ അംഗങ്ങളെയും യോഗം അനുമോദിച്ചു. അതിരൂപതാ പ്രൊക്യൂറേറ്റർ ബഹു. ജോസഫ് കാക്കരമറ്റത്തിലച്ചന്റെ നന്ദി പ്രകാശനത്തോടെ യോഗം അവസാനിച്ചു.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# അഭിഭാഷകരുടെ സംഗമം

തലശ്ശേരി അതിരൂപതയിലെ അഭിഭാഷകരുടെ സംഗമം 2026 മെയ് 31 ന് തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയത്തിന്റെ ഓഡിറ്റോറിയത്തിൽ നടന്നു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്നുമായി 125 ഓളം പേർ സംഗമത്തിൽ എത്തിച്ചേർന്നു. തലശ്ശേരി അതിരൂപതയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇത്തരമൊരു സംഗമം സംഘടിപ്പിച്ചത്. തലശ്ശേരി അതിരൂപതയിൽ 250 ഓളം അഭിഭാഷകർ ഉണ്ടെങ്കിലും എല്ലാവരും പ്രാക്ടീസ് ചെയ്യുന്നില്ല. ഏകദേശം 125 ഓളം അഭിഭാഷകർ മട്ടന്നൂർ, കൂത്തുപറമ്പ്, തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ്, പയ്യന്നൂർ, കാഞ്ഞങ്ങാട്, കാസർഗോഡ് എന്നീ ബാറുകളിൽ അഭിഭാഷകവൃദ്ധി ചെയ്യുന്നുണ്ട്. ഹൈക്കോടതിയിലും, സുപ്രീം കോടതിയിലും പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരും നമ്മുടെ അതിരൂപതയിൽ നിന്നുണ്ട്.

രാവിലെ 9 മണിക്ക് വി. കുർബാനയോടുകൂടിയാണ് സംഗമം ആരംഭിച്ചത്. വി. കുർബാനയ്ക്കുശേഷം 11 മണിക്ക് ആരംഭിച്ച യോഗത്തിൽ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ അച്ചൻ സ്വാഗതം ആശംസിച്ചു. അഡ്വ. സജീവ് ജോസഫ് എം.എൽ.എ. അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു. തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു. നീതി നിർവഹണത്തിൽ അഭിഭാഷകർ വഹിക്കുന്ന പങ്ക് വലുതാണെന്നും സഭയുടെ സാമൂഹിക ഇടപെടലുകളിൽ ക്രൈസ്തവമൂല്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് സജീവമായി സഹകാരികളാകുവാൻ അഭിഭാഷകർക്ക് കഴിയുമെന്നും അഭിവന്ദ്യ പിതാവ് ഉദ്ഘാടനപ്രസംഗത്തിൽ പ്രസ്താവിച്ചു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, ചാൻസലർ ഫാ. ജോസഫ് മുട്ടത്തുകുന്നേൽ, എ.കെ.സി.സി. ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, തളിപ്പറമ്പ് ഫൊറോനാ വികാരി ഫാ. മാത്യു ആശാരിപ്പറമ്പിൽ എന്നിവർ ആശംസ പ്രസംഗങ്ങൾ നടത്തി.

ലീഗൽ സെൽ രൂപീകരണവുമായി ബന്ധപ്പെട്ട് അഡ്വ. സണ്ണി അഗസ്റ്റിൻ ക്ലാസ്സ് എടുത്തു. ആനുകാലിക വിഷയങ്ങൾ പഠിക്കുവാനും അത് ജനങ്ങളിൽ എത്തിക്കുവാനും അതിരൂപതാതലത്തിലും ഫൊറോനായോ/റീജിയണൽ തലങ്ങളിലും നിയമവേദികൾ രൂപപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാറിന്റെയും ഉത്തരവുകളും, പ്രത്യേകിച്ച് ക്രൈസ്തവന്യൂനപക്ഷങ്ങളെ ബാധിക്കുന്ന

പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാൻ അതിരൂപതാ തലത്തിൽ സംവിധാനങ്ങൾ ഉണ്ടാകണമെന്നും ഈ വിഷയത്തെ ആസ്പദമാക്കി നടന്ന ചർച്ചയിൽ അഭിഭാഷകർ അഭിപ്രായപ്പെട്ടു. അതിരൂപതാ തലത്തിലും, ഫൊറോന/റീജിയണൽ തലത്തിലും നിയമവേദികൾ രൂപീകരിക്കുവാൻ തീരുമാനിച്ചു.

തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ലോ കോളേജ് തുടങ്ങുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്തു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിലവിൽ ലോ കോളേജുകൾ കുറവാണെന്നും ഉന്നതനിലവാരം പുലർത്തുന്ന ലോ കോളേജ് തുടങ്ങുവാൻ സാധിച്ചാൽ വിജയിക്കുവാനുള്ള സാധ്യത വലുതാണെന്നും യോഗം വിലയിരുത്തി. ജൂഡീഷറിയിലും, കോടതികളിലും ക്രിസ്ത്യൻ സമുദായത്തിൽ ഉൾപ്പെട്ടവർ വളരെ കുറവായതിനാൽ ഈ മേഖലയിലേയ്ക്ക് കുട്ടികളെയും മാതാപിതാക്കളെയും പ്രോത്സാഹിപ്പിക്കണം. ലോ കോളേജിന് ഏറ്റവും ഉചിതമായ സ്ഥലം ചെമ്പേരി വിമൽജ്യോതി ക്യാമ്പസ് തന്നെയായിരിക്കുമെന്ന അഭിപ്രായമാണ് പൊതുവെ ഉണ്ടായത്. ലോ കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അതിരൂപതയുടെ വിദ്യാഭ്യാസ കൗൺസിലുകളിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കാമെന്ന് പിതാവ് പറഞ്ഞു.

അതിരൂപതാ ലീഗൽ സെൽ രൂപീകരണത്തിനും പ്രാദേശിക നിയമവേദിയുടെ രൂപീകരണത്തിനുമായി ഒരു 'അഡ് ഹോക്' കമ്മിറ്റി രൂപീകരിച്ചു. അഡ്വ. സണ്ണി അഗസ്റ്റിൻ, അഡ്വ. ഫിലിപ്പ് കോലക്കുന്നേൽ, അഡ്വ. ഫിലിപ്പ് കുന്നപ്പള്ളിൽ, അഡ്വ. മാർട്ടിൻ തോമസ് എടാട്ടേൽ, അഡ്വ. ജയ്സൺ നിധീരിക്കൽ, അഡ്വ. ജോൺ തലയ്ക്കൽ, അഡ്വ. ഷീജ കാറുകുളം, അഡ്വ. ജോസ് സെബാസ്റ്റ്യൻ, അഡ്വ. തോമസ് സ്മിത്ത്, അഡ്വ. മാർട്ടിൻ കൊട്ടാരത്തിൽ, അഡ്വ. സിബി തെങ്ങുംപള്ളിൽ എന്നിവരെ തിരഞ്ഞെടുത്തു.

തലശ്ശേരി അതിരൂപതാംഗങ്ങളായ പ്രഗത്ഭരായ ധാരാളം അഭിഭാഷകർ ഈ സമ്മേളനത്തിൽ എത്തിച്ചേർന്നു. പൊതുസമൂഹത്തിൽ ഇടപെടുന്ന, സമൂഹത്തിന്റെ സ്പന്ദനങ്ങൾ അറിയുന്ന അഭിഭാഷകർ അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ ഒരുമിച്ച് ചേർന്ന് വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്തത് വളരെ ഹൃദ്യമായ അനുഭവമായിരുന്നു. എല്ലാ വർഷവും ഇത്തരം സംഗമങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് യോഗത്തിൽ എത്തിച്ചേർന്നവർ അഭിപ്രായപ്പെട്ടു. ഈ സംഗമത്തിന് മുഴുവൻ പിന്തുണയും പ്രോത്സാഹനവും

നല്കിയത് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവായിരുന്നു. തലശ്ശേരി അതിരൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ അച്ചനാണ് ഈ സംഗമത്തിനുവേണ്ടി ഏറെ അധ്വാനിച്ചത്. മുഴുവൻ അഭിഭാഷകരെയും ഫോണിൽ വിളിക്കുകയും ഈ സംഗമത്തിന്റെ വിജയത്തിനായി വിവിധ ബാർ കൗൺസിലുകളിലുള്ള അഭിഭാഷ പ്രതിനിധികളെ വിളിച്ച് യോഗം ചേരുകയും കുറ്റമറ്റവിധം ഈ സംഗമം സംഘടിപ്പിക്കുകയും ചെയ്തത് ബഹു. ആന്റണി മുതുകുന്നേലച്ചനാണ്. ഈ സംഗമത്തിന്റെ വിജയത്തിനായി സഹകരിച്ച ബഹു. ജനറാൾ അച്ചന്മാരെയും അതിരൂപതാകേന്ദ്രത്തിലെ ബഹു. വൈദികരെയും തളിപ്പറമ്പ് ഫൊറോനാ വികാരി ബഹു. മാത്യു ആശാരിപ്പറമ്പിൽ അച്ചനെയും അസി. വികാരി ബഹു. ജോസഫ് പൂക്കളത്തിൽ അച്ചനെയും നന്ദിയോടെ ഓർമ്മിക്കുന്നു. അഭിവന്ദ്യ പിതാവ് വിളിച്ചു ചേർത്ത ഈ സംഗമത്തിൽ താത്പര്യപൂർവം എത്തിച്ചേർന്ന മുഴുവൻ അഭിഭാഷകരെയും നന്ദിയോടെ ഓർക്കുന്നു. അഡ്വ. മാർട്ടിൻ കൊട്ടാരം ഏവർക്കും നന്ദി പറഞ്ഞു. ഉച്ചഭക്ഷണത്തോടെ യോഗം സമാപിച്ചു.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# വൈദികക്ഷേമം

## I. PPF

1. 2025–2026 സാമ്പത്തിക വർഷത്തെ കണക്കുകൾ ജനറൽ ബോഡി യോഗത്തിൽ (വൈദിക സമ്മേളനം) വായിച്ച് പാസ്സാക്കി.
2. ഇടവക, വ്യക്തി വിഹിതങ്ങൾ കുടിശ്ശിക തീർത്ത് ഈ വർഷം തന്നെ അടക്കുവാനും വിയാനിധിയിലേക്ക് ഉപകാരികളെ കണ്ടെത്തുന്നതിനും സഹകരിക്കുമല്ലോ.
3. വൈദികകൂട്ടായ്മ കൂടുതൽ ഊഷ്മളമാക്കാനും അവരുടെ കലാസാഹിത്യ വാസനകളെ പരിപോഷിപ്പിക്കുവാനും വിവിധ കലാ സാഹിത്യ മത്സരങ്ങൾ നടത്തുവാൻ തീരുമാനിച്ചു.
4. ഈ വർഷത്തെ ബഹു. വൈദികരുടെ വാർഷികധ്യാനം (ആഗസ്റ്റ് 9–14, സെപ്റ്റം. 20–25) ജാഗരണ പ്രാർത്ഥന, വൈദികർക്കുവേണ്ടി നടത്തുന്ന റിഫ്രഷർ കോഴ്സ് തുടങ്ങിയവയെക്കുറിച്ച് ബഹു. വൈദികരെ അറിയിച്ചു.
5. ദൈവശാസ്ത്രത്തിലെ നൂതന ആഭിമുഖ്യങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകളും ജീവിതശൈലീരോഗങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകളും ബഹു. വൈദികർക്കുവേണ്ടി സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

## II. ചികിത്സ

1. PPF ഓഫീസിൽ നൽകുന്ന മെഡിക്കൽ ബില്ലുകൾ പരിശോധിച്ച് ചികിത്സാചിലവുകൾ നൽകുന്നതാണ്.
2. അതത് വർഷത്തെ മെഡിക്കൽ ബില്ലുകൾ ഓഫീസിൽ സമർപ്പിക്കുവാൻ ശ്രദ്ധിക്കണം.
3. ബിൽ നമ്പർ, തീയതി, തുക എന്നിവ കൃത്യമായി ഒരു വെള്ള പേപ്പറിൽ എഴുതി ബില്ലുകൾക്കൊപ്പം പിൻ ചെയ്ത് സമർപ്പിക്കണം.
4. എല്ലാ പണമിടപാടുകളും ബാങ്ക് അക്കൗണ്ടുകൾ വഴിമാത്രം നടത്തുന്നതിനാൽ നിങ്ങളുടെ ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ കൃതിമായി നല്കണം.
5. അലോപ്പതി ചികിത്സയുമായി ബന്ധപ്പെട്ട ചികിത്സാ ചിലവുകളാണ് പ്രധാനമായും രൂപത വഹിക്കുന്നത്.
6. രോഗംമൂലം ചികിത്സക്കായി ആശുപത്രിയിൽ അഡ്മിറ്റ് ആകുമ്പോൾ ഫൊറോനാ വികാരിയച്ചന്മാരേയും വൈദികക്ഷേമത്തിന്റെ ഉത്തരവാദിത്വം നിർവഹിക്കുന്ന ജനറാൾ അച്ചനെയും നിർബ്ബന്ധമായും അറിയിക്കണം.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# സെമിനാരി വാർത്തകൾ

**1. മേജർ സെമിനാരി ഗാതറിങ്ങ് & വർക്ക് ക്യാമ്പ്**

തലശ്ശേരി അതിരൂപയ്ക്ക് വേണ്ടി വിവിധ മേജർ സെമിനാരികളിൽ പരിശീലനം നേടുന്ന വൈദികാർത്ഥികൾക്കുവേണ്ടി വർക്ക്ക്യാമ്പ് സംഘടിപ്പിച്ചു. വെള്ളരിക്കുണ്ട് മൈനർ സെമിനാരിയിൽ നടത്തിയ ഗാതറിങ്ങിലും വർക്ക് ക്യാമ്പിലും 80 വൈദികാർത്ഥികൾ പങ്കാളികളായി. വൈദികാർത്ഥികളുടെ കൂട്ടായ്മ വർദ്ധിപ്പിക്കാൻ ഈ ഒത്തുചേരൽ ഉപകരിച്ചു. പ്രഭാതം മുതൽ സന്ധ്യവരെ ജോലി ചെയ്തതിനുശേഷം ഇടവക സന്ദർശനത്തിന് സമയം മാറ്റിവെച്ചു. ക്യാമ്പ്ദിവസങ്ങളിൽ വൈകുന്നേരം വെള്ളരിക്കുണ്ട് ഇടവകയിലെ വിവിധ വാർഡുകളിൽ പ്രാർത്ഥനാ കൂട്ടായ്മകൾ നടത്തുകയും, മൈനർ സെമിനാരിയെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. വൈദികാർത്ഥികളെ സ്വീകരിച്ച് ആത്മീയവും അജപാലനപരമായ എല്ലാ കാര്യങ്ങളും കൃത്യതയോടെ ക്രമീകരിച്ച ഫൊറോനാ വികാരി ബഹു. ഡോ. ഫാ. ജോൺസൺ അന്ത്യാംകുളം അച്ചനും അസി. വികാരി ബഹു. ജേക്കബ് കാശാൻകാട്ടിലച്ചനും ഹൃദയപൂർവ്വം നന്ദി പറയുന്നു. ക്യാമ്പ് സെന്റർ സന്ദർശിച്ച് കൂടെയായിരുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനും വികാരി ജനറാൾ മോൺ. മാത്യു ഇളംതുരുത്തിപ്പടവിലച്ചനും പ്രത്യേകം നന്ദി.

**2. അഭിനന്ദനങ്ങൾ**

**A. വൈദികവസ്ത്ര സ്വീകരണം:** ഒരു വർഷക്കാലത്തെ പ്രായോഗിക പരിശീലനത്തിനുശേഷം പതിമൂന്നുപേർ വൈദികവസ്ത്രം സ്വീകരിച്ചു. തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വച്ചു നടന്ന കർമ്മങ്ങളിൽ മൂന്നു പിതാക്കന്മാരും പങ്കുചേർന്നു. ദൈവശാസ്ത്ര പഠനത്തിനായി വിവിധ മേജർ സെമിനാരികളിലേക്ക് യാത്രയാവുന്ന സഹോദരന്മാർക്ക് എല്ലാവിധ പ്രാർത്ഥനാശംസകളും.

**FIRST YEAR THEOLOGY - 2026**

| No. | Name & House Name | Parish | Theology |
|---|---|---|---|
| 01 | Moolethottathil Melbin | Vellarikundu | Kunnoth |
| 02 | Kudakkachira Kuriakose (Nihal) | Lissigiri | kunnoth |
| 03 | Puthanapra Don Kurian | Cherupara | Kunnoth |
| 04 | Pattapathiyil Chacko (Sanal) | Kodoth | Kunnoth |
| 05 | Kunnel Joseph (Jastin) | Ponmala | Vadavathoor |

| | | | |
|---|---|---|---|
| 06 | Mattathil Eujin | Konnakad | Vadavathoor |
| 07 | Neerparamalayil Joseph (Abhishek) | Attenganam | Vadavathoor |
| 08 | Manjakunnel Joseph (Joyel) | Paduppu | Aluva |
| 09 | Muriyamkariyil Joseph (Alwin) | Mudayiranji | Aluva |
| 10 | Adavanal Paulson (Abin) | Kiliyanthara | Aluva |
| 11 | Mannakulathil Kurian (Joyal) | Ulikkal | Satna |
| 12 | Thottathil Jacob | Paduppu | Satna |
| 13 | Vengapallil Don Bosco | Manikkadavu | Rome |

**B. ഒന്നാംവർഷ മൈനർ സെമിനാരിക്കാർ:** ഈ വർഷം തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി മൈനർ സെമിനാരിയിലേക്ക് 32 പേർ പരിശീലനത്തിനായി കടന്നുവന്നു. പൗരോഹിത്യ ദൈവവിളി തെരഞ്ഞെടുക്കുവാൻ ഇവരെ സഹായിച്ച പ്രിയപ്പെട്ട മാതാപിതാക്കൾക്കും ഇടവക വികാരിയച്ചന്മാർക്കും സിസ്റ്റർമാർക്കും മതാധ്യാപകർക്കും നന്ദി. ഈശോയ്ക്ക് ഇഷ്ടപ്പെട്ട നല്ല പുരോഹിതരാകുവാൻ കുഞ്ഞനുജന്മാർക്ക്/നവാഗതർക്ക് ആശംസകൾ നേരുന്നു.

## MINOR SEMINARY : FIRST YEARS - 2026

| No | Name & House Name | Parish |
|---|---|---|
| 01 | Achikkal Thomas (Ashwin) | Panathady |
| 02 | Alapatt Thomas (Delel) | Anamanjal |
| 03 | Areeplackal Mathews (Albin) | Bheemanady |
| 04 | Chakkangal Emmanuel (Shon) | Manipara |
| 05 | Cherukanayil Devasia (Roshan) | Vaniyappara |
| 06 | Erankavil Thomas (Jis) | Manipara |
| 07 | Kalapurackal Joel | Karayathumchal |
| 08 | Kalathichira Isaac (Alfin) | Neduvaloor |
| 09 | Kallukkulangara John | Mattara |
| 10 | Kavunkal Tom | Karikkottakkary |
| 11 | Kizhakkekozhuvanal Thomas (Nikhil) | Nellippara |
| 12 | Kolashery Aloyis | Thomapuram |
| 13 | Kunnel Mathew (Ebin) | Edakkanam |
| 14 | Kunnumel Philip (Akhil) | Mundanoor |
| 15 | Kuttivelil Alen | Thayyeni (12) |
| 16 | Manichathazhe Kuriakose (Kenaz Tom) | Periya |
| 17 | Mannarthottathil John (Abel) | Paduppu |
| 18 | Mudakkalil Joseph (Jisto) | Mattara |
| 19 | Muriamvelil Joseph (Aron) | Panathady |
| 20 | Mylamannil Mathew (Sharon) | Cheemeni |
| 21 | Nettikkatt Anson Christie | Iritty |
| 22 | Nyayathu Antonio | Manikkadavu |

| | | |
|---|---|---|
| 23 | Padikkal Albert | Cheemeni |
| 24 | Poovathinkal Joseph (Chriswin) | Kolakkadu |
| 25 | Puthupparambil Josephin | Marygiri |
| 26 | Valayath Joseph (Alan) | Chundaparambu |
| 27 | Valiyakulathil Chacko (Anex) | Perinkary |
| 28 | Vavolil Zacharia (Ashin Tom) | Padiyoor |
| 29 | Vellaringattu Joseph (Tom) | Panathady |
| 30 | Knaiyamkunnel George MSM | Chudaparambu |
| 31 | Kanjirathummoottil Thomson (Leon) MSM | Cherupuzha |
| 32 | Vazhayil Thomas (Tom) MSM | Vilamana |

**നന്ദി**

**1. ഫാ. ജോസഫ് (ശ്രീജോ) മാളക്കാരൻ:** മൈനർ സെമിനാരിയുടെ വൈസ് റെക്ടറായും പ്രൊക്യൂറേറ്ററായും സേവനം ചെയ്ത പ്രിയപ്പെട്ട മാളക്കാരൻ അച്ചന്റെ സേവനകാലഘട്ടം ഒരിക്കലും മറക്കുവാൻ കഴിയുന്നതല്ല. നാലു വർഷകാലത്തെ ശുശ്രൂഷ കാലഘട്ടം സെമിനാരിയുടെയും, വൈദികാർത്ഥികളുടെയും വളർച്ചയുടെ കാലഘട്ടമായിരുന്നു. ഉപരിപഠനം ആരംഭിച്ച പ്രിയപ്പെട്ട ശ്രീജോ മാളക്കാരനച്ചന് ആശംസകൾ.

**2. ഫാ. മാത്യു ആലങ്കോട്ട്:** രണ്ടു വർഷത്തെ സേവനത്തിനുശേഷം നിർമ്മലഗിരി ഇടവകയിൽ ശുശ്രൂഷ ആരംഭിച്ചിരിക്കുന്ന പ്രിയപ്പെട്ട മാത്യു അച്ചന് പ്രാർത്ഥനാശംസകൾ.

3. **ബ്രദർ ഡോൺ ബോസ്കോ വേങ്ങപ്പള്ളി:** പ്രായോഗിക പരിശീലന കാലഘട്ടം വളരെ മനോഹരമായി പൂർത്തിയാക്കി ദൈവശാസ്ത്ര പഠനത്തിനായി റോമിലേക്ക് യാത്രയാകുന്ന ബ്രദർ ഡോൺ ബോസ്കോ വേങ്ങപ്പള്ളിക്ക് പ്രാർത്ഥനാശംസകൾ.

**സ്വാഗതം**

**1. ഫാ. കുര്യാക്കോസ് (സുനീഷ്) പുതുക്കുളങ്ങര:** മൈനർ സെമിനാരിയുടെ വൈസ് റെക്ടറായും പ്രൊക്യുറേറ്ററായും നിയമിതനായിരിക്കുന്ന ബഹു. കുര്യാക്കോസ് (സുനീഷ്) പുതുക്കുളങ്ങര അച്ചന് എല്ലാവിധ ആശംസകളും.

**2. ഫാ. ജോസഫ് വാരണത്ത്:** ആത്മീയ പിതാവായി ശുശ്രൂഷ ചെയ്യുവാൻ കടന്നുവന്ന ബഹു. ജോസഫ് വാരണത്തച്ചന് ഹൃദയം നിറഞ്ഞസ്വാഗതം. മുൻ കാലങ്ങളിൽ സെമിനാരി പരിശീലനത്തിൽ വലിയ പങ്കുവഹിച്ച പ്രിയപ്പെട്ട വാരണത്തച്ചന്റെ സാന്നിധ്യം മൈനർ സെമിനാരിക്ക് വലിയ മുതൽക്കൂട്ടായിരിക്കും. പ്രാർത്ഥനാശംസകൾ.

**3. ബ്രദർ ക്രിസ്റ്റഫർ തകിടി:** തത്വശാസ്ത്ര പഠനത്തിനുശേഷം റീജൻസിക്കായി കടന്നുവന്നിരിക്കുന്ന ബ്രദർ ക്രിസ്റ്റഫർ തകിടിക്ക് മൈനർ സെമിനാരി കുടുംബത്തിലേക്ക് സ്വാഗതം.

**ഫാ. കുര്യാക്കോസ് പ്ലാവുനിൽക്കുംപറമ്പിൽ**
*വൊക്കേഷൻ പ്രൊമോട്ടർ*
9400652328

**റവ. ഡോ. തോമസ് മേൽവെട്ടത്ത്**
*റെക്ടർ*
9447853524

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

**1. ദുക്റാനത്തിരുനാൾ**

"കർത്താവേ നീ എവിടേക്കു പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും? ഈശോ പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ പക്കലേക്ക് വരുന്നില്ല". സ്വർഗ്ഗത്തിലേക്കുള്ള വഴി കണ്ടെത്തിയവനാണ് മാർ തോമ്മാശ്ലീഹാ. നമുക്കു വിശ്വാസം പകർന്നുതന്ന മാർ തോമ്മാശ്ലീഹായെ അനുകരിച്ച് വിശ്വാസത്തിൽ ആഴപ്പെടാനും ജീവിക്കാനും പ്രഘോഷിക്കാനും മിശിഹായ്ക്ക് സാക്ഷ്യം വഹിക്കാനും നമുക്കു പരിശ്രമിക്കാം. ദുക്റാനത്തിരുന്നാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

**2. സർവ്വേ ഫോം - 2026**

2026-2027 അധ്യയനവർഷത്തെ മതാധ്യാപകരുടെയും കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വേ ഫോം ജൂലൈ 14-ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരുമല്ലോ.

**3. ആമുഖസെമിനാർ ജൂൺ 26-28**

തുടക്കക്കാരായ വിശ്വാസപരിശീലകർക്കായി ജൂൺ 26 മുതൽ 28 വരെയുള്ള തീയതികളിൽ ആമുഖസെമിനാർ സന്ദേശഭവനിൽ വച്ച് സംഘടിപ്പിക്കുന്നു. സെമിനാർ ജൂൺ മാസം 26-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.30 മണിക്ക് ആരംഭിച്ച് 28-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30-ന് അവസാനിക്കുന്നതാണ്. ഇതുവരെയും ആമുഖസെമിനാറിൽ പങ്കെടുക്കാത്ത എല്ലാ വിശ്വാസപരിശീലകരും നിർബന്ധമായും സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. സെമിനാറിന്റെ ഫീസ് 1400/- രൂപയായിരിക്കും.

**4. അതിരൂപതാ സന്ദർശകരുടെ സമ്മേളനം - ജൂൺ 27**

അതിരൂപതാ സന്ദർശകരുടെ ഈ വർഷത്തെ പ്രഥമസമ്മേളനം ജൂൺ 27-ന് ശനിയാഴ്ച രാവിലെ 11 മണി മുതൽ സന്ദേശഭവനിൽവച്ച് നടത്തുന്നു. എല്ലാവരും കൃത്യസമയത്ത് എത്തിച്ചേരുമല്ലോ.

**5. ENLIGHT 2026**

8-ാം ക്ലാസ്സ് കുട്ടികൾക്കുവേണ്ടിയുള്ള ENLIGHT പ്രോഗ്രാം ജൂൺ 28 ഞായറാഴ്ച രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണിവരെ ഫൊറോനകേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നു. 8-ാം ക്ലാസ്സിലെ അധ്യാപകർ കുട്ടികളെ ഫൊറോന പള്ളിയിൽ എത്തിക്കുക. ക്ലാസ്സ് വിഷയം: കൗമാര പ്രതിസന്ധികളും പ്രതിവിധികളും.

**6. മതബോധന മണിക്കൂർ**

മതബോധന മണിക്കൂറിന്റെ ഭാഗമായി ഈ വർഷം നമ്മൾ തിരുവചനങ്ങൾ കൊണ്ട് വചന ആൽബം നിർമ്മിക്കുന്നു. അതിനായി മതബോധനമണിക്കൂറിൽ പഠിക്കാനായി നൽകുന്ന 3 ദൈവവചനങ്ങൾ 3 നിറങ്ങളിൽ നോട്ട്ബുക്കിന്റെ ഒരു പേജിൽ എഴുതുകയോ, വ്യത്യസ്ത നിറത്തിലുള്ള പേപ്പറുകളിൽ എഴുതി നോട്ട്ബുക്കിൽ ഒട്ടിക്കുകയോ ചെയ്യേണ്ടതാണ്. മതബോധന മണിക്കൂറിലെ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ഈ പേജിന്റെ അവസാനഭാഗത്ത് എഴുതുക. പേജിന്റെ ഏറ്റവും താഴെ മാതാപിതാക്കളിലൊരാൾ തിയതി എഴുതി ഒപ്പിട്ടു നൽകുക. ഈ വചന ആൽബം ഞായറാഴ്ചകളിൽ വേദപാഠ ക്ലാസ്സിൽ കൊണ്ടുവന്ന് അധ്യാപകരെ കാണിച്ച് മാർക്ക് എഴുതി ഒപ്പിട്ടു നൽകേണ്ടതാണ്. പടിപടിയായി നിർമ്മിക്കുന്ന ഈ വചന ആൽബത്തെ ആസ്പദമാക്കിയായിരിക്കും ഇനിമുതൽ മതബോധന മണിക്കൂർ മാർക്ക് നൽകുന്നത്. ഏറ്റവും മനോഹരമായി ഫാമിലി വചന ആൽബം നിർമ്മിക്കുന്ന കുടുംബത്തിന് വർഷാവസാനം ഇടവകാതലത്തിൽ സമ്മാനം ഉണ്ടായിരിക്കും. ഈ ആൽബനിർമ്മാണത്തിൽ മാതാപിതാക്കൾക്കും കുട്ടികളെ സഹായിക്കാം. ഉപയോഗ യോഗ്യമായ ഒരു നോട്ട്ബുക്ക് (പഴയതോ പുതിയതോ) ആൽബ നിർമ്മാണത്തിന് ഉപയോഗിക്കാം.

**7. അസൈൻമെന്റ് ക്ലാസ് XII**

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **'പാർശ്വവത്ക്കരിക്കപ്പെടുന്ന ക്രൈസ്തവർ - കാരണങ്ങളും പ്രതിവിധികളും'** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ അവർക്കു ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റിന് കുറഞ്ഞത് 10 പേജുകളെങ്കിലും ഉണ്ടായിരിക്കണം.

**8. എയ്ഞ്ചൽ നഴ്സറി**

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിലെ എല്ലാ സൺഡേ സ്കൂളുകളിലും ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായി എയ്ഞ്ചൽ നഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകം ഓഫീസിൽ ലഭ്യമാണ്.

**9. ഫുൾഡേ ക്ലാസ്**

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തേണ്ടതാണ്. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

**10. ഫൊറോന കമ്മിറ്റി**

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്. ജൂൺ മാസത്തിൽ ഫൊറോന കമ്മിറ്റി കൂടേണ്ടതാണ്. ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, വിസിറ്റർ എന്നിവരിൽ ആരെയെങ്കിലും പുതുതായി തെരെഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേര്, അഡ്രസ്സ്, ഫോൺനമ്പർ മുതലായവ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**11. മതബോധന കൗൺസിൽ/പി.ടി.എ**

എല്ലാ ഇടവകകളിലും കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ചു ചേർത്ത് ക്ലാസ് കൊടുക്കേണ്ടതും മതബോധന കൗൺസിൽ രൂപീകരിക്കേണ്ടതുമാണ്.

**12. പുതിയ ഹെഡ്മാസ്റ്റർ, വിസിറ്റേഴ്സ്**

പുതിയ ഹെഡ്മാസ്റ്റർമാരെയും, വിസിറ്റേഴ്സിനെയും ഫൊറോനാ പ്രസിഡണ്ട്, സെക്രട്ടറിമാരെയും നിയമിക്കുമ്പോൾ അവരുടെ വിലാസവും മറ്റുവിവരങ്ങളും ബന്ധപ്പെട്ടവർ രേഖാമൂലം ഓഫീസിൽ അറിയിക്കേണ്ടതാണ്.

**13. ഗിരിദീപം**

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാത്തവരും ഓഫീസിൽ അറിയിക്കുമല്ലോ. **എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ** വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

**14. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് – മെയ് 30 ശനി**

2026–2027 അധ്യയനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് തളിപ്പറമ്പ് സെന്റ് മേരീസ് പാരീഷ് ഹാളിൽ വച്ച് നടത്തി. മാർ ജോസഫ് പാംപ്ലാനി പിതാവ് കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. റവ. ഫാ. ആന്റണി കിടാരത്തിൽ സ്വാഗതം ചെയ്തു. മോൺ ആന്റണി മുതുകുന്നേൽ അധ്യക്ഷത വഹിച്ചു. റവ. ഫാ. മാത്യു ആശാരിപ്പറമ്പിൽ, ശ്രീ. ജെയിംസ് ചിറയിൽ, ശ്രീമതി സാലി ജോസഫ് പൈംപള്ളികുന്നേൽ ആശംസാപ്രസംഗങ്ങൾ നടത്തി. സെബാസ്റ്റ്യൻ പാണ്ട്യമാക്കൽ, റവ. സി. റോസിലി ജോസ്

എംഎസ്എംഐ, ബേബി കുന്നേൽ, ആൻ റോസ് അന്തിനാട്ട്, ഒലിവിയ റോസ് വൈശ്യംപറമ്പിൽ, അന്ന കട്ടക്കയം എന്നിവർ മറുപടി പ്രസംഗം നടത്തി. ശ്രീ. ബാബു പതിപ്പള്ളിൽ നന്ദിയും പറഞ്ഞു. സി. റോസിലിയ എൻഎസ്, സി. സിൻസി സി.എം.സി എന്നിവർ പ്രാർത്ഥന ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. അഞ്ഞൂറോളം വിശ്വാസപരിശീലകർ കോൺഫറൻസിൽ പങ്കെടുത്തു. കൂടാതെ 2025-2026 പ്രവർത്തനവർഷത്തെ വിവിധ അവാർഡുകൾ, സ്കോളർഷിപ്പുകൾ എന്നിവ വിതരണം ചെയ്തു.

### a) ജൂബിലി ആഘോഷിച്ചവർ

മതാധ്യാപനരംഗത്ത് 50, 25 വർഷം പൂർത്തിയാക്കിയവരെയും മതാധ്യാപനരംഗത്തുനിന്ന് വിരമിച്ചവരെയും ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽ അഭിവന്ദ്യ പിതാവ് ആദരിച്ചു. സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച അധ്യാപകർക്ക് അതിരൂപതാ വിശ്വാസപരിശീലനകുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനകളും ആശംസിക്കുന്നു.

### i) സുവർണ്ണജൂബിലി

Sebastian Pandiyamackal (Rathnagiri), Mary James Vaniyakunnel (Udayagiri).

### ii) രജതജൂബിലി ആഘോഷിച്ചവർ

A.M Thomas Alappat (Karikkottakkary), Sherly Anto Poovakkulam (Konnakkad), Shyni Vattamattam (Malome), Anil Paingottu (Mampoil), Vinumon K J Kurisukunnel (Mampoil), Valsamma Koovathottu (Velimanam), Reji Thomas Kannanayikkel (Pariyaram), Thomas Purayidathil (Balesugiri), Lali Panachikalkarottu (Mudayaranji), Sr. Mercitta S.H (Karuvanchal), Graison John Ullahayil (Chettiyamparamba), Reji George Madickankal (Kadumeni), George Koottarapally (Mangode), Dayana Iruppakkattu (Mangode), Liby Mathew Karottukunnel (Adottukaya), Sr. Shelju SKD (Kalanki), Sr. Annuncia SKD (Kalanki), Sr. Graciya SKD (Kalanki), Sr. Rosly Jose MSMI (Adottukaya),Sr. Mareesa FDSHJ (Punnakkunnu).

### b) വിരമിച്ച പ്രധാനധ്യാപകർ

Benny Arackakalayil (Kunnumkai), Varghese Chakeyarath (Kannivayal), Devasya Thumbasseri (Ummarapoil), Jose Kallakavunkal (Thabore), Francis Joseph Tholampuzha (Sreekandapuram), Baby Kunnel (Pulikurumba), Jose Joseph Chiramkuzhy (Chavaragiri), Augustine Idakkarakandathil (Manakkadavu), Vargheese Anthikkattu (Santhigiri – Kallar), Antony M.A. Mecherikkunnel (Vaniyappara), Philip Pullamplavil (Kottoor), Shijo Mathew Srayil (Varakkad).

### c) വിരമിച്ച വിശ്വാസപരിശീലകർ

Lovely John Ayithanath (Mudayaranji), George Ittiyappara (Thirumeni), Aleyamma Varghese Muttath (Kalanki), Mathewkutty Perumpallikunnel (Thayyeni), Jose Pappalil (Manikkadavu), Daisy Joseph Kanayanattu (Manikkadavu), Chinnamma

Thekkupurathu (Ponmala), Shibu Kavukattu (Chavaragiri), Shanty Ozhukayil (Chavaragiri), Sebastian Pandiyamackal (Rathnagiri).

### d) അധ്യാപകർക്ക് അഭിനന്ദനങ്ങൾ

പന്ത്രണ്ടു വർഷവും മുടങ്ങാതെ എല്ലാ ഞായറാഴ്ചകളിലും വിശ്വാസം പരിശീലിപ്പിച്ച വിശ്വാസപരിശീലകർ.

1. Joseph Kalayathinakuzhy (Karikkottakkary), Shyni Vattamattam (Malome), Shyni Pulikkathadathil (Pulikurumba).

### e) കുട്ടികൾക്ക് അഭിനന്ദനങ്ങൾ

പന്ത്രണ്ടു വർഷവും എല്ലാ ഞായറാഴ്ചകളിലും വിശ്വാസപരിശീലന ക്ലാസ്സുകളിൽ ഹാജരായി പഠനം പൂർത്തിയാക്കിയ കുട്ടികൾ.

1. Joseph Varghese Thekkekarakkatt (Manadukkom), Angel Valiyaparambil (Mangode), Josepheena Neeliyara (Mangode), Theres Polakkulam (Mangode), Thomas Kalayathinakuzhy (Karikkottakkary), Elizabath Puthanpurakkal (Edappuzha), George Puthanpurakkal (Edappuzha), Alphonsa Nellickal (Mulapra), Joseph Nellickal (Mulapra), Sebastian Vattackattu (Shanthinagar), Albert Joy Sasthampadavil (Alphonsagiri), Richa Mariya Roy Kuttimakkal (Rajamudy), Noyal Vazhakkalayil (Nellippara), Emilit Mani Moolechalil (Peravoor), Theres Joseph Puthussery (Peravoor), Ann Mariya Tharakkunnel (Paisakkary), Angel Mariya Veliyath (Paisakkary), Anila Theresa Rinny Pallattu (Kacherikkadavu), Daniel Thomas Madathil, (Padiyottuchal), Abhishek John Veliyath (Padiyottuchal), Dona Mathew Chindarmaniyil (Padiyottuchal), Margret Mathew Perumpallil (Padiyottuchal), Agnes Varghese Perumpallil (Padiyottuchal), Josna Thomas Pandyamparambil (Padiyottuchal) Theresa Oozhikattu (Aravanchal), Felics George Joseph Puthuppallil (Aravanchal), Franco Thomas Joseph Puthuppallil (Aravanchal), Mary Muriyamkaril (Mudayaranji) Mariyet Reji Parathanathu (Ayannur).

### 15. ഡിപ്ലോമ, ആസ്പെക്ട് സർട്ടിഫിക്കറ്റുകൾ

2025-2026 പ്രവർത്തനവർഷത്തിൽ നടന്ന ഡിപ്ലോമ പരീക്ഷയുടെ സർട്ടിഫിക്കറ്റുകളും, ആസ്പെക്ട് സർട്ടിഫിക്കറ്റുകളും ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസിൽവച്ച് വിതരണം ചെയ്തിരുന്നു. സർട്ടിഫിക്കറ്റുകൾ എത്രയും പെട്ടന്നുതന്നെ കുട്ടികൾക്ക് നല്കേണ്ടതാണ്. സർട്ടിഫിക്കറ്റ് സംബന്ധമായ എന്തെങ്കിലും തിരുത്തലുകൾ ഉണ്ടെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

### 16. വിശ്വാസപരിശീലന പ്രവർത്തനവർഷ ഉദ്ഘാടനം

2026-2027 അധ്യയവർഷത്തെ വിശ്വാസപരിശീലനപ്രവർത്തനങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം തളിപ്പറമ്പ് സെന്റ് മേരീസ് പാരിഷ്ഹാളിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു.

**17. പ്രവേശനോത്സവം**

2026-2027 അധ്യയവർഷത്തിൽ ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികളുടെ പ്രവേശനോത്സവത്തിന്റെ ഉദ്ഘാടനം മെയ് 31, ജൂൺ 7 തീയതികളിൽ തളിപ്പറമ്പ് സെന്റ് മേരീസ് പാരിഷ് ഹാളിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു.

**18. പുസ്തകവിതരണം**

2026-2027 അധ്യയനവർഷത്തെ പാഠ - ഉപപാഠപുസ്തകങ്ങളുടെ വിതരണം ജൂൺ 9 മുതൽ 12 വരെയുള്ള തീയതികളിൽ തലശ്ശേരി സന്ദേശഭവനിലും, പടന്നക്കാട് പാസ്റ്ററൽ സെന്ററിലും നടത്തി. പുസ്തക വിതരണത്തിന് സഹകരിച്ച ഫൊറോനാ പ്രസിഡണ്ട്, സെക്രട്ടറി, ഹെഡ്മാസ്റ്റർമാർ എന്നിവർക്ക് ഹൃദയപൂർവ്വം നന്ദി....

**19. ENLIGHT പരിശീലകർക്കുള്ള പഠനശിബിരം - നന്ദി**

കൗമാരക്കാരായ കുട്ടികൾക്കായി (8-ാം ക്ലാസ്സ്) ഫൊറോനതലത്തിൽ സംഘടിപ്പിക്കുന്ന ENLIGHT പ്രോഗ്രാമിനു ക്ലാസ്സെടുക്കാനുള്ള അധ്യാപകർക്ക് തളിപ്പറമ്പിൽ വച്ച് ട്രെയിനിംഗ് പ്രോഗ്രാം നടത്തി. സി. ഡോ. റിൻസി അഗസ്റ്റ്യൻ എസ്എച്ച് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഓരോ ഫൊറോനയിൽ നിന്നും ഒരു വൈദികനും രണ്ട് അധ്യാപകരുമാണ് ഈ പഠനശിബിരത്തിൽ പങ്കെടുത്തത്.

**20. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ**

2026-2027 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

**21. ഡയറക്ടറച്ചന്റെ സന്ദർശനം**

ഡയറക്ടറച്ചൻ ലിസ്സിഗിരി, ആലക്കോട്, തളിപ്പറമ്പ്, ചീമേനി, തിരുമേനി, പടിമരുത് എന്നീ സൺഡേ സ്കൂളുകളിൽ സൺഡേ സ്കൂളുകളിൽ സന്ദർശനം നടത്തി.

**ഫാ. ആന്റണി കിടാരത്തിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റൊലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**ആൽഫാ ഹയർ ഇൻസ്റ്റിറ്റ്യൂട്ട് അധ്യയന വർഷാരംഭം**

Alpha Higher Institute of Religious Sciences ൽ ദൈവശാസ്ത്ര ഡിഗ്രി പ്രഥമ റെഗുലർ ബാച്ചിന്റെ ക്ലാസ്സുകൾ 15/06/26 മുതൽ സന്ദേശ ഭവനിൽ ആരംഭിച്ചു. ആദ്യബാച്ചിൽ 12 പഠിതാക്കളാണുള്ളത്. പ്രഥമ ബാച്ചിന്റെ 2026–27 അധ്യയന വർഷത്തിന്റെ ഉദ്ഘാടനം തലശ്ശേരി അതിരൂപതാ അധ്യക്ഷനും, ആൽഫാ ഹയർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മോഡറേറ്ററുമായ മാർ ജോസഫ് പാംപ്ലാനി നിർവ്വഹിച്ചു.

**ടെലി – ആൽഫാ ഓൺലൈൻ കോഴ്സ് രജിസ്ട്രേഷൻ**

ടെലി – ആൽഫാ സെന്റർ ഫോർ റിലീജിയസ് സയൻസിന്റെ ദൈവശാസ്ത്ര ഓൺലൈൻ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു. ജൂലൈ അവസാനത്തോടെ ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്.

**ലോഗോസ് രജിസ്ട്രേഷൻ**

ലോഗോസ് 2026 രജിസ്ട്രേഷൻ ആരംഭിച്ചു. രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി **2026 ജൂലൈ 31**. എല്ലാ ഇടവകകളും **ജൂലൈ 15 ന്** മുമ്പായി രജിസ്ട്രേഷൻ പൂർത്തിയാക്കാൻ ശ്രദ്ധിക്കുമല്ലോ.

**പഠനഭാഗങ്ങൾ**

റൂത്ത് 1–4, സഭാപ്രസംഗകൻ 1–6, 1 സാമുവൽ 1–7, വി. യോഹന്നാൻ 1–12, ഗലാത്തിയ 1–6

രജിസ്ട്രേഷൻ ഫീസ് 20 രൂപ. ഇടവക വിഹിതം 2 രൂപ എടുത്ത ശേഷം പി.ഒ.സിയിലേക്കും, രൂപതയിലേക്കുമായി 18 രൂപ വീതമാണ് അടക്കേണ്ടത്.

**രൂപതാതല പരീക്ഷ : 2026 സെപ്റ്റംബർ 27, സമയം : 2.00 – 3.30 pm**

A വിഭാഗം – 1–1–2015 – നും അതിനുശേഷവും ജനിച്ചവർ
B വിഭാഗം – 1–1–2010 – നും 31–12–2014 – നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം – 1–1–1995 – നും 31–12–2009 – നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം – 1–1–1975 – നും 31–12–1994 – നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം – 1–1–1962 – നും 31–12–1974 – നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം – 31–12–1961 – നും അതിനുമുമ്പും ജനിച്ചവർ

**ഫാ. മാത്യു കൊട്ടുകാപ്പള്ളി**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*
*& ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

**ഫാ. ജോസഫ് കളപ്പുരക്കൽ**
*അസി. ഡയറക്ടർ,*
*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്

## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

നേരിൽ കണ്ട്, സ്പർശിച്ചനുഭവിച്ച ക്രിസ്തുവിനെ ലോകം മുഴുവൻ അറിയിക്കാൻ ആഗ്രഹിച്ച വി. തോമാശ്ലീഹായുടെ ദുക്റാനത്തിരുനാളിന്റെയും സഹനത്തെ സുഖമുള്ള നൊമ്പരമാക്കി സ്വർഗ്ഗീയ കിരീടമണിഞ്ഞ വി. അൽഫോൻസാമ്മയുടെ തിരുനാളിന്റെയും മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

ഈ പുതിയ പ്രവർത്തനവർഷത്തിൽ **'സഭയെ സ്നേഹിക്കാം ലോകത്തിൽ സാക്ഷികളാകാം....'** എന്ന ആപ്തവാക്യത്തെ നെഞ്ചോട് ചേർത്ത് കൂടുതൽ തീഷ്ണതയോടെ, വിശുദ്ധിയോടെ മുന്നേറുവാൻ നമുക്ക് പരിശ്രമിക്കാം. ഈ വർഷം മിഷൻലീഗ് സംഘടനയിൽ അംഗങ്ങളായി കടന്നുവന്നിരിക്കുന്ന എല്ലാ കുഞ്ഞുമിഷനറിമാർക്കും മിഷൻലീഗ് സംഘടനാ പ്രവർത്തനം വഴി ധാരാളം ദൈവാനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അനുസ്മരിക്കുന്ന തിരുനാൾ : ദുക്റാനത്തിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധർ : വി. തോമാശ്ലീഹ, വി. അൽഫോൻസാമ്മ
പ്രാർത്ഥനാനിയോഗം : എല്ലാ മെത്രാന്മാർക്കും വേണ്ടി
സുകൃതജപം : വിശുദ്ധ തോമാശ്ലീഹായെ ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമേ.

**1. ശാഖകൾ ശ്രദ്ധിക്കാൻ**

01 ബുധൻ : ഡോക്ടേഴ്സ് ഡേ
03 വെള്ളി : ദുക്റാനത്തിരുനാൾ, അംഗത്വ സ്വീകരണം, അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം.
06 തിങ്കൾ : വി. മരിയാഗൊരേത്തിയുടെ തിരുനാൾ
12 ഞായർ : വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാൾ, കുടുംബദിനാചരണം.
16 വ്യാഴം : കർമ്മല മാതാവിന്റെ തിരുനാൾ
26 ഞായർ : മാർ തോമസ് തറയിൽ ചരമവാർഷികം

28 ചൊവ്വ : വി. അൽഫോൻസാമ്മയുടെ തിരുനാൾ, അസാധാരണ സമ്മേളനം, പൊതു ദിവ്യകാരുണ്യസ്വീകരണം. വൈസ് ഡയ റക്ടേഴ്സ് ദിനം, ശാഖാ വൈസ്ഡയറക്ടേഴ്സ് ഓൺലൈൻ സംഗമം, ലോക പ്രകൃതിസംരക്ഷണദിനം, പ്രകൃതി സംര ക്ഷണ പ്രതിജ്ഞ.

**2. മേഖലകൾ ശ്രദ്ധിക്കാൻ**

എക്സിക്യൂട്ടീവ്, അൽഫോൻസാ ക്വിസ്സ്, കൊച്ചുത്രേസ്യായുടെ മാതാ പിതാക്കളുടെ തിരുനാൾ, കുടുംബദിനാചരണം, വി. അൽഫോൻസാമ്മയുടെ തിരുനാൾ – വൈസ്ഡയറക്ടേഴ്സ് ദിനം, ഡോക്ടേഴ്സ് ഡേ, അതിരൂപതാ മാനേജിംഗ് കമ്മറ്റി – ജൂനിയർ ഭാരവാഹികളുടെ ഇലക്ഷൻ, മേഖല പ്രസി ഡന്റുമാരുടെ മീറ്റിംഗ്, ദുക്റാനതിരുനാൾ.

**3. അംഗത്വസ്വീകരണം :** ദുക്റാന തിരുനാളിനോടനുബന്ധിച്ച് ജൂലൈ 3 നോ തൊട്ടടുത്ത ഞായറാഴ്ചയോ ഈ വർഷത്തെ അംഗത്വ സ്വീകരണം നടത്തി ജൂലൈ 31 നുള്ളിൽ കഴിഞ്ഞ വർഷത്തേതിന്റെ തുടർച്ചയായ നമ്പറിട്ട് അംഗത്വ ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ. അംഗത്വ കാർഡിന്റെ മറുവശത്ത് വികാരിയച്ചനെകൊണ്ട് ഒപ്പ് ഇടീച്ചതിനുശേഷം അതിരൂപത യിൽ കൊണ്ടുവരുവാൻ ശ്രദ്ധിക്കുമല്ലോ. അംഗത്വ കാർഡിനോടൊപ്പം അതി രൂപതയിൽനിന്ന് തന്ന അംഗത്വ ഫോമിൽ കുട്ടികളുടെ പേര്, വീട്ടുപേര്, ജന നത്തീയതി, പിതാവിന്റെ പേര്, കുട്ടിയെ വിളിക്കുന്നപേര്. അംഗത്വം സ്വീക രിച്ച തീയതി എന്നിവ കൃത്യമായി എഴുതികൊണ്ടുവരാൻ ശ്രദ്ധിക്കുമല്ലോ.

**4. അതിരൂപതാതല അൽഫോൻസാ ക്വിസ്സ്**

**നിബന്ധനകൾ**

1) 5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് മത്സരത്തിൽ പങ്കെ ടുക്കാം.
2) ഒരു മേഖലയിൽ നിന്ന് 3 കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. ഉത്തരം പരസ്പരം ചർച്ചചെയ്ത് എഴുതാവുന്നതാണ്.
3) ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും നിർബന്ധമായും ഗ്രൂപ്പിൽ ഉണ്ടാ യിരിക്കണം.
4) ഓഗസ്റ്റ് 5–ാം തീയതിക്കുള്ളിൽ മേഖലകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന ടീമിന്റെ പേരുകൾ അതിരൂപതയിൽ തരേണ്ടതാണ്.
5) പഠനഭാഗം: **വി. അൽഫോൻസ ആത്മീയതയുടെ അനശ്വരദീപ്തി** എന്ന പുസ്തകത്തിൽ **'ചരിത്രത്തിന്റെ ചാലുകൾ'** എന്ന തലക്കെട്ട് മുതൽ **'ചോദിച്ചു വാങ്ങിയ മരണം'** എന്ന തലക്കെട്ട് ഉൾപ്പെടെയുള്ള ഭാഗവും **'നവമാലിക' 3,4** അദ്ധ്യായങ്ങളിൽ നിന്നുമാണ് ചോദ്യങ്ങൾ.
6) ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന ടീമിന് ട്രോഫിയും ക്യാഷ് അവാർഡും ഉണ്ടായിരിക്കും.

7) ഒന്നാം സ്ഥാനം നേടുന്ന ടീമിനെ മിഷൻ തീർത്ഥയാത്രയ്ക്ക് കൊണ്ടു പോകുന്നതായിരിക്കും.

8) അതിരൂപതാതല മത്സരം **ഓഗസ്റ്റ് 15-ാം** തീയതി നടത്തപ്പെടുന്നതായി രിക്കും. സമയവും സ്ഥലവും പിന്നീട് അറിയിക്കുന്നതായിരിക്കും.

9) മേഖലാതലത്തിൽ വിജയികളായ ശാഖാ ടീംമംഗങ്ങൾ തന്നെയായിരി ക്കണം അതിരൂപതാ മത്സരത്തിൽ പങ്കെടുക്കേണ്ടത്.

10) കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 55 കാണുക.

**5. ഡോക്ടേഴ്സ് ഡേ**

ജൂലൈ ഒന്ന് ഡോക്ടേഴ്സ് ഡേ ആണല്ലോ. അന്നേ ദിവസം ആതുരശു ശ്രൂഷാരംഗത്ത് സ്തുത്യർഹമായ സേവനം ചെയ്തുകൊണ്ടിരിക്കുന്ന ഡോക്ടേഴ്സിനെ മേഖലാ - ശാഖാ തലങ്ങളിൽ ആദരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അതിരൂപതാതല ഡോക്ടേഴ്സ് ഡേ ആഘോഷം സിനി മെമ്മോറിയൽ ചെറുപുഴ ഹോസ്പിറ്റലിൽ വച്ച് നടത്തപ്പെടുന്നതാണ്.

**6. അംഗത്വ സ്വീകരണവും, സെന്റ് തോമസ് ഡേ ദിനാചരണവും**

അതിരൂപതാതല അംഗത്വ സ്വീകരണവും, സെന്റ് തോമസ് ഡേ ദിനാ ചരണവും ജൂലൈ 5-ാം തീയതി മണക്കടവ് ശാഖയിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ ശാഖകളിലും അന്നേ ദിനം അംഗത്വ സ്വീകരണവും, സെന്റ് തോമസ് ഡേ ദിനാചരണവും, അസാധാരണ സമ്മേളനവും, പൊതു ദിവ്യകാരുണ്യ സ്വീകരണവും നടത്തുമല്ലോ.

**7. വി. അൽഫോൻസാമ്മയുടെ തിരുനാളും, വൈസ് ഡയറക്ടേഴ്സ് ദിനവും**

അതിരൂപതാതല വി. അൽഫോൻസാമ്മയുടെ തിരുനാളും, വൈസ് ഡയ റക്ടേഴ്സ് ദിനവും മുണ്ടാനൂർ ശാഖയിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ ശാഖ കളിലും അന്നേ ദിനം തിരുനാൾ ആഘോഷിക്കുവാനും, ശാഖാ - മേഖലാ വൈസ് ഡയറക്ടേഴ്സിനെ ആദരിക്കുവാനും ശ്രദ്ധിക്കുമല്ലോ. അതോടൊപ്പം അന്നേദിനം അസാധാരണ സമ്മേളനവും, പൊതു ദിവ്യകാരുണ്യ സ്വീകര ണവും നടത്തുമല്ലോ. അന്നേ ദിനം അതിരൂപതയുടെ നേതൃത്വത്തിൽ ശാഖാ - മേഖലാ വൈസ്ഡയറക്ടേഴ്സിന് ഓൺലൈൻ സംഗമം ഉണ്ടായിരിക്കും. അന്നത്തെ പ്രോഗ്രാമുകളെക്കുറിച്ച് പിന്നീട് നിങ്ങളെ അറിയിക്കുന്നതായി രിക്കും.

**8. വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാൾ, കുടുംബ ദിനാചരണം**

വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാൾ ദിനം ജൂലൈ 12-ാം തീയതി ആണല്ലോ അന്നേദിനം മിഷൻലീഗ് അംഗങ്ങൾ കുടുംബദി നാചരണമായി ആചരിക്കുകയാണല്ലോ. അന്നേദിവസമോ തൊട്ടടുത്ത ഞായ

റാഴ്ചയോ ശാഖകളിലും, മേഖലകളിലും വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാളും കുടുംബദിനാചരണം നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതാതല ആചരണം ജൂലൈ 12-ാം തീയതി അറബി ശാഖയിൽ വച്ച് നടത്തുന്നതായിരിക്കും.

**9. അതിരൂപതാ മാനേജിംഗ് കമ്മറ്റി**

2026 ജൂലൈ 11 ശനിയാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് അതിരൂപതാ മാനേജിംഗ് കമ്മറ്റിയും ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടത്തുന്നതാണ്. എല്ലാ മേഖലകളിലെയും ജൂനിയർ - സീനിയർ ഭാരവാഹികൾ മാനേജിംഗ് കമ്മറ്റിയിൽ പങ്കെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. അന്നേ ദിനം 1:30 pm ന് മേഖലാ പ്രസിഡന്റുമാരുടെ മീറ്റിംഗ് ഉണ്ടായിരിക്കുന്നതാണ്.

**11. ബെസ്റ്റ് ശാഖാ - മേഖലാ തിരഞ്ഞെടുപ്പ്**

ബെസ്റ്റ് ശാഖാ - മേഖലാ നിർണ്ണയത്തിനായി അതിരൂപതാ ഭാരവാഹികൾ ജൂലൈ 5 നും 20 നും ഇടയിൽ തെരഞ്ഞെടുക്കപ്പെട്ട ശാഖകളും മേഖലകളും സന്ദർശിക്കുന്നതായിരിക്കും എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

**12. ഹൃദ്യമായ സ്വാഗതം**

കുന്നോത്ത് മേഖല ഡയറക്ടർ ഫാ. മാത്യു ആനിക്കുഴിക്കാട്ടിൽ, കാസർഗോഡ് മേഖല ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം, പൈസക്കരി മേഖല ഡയറക്ടർ ഫാ. ജോൺ മണ്ണൂർ, വെള്ളരിക്കുണ്ട് മേഖല ഡയറക്ടർ ഫാ. വിനോദ് ഇട്ടിയപ്പാറ, മേരിഗിരി മേഖല ഡയറക്ടർ ഫാ. മാത്യു പരിയാനിക്കൽ, മാലോം മേഖല ഡയറക്ടർ ഫാ. ജോൺ മുള്ളംകുഴി, കാഞ്ഞങ്ങാട് മേഖല ഡയറക്ടർ ഫാ. മാത്യു കല്ലുങ്കൽ, ചെമ്പേരി മേഖല ഡയറക്ടർ ഫാ. തോമസ് ചിന്താർമണിയിൽ, പേരാവൂർ മേഖല ഡയറക്ടർ ഫാ. ജോസഫ് ഓരത്തേൽ, നെല്ലിക്കാംപൊയിൽ മേഖല ഡയറക്ടർ ഫാ. ജോർജ് ചാലിൽ, ചെമ്പന്തൊട്ടി മേഖല ഡയറക്ടർ ഫാ. ജോസഫ് കാഞ്ഞിരത്തിങ്കൽ, ചെറുപുഴ മേഖല ഡയറക്ടർ ഫാ. ജോസഫ് ആനക്കല്ലിൽ, തളിപ്പറമ്പ് മേഖല വൈസ് ഡയറക്ടർ സി. ട്രീസ ജോയ് എഫ് സി സി, മണിക്കടവ് മേഖല വൈസ് ഡയറക്ടർ സി. എയ്ഞ്ചൽ മരിയ MSMI, കാഞ്ഞങ്ങാട് മേഖല വൈസ് ഡയറക്ടർ സി. ആനി മരിയ എസ്.എച്ച്, ആലക്കോട് മേഖല വൈസ് ഡയറക്ടർ സി. ഹെലൻ വരിക്കമാക്കൽ SABS, കാസർഗോഡ് മേഖല വൈസ് ഡയറക്ടർ സി. സൗമ്യ ആന്റണി സി.എം.സി, പേരാവൂർ മേഖലാ വൈസ് ഡയറക്ടർ സി. ജോസ്ന ജോസ് എഫ്.സി.സി, ചെറുപുഴ മേഖല വൈസ് ഡയറക്ടർ സി. ലിസ്‌വിൻ എസ് എം എസ്, തോമാപുരം മേഖല വൈസ് ഡയറക്ടർ സി. ക്ലറിൻ SABS, ചെമ്പേരി മേഖല വൈസ് ഡയറക്ടർ

സി. റോഷ്നി എഫ് സി സി, നെല്ലിക്കാംപൊയിൽ മേഖല വൈസ് ഡയറക്ടർ സി. ജ്യോതിസ് സി.എം.സി എന്നിവർക്ക് അതിരൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**ഹൃദ്യമായ നന്ദി:** കർമ്മനിരതമായ പ്രവർത്തന ശൈലിയിലൂടെ, ത്യാഗനിർഭരമായ സേവനത്തിലൂടെ ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനങ്ങൾക്ക് മേഖലയിൽ ശുശ്രൂഷചെയ്ത് പുതിയ ഇടവകകളിലേക്ക് സ്ഥലം മാറിപ്പോയ കുന്നോത്ത് മേഖല ഡയറക്ടർ ഫാ. മാത്യു ശാസ്താംപടവിൽ, വെള്ളരിക്കുണ്ട് മേഖല ഡയറക്ടർ ഫാ. ജോസഫ് കൊട്ടാരത്തിൽ, കാസർഗോഡ് മേഖല ഡയറക്ടർ ഫാ. ജോസഫ് ഐക്കരപ്പറമ്പിൽ, ചെമ്പേരി മേഖല ഡയറക്ടർ ഫാ. ജെറിൻ പന്തലൂപറമ്പിൽ, കാഞ്ഞങ്ങാട് മേഖലാ ഡയറക്ടർ ഫാ. ജിതിൻ കളത്തിൽ, ആലക്കോട് മേഖല വൈസ് ഡയറക്ടർ സി. ഡിറ്റി SJL, കാഞ്ഞങ്ങാട് മേഖലാ വൈസ് ഡയറക്ടർ സി. മേഴ്സി എഫ്.സി.സി, തോമാപുരം മേഖല വൈസ് ഡയറക്ടർ സി. ലിബിന എസ്.ഡി എന്നിവർക്ക് അതിരൂപതാ കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും ആശംസകളും.

### 13. കാഞ്ഞങ്ങാട് റീജിയണൽ വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

കാഞ്ഞങ്ങാട് റീജിയണിൽ ഉള്ളവർക്ക് അംഗത്വകാർഡ് സീൽ ചെയ്യാൻ സൗകര്യത്തിനായി ഓഗസ്റ്റ് 1 ന് രാവിലെ 10 മണി മുതൽ 2 മണിവരെ അതിരൂപതാ ടീം പടന്നക്കാട് പാസ്റ്ററൽ സെന്ററിൽ ഉണ്ടായിരിക്കും. ഓഫീസ് സംബന്ധമായി നിങ്ങൾക്കാവശ്യമുള്ള സാധനങ്ങൾ അന്ന് വാങ്ങാൻ സൗകര്യമുണ്ടായിരിക്കും.

### 14. അതിരൂപതാതല ലോഗോ മത്സരം

അതിരൂപതാതലത്തിൽ ഈ വർഷത്തെ മിഷൻലീഗ് ആപ്തവാക്യത്തെ അടിസ്ഥാനമാക്കി ലോഗോമത്സരം നടത്തപ്പെടുന്നു. മത്സരത്തെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) മത്സരത്തിൽ പ്രായപരിധിയില്ല. മിഷൻലീഗ് അംഗത്വകാർഡ് ഉള്ളവർക്ക് മത്സരിക്കാവുന്നതാണ്.
2) പ്രമേയം: **'സഭയെ സ്നേഹിക്കാം ലോകത്തിൽ സാക്ഷികളാകാം....'** (മിഷൻലീഗിന്റെ ഈ വർഷത്തെ ആപ്തവാക്യമാണ്. ഈ വിഷയത്തെ അടിസ്ഥാനമാക്കിയാണ് ലോഗോ വരയ്ക്കേണ്ടത്).
3) തന്നിരിക്കുന്ന വിഷയം വ്യക്തമായും കൃത്യമായും പ്രകടമാക്കുന്നതായിരിക്കണം. ലോഗോ മറ്റൊന്നിന്റെ കോപ്പി ആകരുത്. പൂർണ്ണമായും സ്വന്തം ആശയവും നിർമ്മിതിയുമായിരിക്കണം.
4) മത്സരം രണ്ട് വിധത്തിലാണ് നടത്തുന്നത്. ഡിജിറ്റലായും, പൂർണ്ണമായും കൈകൊണ്ട് വരച്ചും. ഏതെങ്കിലും ഒന്നിൽമാത്രമേ പങ്കെടുക്കാവൂ.

5) ലോഗോയുടെ അർത്ഥതലം 5 വാക്യത്തിൽ കൂടാതെ വിവരിച്ചിരിക്കണം.
6) ഒരു ശാഖയിൽ നിന്നും രണ്ടുമത്സരത്തിലും ഓരോ എൻട്രികൾ വീതമാണ് രൂപതയ്ക്ക് നൽകേണ്ടത്.
7) ജൂലൈ 25 ന് മുമ്പ് PDF ഫോർമാറ്റായി ഇവിടെ തന്നിരിക്കുന്ന നമ്പറിൽ അയച്ചുതരിക. 8281255847.
8) **ഡിജിറ്റൽ ലോഗോ നിർമ്മാണം:** (Canvas size: 1080px X 1080px, Resolution **:** 300PPI, Colur mode: CMYK)

- ലോഗോ സ്ക്വയർ ഷെയ്പ്പിനുള്ളിൽ വെള്ള ബാക്ക്ഗ്രൗണ്ടിലാണ് നിർമ്മിക്കേണ്ടത്. ലോഗോ നിർമ്മിക്കാൻ ഏത് മൊബൈൽ ആപ്പ് വേണമെങ്കിലും ഉപയോഗിക്കാവുന്നതാണ്. വാട്ടർമാർക്ക് ഇമേജുകൾ ഉപയോഗിക്കാൻ പാടില്ല.

9) **ലോഗോ പൂർണ്ണമായും കൈകൊണ്ട് വരയ്ക്കുന്നവർ ശ്രദ്ധിക്കേണ്ടത്:**

- ഒരു A4 ഷീറ്റിൽ 11 ഇഞ്ച് എന്ന അളവിനുള്ളിലായിരിക്കണം ലോഗോ വരയ്ക്കേണ്ടത്. വരകൾ, കളർ ഷെയ്ഡുകൾ, സിംബലുകൾ എന്നിവ ലോഗോയിൽ ഉൾപ്പെടുത്താം. സ്കെച്ച് പെൻ, കളർ പെൻസിലുകൾ, പേനകൾ എന്നിവ ഉപയോഗിക്കാം.

10) ലോഗോ മത്സരത്തിൽ പങ്കെടുക്കുന്നവർ പേര്, വീട്ടുപേര്, ഇടവക, മേഖല, ഫോൺനമ്പർ, അംഗത്വ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

## 15. പ്രവർത്തനവർഷ ഉദ്ഘാടനവും വൈസ് ഡയറക്ടേഴ്സ് മീറ്റിംഗും മാർഗ്ഗരേഖാ പ്രകാശനവും

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത 2026-27 പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും മേഖല ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് ശാഖ വൈസ്ഡയറക്ടേഴ്സ് മീറ്റിംഗും ജൂൺ 6-ാം തീയതി ശനിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. രാവിലെ 9.15 ന് വി. കുർബാനയ്ക്ക്ശേഷം അതിരൂപതാ പ്രസിഡന്റ് ശ്രീ. സുനിൽ ചെന്നിക്കരയുടെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനം ചെയ്ത് തിരുബാലസഖ്യം മാർഗ്ഗരേഖയുടെ പ്രകാശനകർമ്മം നിർവഹിച്ചു. സംസ്ഥാന ഡയറക്ടർ റവ. ഫാ. ഷിനോജ് പുന്നക്കൽ മുഖ്യ പ്രഭാഷണം നടത്തി മിഷൻലീഗിന്റെ മാർഗ്ഗരേഖയുടെ പ്രകാശനകർമ്മംനിർവഹിച്ചു. അതിരൂപതയിലെ എല്ലാ ശാഖകളിലും വിഷമുക്ത പച്ചക്കറിത്തോട്ടം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ പച്ചക്കറി വിത്ത് തളിപ്പറമ്പ് ഫൊറോന വികാരി ഫാ. മാത്യു ആശാരിപ്പറമ്പിൽ വിതരണം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വയലുങ്കൽ മാർഗ്ഗരേഖാ വിശകലന ക്ലാസ്സിന് നേതൃത്വം നൽകി. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ്

വയലുങ്കൽ സ്വാഗതവും അതിരൂപതാ ജനറൽ ഓർഗനൈസർ ഷിജോ സ്രായിൽ നന്ദിയും പറഞ്ഞു.

**16. എയ്ഞ്ചൽസ് മീറ്റ്**

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ മേഖലാതല സംഗമമായ ഏഞ്ചൽസ് മീറ്റ് 23.05.26 ന് നെല്ലിക്കാംപൊയിൽ മേഖല നടത്തി. ഫൊറോന വികാരിയച്ചനും മേഖലാ ഡയറക്ടർ അച്ചനും വൈസ് ഡയറക്ടർ സിസ്റ്ററിനും മേഖലാ ശാഖ ഭാരവാഹികൾക്കും അതിരൂപത കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു

**17. നമ്മുടെ അച്ചൻ, സ്നേഹമുള്ള സിസ്റ്റർ, മിഷൻഗ്രാമം**

അതിരൂപതയിലെ ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും അഗതിമന്ദിരത്തിനും മിഷൻഗ്രാമത്തിനും വേണ്ടി പ്രാർത്ഥിക്കാനുള്ള ലിസ്റ്റ് എല്ലാ ശാഖകൾക്കും മേഖലകൾക്കും ലഭിച്ചുകാണും എന്ന് കരുതുന്നു. അതിരൂപതയിലെ ബഹുമാനപ്പെട്ട വൈദികരെയും സിസ്റ്റേഴ്സിനെയും ഓർത്ത് പ്രാർത്ഥിക്കുവാനായി ഓരോ ശാഖയ്ക്കും നൽകിയിരിക്കുന്ന ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും ഫോണിൽ വിളിച്ചും കത്തുകളെഴുതിയും അവർക്കായി പ്രാർത്ഥിക്കുന്നുണ്ടെന്ന് അറിയിക്കുകയും ഫീസ്റ്റ് ഡേ, ബർത്ത് ഡേ, വിയാനി ഡേ, ഓർഡിനേഷൻ ഡേ തുടങ്ങിയ അവസരങ്ങളിൽ ആശംസകൾ അർപ്പിക്കുകയും ചെയ്യാൻ ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

ശാഖകൾക്ക് പ്രാർത്ഥിക്കുവാൻ ലഭിച്ചിരിക്കുന്ന വൃദ്ധസദനങ്ങൾ, ഓർഫനേജുകൾ, മിഷൻഗ്രാമങ്ങൾ എന്നിവിടങ്ങൾ സന്ദർശിച്ച് അവർക്കുവേണ്ട സഹായങ്ങൾ ചെയ്യുവാനും ശ്രദ്ധിക്കണേ. മിഷൻ ഗ്രാമങ്ങളുമായി ബന്ധപ്പെട്ട് അവരുമായി സൗഹൃദം നിലനിർത്തുവാൻ പരിശ്രമിക്കുകയും വേണം. ഏതെങ്കിലും ശാഖകൾക്ക് മിഷൻഗ്രാമങ്ങൾ ലഭിച്ചിട്ടില്ലെങ്കിൽ അതിരൂപതാ ഓഫീസിൽ അറിയിക്കുമല്ലോ.

**18. അഭിനന്ദനങ്ങൾ :** വിശ്വാസപരിശീലനത്തിൽ 12-ാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന കുട്ടികൾക്ക് ചെറുപുഷ്പ മിഷൻലീഗ് നൽകി വരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പൗരോഹിത്യ സുവർണ്ണജൂബിലി മെമ്മോറിയൽ അവാർഡ് കരസ്ഥമാക്കിയ ആൻറോസ് അന്തിനാട്ട് വിജയഗിരിക്കും അതോടൊപ്പം എം.റ്റി.സി. ഉണർവ്വ് ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികളിൽ നിന്ന് 10, 12 ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ്സ് വാങ്ങുന്ന കുട്ടികൾക്ക് നൽകുന്ന പോണാട്ട് ജോസഫ് - ഏലിക്കുട്ടി മെമ്മോറിയൽ എക്സലന്റ് അവാർഡ് കരസ്ഥമാക്കിയ കൊച്ചുകൂട്ടുകാർക്കും അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

വിശ്വാസത്തിന്റെ ദീപശിഖ തെളിയിച്ചുതന്ന ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹായുടെയും സഹനത്തെ സ്നേഹിച്ച് ജീവിച്ച ഭാരതത്തിന്റെ പ്രഥമ വിശുദ്ധയായ വി. അൽഫോൻസാമ്മയുടെയും തിരുനാൾ ഈ മാസം നാം ആഘോഷിക്കുമ്പോൾ ഈ വിശുദ്ധരുടെ ജീവിത മാതൃക നമുക്കെന്നും പ്രചോദനമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം ഈ വർഷം തിരുബാലസഖ്യം സംഘടനയിൽ അംഗങ്ങളായി കടന്നുവന്നിരിക്കുന്ന എല്ലാ കൊച്ചുകൂട്ടുകാർക്കും തിരുബാലസഖ്യം പ്രവർത്തനം വഴി ധാരാളം ദൈവാനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അനുസ്മരിക്കുന്ന തിരുനാൾ : ദുക്റാനതിരുനാൾ

അനുസ്മരിക്കുന്ന വിശുദ്ധർ : വി. തോമാശ്ലീഹ, വി. അൽഫോൻസാമ്മ, വി. മരിയഗൊരേത്തി

പ്രാർത്ഥനാനിയോഗം : രോഗികൾക്കുവേണ്ടി

സുകൃതംജപം : എന്റെ കർത്താവേ, എന്റെ ദൈവമേ

വചനം : വഴിയും സത്യവും ജീവനും ഞാനാകുന്നു. (വി. യോഹ14 :6)

പ്രവൃത്തി : വി. തോമാശ്ലീഹാ, വി. അൽഫോൻസാമ്മ, വി. മരിയ ഗൊരേത്തി എന്നിവരുടെ ജീവചരിത്രം മാതാപിതാക്കളുടെ സഹായത്തോടെ പഠിക്കുന്നു.

മന:പാഠമാക്കുക : അഞ്ച് സുകൃതജപം അധ്യാപകരുടെ സഹായത്തോടെ പഠിക്കുക.

എയ്ഞ്ചൽസ് വോയ്സ് : പ്രസംഗമത്സരം (അതിരൂപതാതലം)

**1. ശാഖകൾ ശ്രദ്ധിക്കാൻ**

01 ബുധൻ : ഡോക്ടേഴ്സ് ഡേ

03 വെള്ളി : ദുക്റാനതിരുനാൾ, ബാഡ്ജ് ധരിച്ച് ദിവ്യബലിയിൽ പങ്കെടുക്കുക. പൊതു മീറ്റിംഗ് കൂടുക

06 തിങ്കൾ : വി. മരിയാഗൊരേത്തിയുടെ തിരുനാൾ

12 ഞായർ : അംഗത്വ സ്വീകരണം

16 വ്യാഴം : കർമ്മല മാതാവിന്റെ തിരുനാൾ
28 ചൊവ്വ : വി. അൽഫോൻസാമ്മയുടെ തിരുനാൾ

**2. ഈശോയെപ്പോലെ വളരാം... വലുതാകാം...**

ഈശോയെപ്പോലെ വളരാം... വലുതാകാം എന്ന വർക്ക് ബുക്ക് എല്ലാ കൂട്ടുകാരുടെയും കൈകളിൽ എത്തിക്കാണുമല്ലോ. ഇനിയും കിട്ടാത്തവർക്ക് എത്രയും വേഗം എത്തിച്ചുകൊടുക്കുവാൻ ബഹു. ഡയറക്ടർ അച്ചൻമാരും ആനിമെറ്റേഴ്സും സൺഡേസ്കൂൾ ഹെഡ്മാസ്റ്റേഴ്സും ശ്രദ്ധിക്കുമല്ലോ. അടുത്ത മാസം മുതൽ (ഓഗസ്റ്റ്) ആണ് ഒന്നാം അധ്യായത്തിൽ കൊടുത്തിരിക്കുന്ന നിറംകൊടുക്കാമോ? നിങ്ങൾക്കറിയാമോ? എന്നിവ കളർ ചെയ്ത് പൂർത്തിയാക്കി അതിരൂപതയിലേക്ക് അയച്ചുതരേണ്ടത് എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

**3. അതിരൂപതാതല പ്രസംഗ മത്സരം**

വി. തോമാശ്ലീഹായുടെയും വി. അൽഫോൻസാമ്മയുടെയും തിരുനാളിനോടനുബന്ധിച്ച് തിരുബാലസഖ്യം കുട്ടികൾക്കായി പ്രസംഗമത്സരം നടത്തുന്നു. ശാഖയിൽ ജൂലൈ മാസം മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന ആൺകുട്ടിയുടെയും, പെൺകുട്ടിയുടെയും പ്രസംഗം വീഡിയോ ആയി അതിരൂപതാ ഓഫീസിൽ കിട്ടത്തക്കവിധം മെയിൽ ചെയ്യേണ്ടതാണ്. പ്രസംഗം പറയുന്ന കുട്ടിയുടെ പേര്, വീട്ടുപേര്, ഇടവക എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. പ്രസംഗം പറയേണ്ട സമയം 4 മിനിറ്റ്. പ്രസംഗം പറയുന്ന വീഡിയോ എടുത്ത് holychildhoodtly01@gmail.com എന്ന Email അക്കൗണ്ടിലേക്ക് അയക്കുക. അയക്കേണ്ട അവസാന ദിവസം ഓഗസ്റ്റ് 5. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് സമ്മാനം നൽകുന്നതാണ്. ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും വ്യത്യസ്ത വിഷയമാണ് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**വിഷയം :** വി. തോമാശ്ലീഹയുടെ പ്രേഷിതയാത്ര (ആൺകുട്ടികൾക്ക്)
വി. അൽഫോൻസാമ്മയുടെ സമർപ്പിത തീർത്ഥയാത്ര (പെൺകുട്ടികൾക്ക്)

**4. അംഗത്വസ്വീകരണം :** ജൂലൈ 12 നോ തൊട്ടടുത്ത ഞായറാഴ്ചയോ ഈ വർഷത്തെ അംഗത്വ സ്വീകരണം നടത്തി ജൂലൈ 31 നുള്ളിൽ കഴിഞ്ഞവർഷത്തേതിന്റെ തുടർച്ചയായ നമ്പറിട്ട് അംഗത്വ ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ. അംഗത്വ കാർഡിനോടൊപ്പം അതിരൂപതയിൽ നിന്ന് തന്ന അംഗത്വ ഫോമിൽ കുട്ടികളുടെ പേര്, വീട്ടുപേര്, ജനനത്തീയതി, പിതാവിന്റെ പേര്, കുട്ടിയെ വിളിക്കുന്നപേര്. അംഗത്വം സ്വീകരിച്ച തീയതി എന്നിവ കൃത്യമായി എഴുതികൊണ്ടുവരാൻ ശ്രദ്ധിക്കുമല്ലോ.

ഉണ്ണീശോ എല്ലാവരെയും അനുഗ്രഹിക്കട്ടെ...

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

"യുവജനങ്ങളെ നിങ്ങൾ ശക്തരാണ്. ദൈവത്തിന്റെ വചനം നിങ്ങളിൽ വസിക്കുന്നു. നിങ്ങൾ ദുഷ്ടനെ ജയിക്കുകയും ചെയ്തിരിക്കുന്നു." (1 യോഹ. 2:4).

പ്രിയപ്പെട്ട ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

**മേഖലകൾ / യൂണിറ്റുകൾ ശ്രദ്ധിക്കാൻ**

ജൂലൈ 01 - ഡോക്ടേഴ്സ് ഡേ
ജൂലൈ 03 - വി.തോമാശ്ലീഹായുടെ തിരുനാൾ
ജൂലൈ 04 - പതാകപ്രയാണം
ജൂലൈ 05 - കെസിബിസി യുവജനദിനം
ജൂലൈ 12 - സെക്കന്റ് സൺഡേ യൂത്ത് സൺഡേ
ജൂലൈ 28 - വി.അൽഫോൻസാമ്മയുടെ തിരുനാൾ

**KICK OUT DRUGS - തുരത്താം ലഹരിയെ**

ഫൊറോന സമിതികളുടെ നേതൃത്വത്തിൽ ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ടൗൺ, സ്കൂൾ എന്നിവിടങ്ങളിൽ ലഹരിവിരുദ്ധ ബോധവൽക്കരണ കൂട്ടായ്മകളും കിക്ക് ഔട്ട് ക്യാമ്പയിനുകളും നടത്തുന്നു. എല്ലാ ഫൊറോന സമിതികളും ഇതിനോട് സഹകരിക്കുമല്ലോ?

**EMERGENCY RESPONSE TEAM (ARCHANGEL MICHAEL TEAM)**

പ്രതിസന്ധി കാലത്ത് നാടിനൊപ്പം യുവത്വം. അടിയന്തരഘട്ടങ്ങളിൽ സേവനം ചെയ്യാൻ താൽപര്യം ഉള്ള കെസിവൈഎം തലശ്ശേരി അതിരൂപതയുടെ 18 – 35 വയസ്സിനിടയിലുള്ള മിഖായേൽ എമർജൻസി റെസ്പോൺസ് ടീം രൂപീകരിച്ചു.

**യൂണിറ്റ്തല പ്രവർത്തനവർഷ ഉദ്ഘാടനവും കെസിബിസി യുവജനദിനാചരണവും**

2026 ജൂലൈ 05 കെസിബിസി യുവജനദിനമായി ആചരിക്കുകയാണല്ലോ. ജൂലൈ 04 ശനിയാഴ്ച്ച ഫൊറോന സമിതികളുടെ നേതൃത്വത്തിൽ എല്ലാ യൂണിറ്റുകളിലേക്കും പതാകപ്രയാണം നടത്തേണ്ടതാണ്. എല്ലാ യൂണിറ്റുകളിലെയും വികാരിയച്ചൻമാർക്ക് പതാക കൈമാറാൻ ശ്രദ്ധിക്കുമല്ലോ.

ജൂലൈ 05 ഞായറാഴ്ച്ച യുവജനങ്ങളുടെ കാഴ്ച്ചവയ്പ്പ് നടത്തേണ്ട താണ്. വി. കുർബാനക്ക്ശേഷം വികാരിയച്ചൻ പ്രസിഡന്റിന് പതാക കൈമാറുകയും തുടർന്ന് പ്രസിഡന്റിന്റെ നേതൃത്വത്തിൽ പതാക ഉയർത്തലും നടത്തേണ്ടതാണ്. യൂണിറ്റ്തല പ്രവർത്തനവർഷ ഉദ്ഘാടനവും ക്രമീകരിക്കേണ്ടതാണ്. കെസിവൈഎം ഫൊറോന, രൂപത യുവജനനേതാക്കളെയും യൂണിറ്റ്തല യുവജനദിന ഉദ്ഘാടനത്തിൽ അതിഥികളായി സാഹചര്യം അനുസരിച്ച് ക്ഷണിക്കാൻ ശ്രദ്ധിക്കുമല്ലോ.

**കുഞ്ഞുതണൽ**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപത സമിതിയുടെ ആഭിമുഖ്യത്തിൽ പുതിയ അധ്യയന വർഷത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 400 വിദ്യാർഥികൾക്ക് സ്കൂൾ ബാഗും പഠനോപകരണങ്ങളും നൽകുന്ന കുഞ്ഞുതണൽ പദ്ധതിയുടെ അതിരൂപ താതല ഉദ്ഘാടനം പൈസക്കരിയിൽ വച്ചു നടന്നു. പൈസക്കരി ഫൊറോന വികാരി വെരി. റവ. ഫാ. നോബിൾ ഓണംകുളം പയ്യാവൂർ പഞ്ചായത്ത് പ്രസിഡന്റ് സിന്ധു ബെന്നിക്ക് കിറ്റ് കൈമാറി ഉദ്ഘാടനം നിർവഹിച്ചു.

**ഗ്രീൻ ട്രക്ക് 26 പരിസ്ഥിതി ദിനാഘോഷം**

കെസിവൈഎം എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ പരിസ്ഥിതി ദിനാഘോഷമായ ഗ്രീൻ ട്രക്ക് 26 കുന്നോത്ത് ഫൊറോനയുടെ ആതിഥേയത്വത്തിൽ വാണിയപ്പാറ പുല്ലൻ പാറത്തട്ട് ഫോറസ്റ്റിലേക്ക് സംഘടിപ്പിച്ചു. രാജ്യസഭാംഗം പി. സന്തോഷ് കുമാർ എംപി ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് അബിൻ വടക്കേക്കര അധ്യക്ഷനായി. വനം വകുപ്പ് കൊട്ടിയൂർ റേഞ്ചിന്റെ സഹകരണത്തോടെയാണ് പരിപാടി നടത്തിയത്. പൊതുസ്ഥലങ്ങൾ ശുചീകരിച്ച് ജനശ്രദ്ധ നേടിയ വ്ളോഗർ എം. വിവേകാനന്ദൻ മുഖ്യാതിഥിയായി. പരിസ്ഥിതി ദിനാചരണത്തിന് ആതിഥേയത്വം വഹിച്ച കുന്നോത്ത് ഫൊറോന സമിതിക്കും പ്രസിഡന്റ് അമൽ എഴുപന്താനത്തിനും ഡയറക്ടർ ഫാ. ജിൽബർട്ട് കൊന്നയിലിനും വാണിയപ്പാറ യൂണിറ്റിനും സഹഭാരവാഹികൾക്കും അതിരൂപത യുവജന കുടുംബത്തിന്റെ നന്ദി.

**പുതിയ ഡയറക്ടർ അച്ചന്മാർക്ക് സ്വാഗതം**

വിവിധ ഫൊറോനകളിൽ പുതിയ ഡയറക്ടർമാരായി ചാർജെടുത്ത അച്ചന്മാർക്ക് യുവജന കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

ഫാ. ജോസഫ് കൊട്ടാരത്തിൽ (വെള്ളരിക്കുണ്ട്)

ഫാ. മാത്യു ചെബ്ലായിൽ (എടൂർ)

ഫാ. ജോസഫ് കരിങ്ങാലിക്കാട്ടിൽ (ആലക്കോട്)

ഫാ. തോമസ് പന്തലാനിക്കൽ (നെല്ലിക്കാംപൊയിൽ)

ഫാ. ജോർജ് വെള്ളരിങ്ങാട്ട് (പനത്തടി)
ഫാ. ആന്റണി മറ്റക്കോട്ടിൽ (കാഞ്ഞങ്ങാട്)
ഫാ. ജോസഫ് തുരുത്തേൽ (തോമാപുരം)
ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ (മണിക്കടവ്)
ഫാ. ജോർജ് കായംകാട്ടിൽ (മാലോം)
ഫാ. ജോർജ് തെങ്ങുംപള്ളിൽ (കാസർഗോഡ്)
ഫാ. മാത്യു പ്രവർത്തുംമലയിൽ (പേരാവൂർ)

**Flame of Light**

തലശ്ശേരി അതിരൂപത യുവജനകുടുംബം യുവജനങ്ങൾക്കായി ഒരുക്കുന്ന നൈറ്റ് വിജിൽ കുന്നോത്ത്, മണിക്കടവ്, നെല്ലിക്കാംപൊയിൽ, കാസർഗോഡ്, എടൂർ, വെള്ളരിക്കുണ്ട്, മേരിഗിരി, തോമാപുരം, പൈസക്കരി, ചെമ്പേരി, പേരാവൂർ ഫൊറോനകളിൽ ക്രമീകരിച്ചു.

**കെസിവൈഎം സംസ്ഥാന നേതൃസംഗമം**

മരട്, പി.എസ്.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസ് & റിസർച്ച് സെന്ററിൽ വച്ച് നടന്ന കെസിവൈഎം സംസ്ഥാന നേതൃസംഗമത്തിൽ അതിരൂപത പ്രസിഡന്റ് അബിൻ വടക്കേക്കര വൈസ് പ്രസിഡന്റ് അഖിൽ നെല്ലിക്കൽ എന്നിവർ പങ്കെടുത്തു.

**പ്രയാൺ ഫൊറോന വിസിറ്റ്**

പൈസക്കരി, ചെമ്പന്തൊട്ടി ഫൊറോനകളിലെ വിസിറ്റ് പൂർത്തീകരിച്ചു.

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റൊലേറ്റ്

പ്രിയപ്പെട്ടവരെ,

ജൂലൈ മാസം നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണല്ലോ. ക്രിസ്തുവിശ്വാസം പകർന്നേകിയ പുണ്യതാതൻ മാർ തോമാശ്ലീഹായുടെയും വിശുദ്ധിയുടെ വഴികളിലൂടെ ചരിച്ച് ഭാരതത്തിനാകെ അഭിമാനമായി മാറിയ വി. അൽഫോൻസാമ്മയുടെയും മരണത്തിരുനാളുകൾ നമ്മൾ ആഘോഷിക്കുന്നു. വിശ്വാസത്തിൽ ആഴപ്പെടാനും ജീവിതവിശുദ്ധി കൈവരിക്കാനും ഇവരുടെ മാതൃക എല്ലാ കുടുംബങ്ങൾക്കും പ്രചോദനമാകട്ടെ.

## I. കുടുംബകൂട്ടായ്മ

കുടുംബകൂട്ടായ്മയുടെ ത്രിതല എക്സിക്യൂട്ടീവ് സമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ എല്ലാവരും സഹകരിക്കുമല്ലോ.

**1. ഇടവക എക്സിക്യൂട്ടീവ്:** വികാരിയച്ചൻ (ചെയർമാൻ), കോർഡിനേറ്റർ (കൺവീനർ), മദർ സുപ്പീരിയർ, പാരിഷ് കൗൺസിൽ സെക്രട്ടറി, മാതൃവേദി പ്രസിഡന്റ്, (വലിയ ഇടവകകളിൽ സോണൽ പ്രസിഡന്റുമാർ).

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (പാരിഷ് കൗൺസിൽ യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഇടവകയിലെ കുടുംബ കൂട്ടായ്മകളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. ഓരോ കൂട്ടായ്മകളുടേയും നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

**2. ഫൊറോന എക്സിക്യൂട്ടീവ് :** ഫൊറോന വികാരിയച്ചൻ (ചെയർമാൻ), ഫൊറോന കൗൺസിൽ പ്രസിഡന്റ് (കൺവീനർ), ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ഡയറക്ടർ (പ്രസിഡന്റ്), ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖല ആനിമേറ്റർ, ഫൊറോന കൗൺസിൽ സെക്രട്ടറി,

മാതൃവേദി മേഖല പ്രസിഡന്റ്, പ്രത്യേക ക്ഷണിതാക്കൾ: എല്ലാ ഇടവകകളിലേയും കോർഡിനേറ്റർമാർ

പ്രസ്തുത സമിതി മാസത്തിൽ ഒരിക്കൽ (വൈദികരുടെ മാസധ്യാന യോഗത്തോടനുബന്ധിച്ച്) സമ്മേളിച്ച് ഫൊറോനയിലെ കുടുംബ കൂട്ടായ്മ പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. മുഴുവൻ ഇടവകളിലേയും കുടുംബകൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് മെച്ചപ്പെടുത്താൻ നിർദ്ദേശങ്ങൾ നല്കുക.

**3. അതിരൂപതാ എക്സിക്യൂട്ടീവ് :** സംഘടന ചുമതലയുള്ള വികാരി ജനറാൾ, അതിരൂപതാ ഡയറക്ടർ, അതിരൂപതാ ആനിമേറ്റർ, അതിരൂപതാ പ്രസിഡന്റ്, അതിരൂപതാ സെക്രട്ടറി, മാതൃവേദി അതിരൂപതാ പ്രസിഡന്റ്.

പ്രസ്തുത സമിതി ആവശ്യമായ സമയത്ത് സമ്മേളിച്ച് അതിരൂപതയിലെ മുഴുവൻ കുടുംബ കൂട്ടായ്മകളുടേയും പ്രവർത്തനങ്ങളെ വിലയിരുത്തുക. ഈ സമിതിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു വാട്സാപ്പ് കൂട്ടായ്മ രൂപീകരിച്ച് അതിൽ ഫൊറോന കൗൺസിൽ പ്രസിഡന്റുമാർ, ഫൊറോന കൗൺസിൽ സെക്രട്ടറിമാർ എന്നിവരെക്കൂടി ഉൾപ്പെടുത്തി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക. ഓരോ ഫൊറോനയിലെയും കുടുംബ കൂട്ടായ്മകളുടെ നടത്തിപ്പ് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ച് ക്രിയാത്മകമാക്കാൻ നിർദ്ദേശങ്ങൾ നല്കുക.

**1. പ്രത്യേക ശ്രദ്ധയ്ക്ക്**

a) എല്ലാ മാസവും മുഴുവൻ വാർഡുകളിലും കുടുംബകൂട്ടായ്മകൾ നടത്തുക.

b) ഓരോ കൂട്ടായ്മയുടേയും മദ്ധ്യസ്ഥൻ/മദ്ധ്യസ്ഥ തിരുനാൾ സമുചിതമായി ആഘോഷിക്കുക.

c) കൂട്ടായ്മയുടെ പേരെഴുതിയ ഒരു ചെറിയ ബോർഡ് ഓരോ കൂട്ടായ്മ പരിധിക്കുള്ളിലും വഴിയരികിലായി സ്ഥാപിക്കുക.

**ഉദാ: സെന്റ് മേരീസ് കുടുംബകൂട്ടായ്മ, ആടാംപാറ ഇടവക**

d) ഏറ്റവും ഉപകാരപ്രദമായ ഒരു ഇൻഷുറൻസ് പദ്ധതിയിൽ കൂട്ടായ്മയിലുള്ള മുഴുവൻ കുടുംബങ്ങളെയും ചേർക്കുവാൻ ഭാരവാഹികൾ നേതൃത്വം കൊടുക്കുക.

e) ഇടവക കൂട്ടായ്മയിൽ നിന്ന് അകന്ന് കഴിയുന്നവരെയും പള്ളിയിൽ കൃത്യമായി വരാത്തവരെയും സന്ദർശിക്കുകയും സഹകരിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക.

f) ഓരോ ഞായറാഴ്ചത്തെയും തിരുക്കർമ്മങ്ങൾ മനോഹരമാക്കാൻ ദൈവാലയശുചീകരണം, ദൈവാലയ അലങ്കാരം, കുർബ്ബാനയ്ക്ക് കൂടുന്നത്,

പാട്ട് പാടുന്നത്, പഴയനിയമ-ലേഖന വായനകൾ എന്നിവ ഓരോ കൂട്ടായ്മകളുടെ നേതൃത്വത്തിൽ ക്രമീകരിക്കുക.

g) കുടുംബ കൂട്ടായ്മ ആന്തം എല്ലാ കൂട്ടായ്മകളിലും ആലപിക്കുക.

h) പ്രായമായവർ, കിടപ്പുരോഗികൾ എന്നിവർക്ക് മാസത്തിൽ ഒരിക്കൽ കുമ്പസാരിപ്പിച്ച് വി. കുർബ്ബാന നല്കാനുള്ള ക്രമീകരണങ്ങൾ നടത്തുക.

i) പ്രതിമാസ റിപ്പോർട്ടിന്റെ ഗൂഗിൾ ഫോം പൂരിപ്പിച്ച് അതാതുമാസം അതിരൂപതാ ഓഫിസിലേക്ക് അയക്കുക.

j) വിവിധ വാർഡ് കൂട്ടായ്മകളുടെ നേതൃത്വത്തിൽ അഗതിമന്ദിരങ്ങൾ സന്ദർശിച്ച് സേവനം നടത്തുകയും ഭക്ഷണസാധനങ്ങൾ, അവശ്യവസ്തുക്കൾ എന്നിവ നൽകുകയും ചെയ്യുക.

## II. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

ജൂൺ മാസം 18-20 തീയതികളിലായി നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 83 പേർ സംബന്ധിച്ചു. മാതാപിതാക്കൾക്കുള്ള ക്ലാസ്സുകൾ നൽകി. അതിൽ 70 പേർ പങ്കെടുത്തു. കോഴ്സിൽ പങ്കെടുത്ത 32 പേർക്ക് കൗൺസിലിംഗ് നൽകി.

### Time Schedule

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാംദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. **എം.പി.സിയുടെ ഫീസ് 2,000 രൂപയായിരിക്കും.** Online Registration ചെയ്യുമ്പോൾ Reg. Fee 1000 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ്ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- **അവസാനദിവസം കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്ക് ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. അവരെ പറഞ്ഞയയ്ക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കണം.**
- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| MPC - 2026 | | | |
|---|---|---|---|
| July | 16-18 | (Thusday - Saturday) | Padannakkad |
| August | 13-15 | (Thusday - Saturday) | Thalassery |
| September | 17-19 | (Thusday - Saturday) | Padannakkad |
| October | 15-17 | (Thusday - Saturday) | Thalassery |

| | | | |
|---|---|---|---|
| November | 03-05 | (Tuesday - Thursday) | Padannakkad |
| November | 16-18 | (Monday - Wednesday) | Thalassery |
| December | 07-09 | (Monday - Wednesday) | Padannakkad |
| December | 28-30 | (Monday - Wednesday) | Thalassery |

## III. മാതൃവേദി

### (a) അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

അതിരൂപതാ ഭാരവാഹികളുടെ മീറ്റിംഗ് നടത്തി. അടുത്ത മാസത്തെ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.

### (b) സീറോ മലബാർ സമുദായ ശക്തീകരണ വർഷ ജ്വാല പ്രോഗ്രാം

സീറോ മലബാർ സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് മാലോം, കാഞ്ഞങ്ങാട് മേഖലകളിൽ മെയ് 25, 27 തീയതികളിലും നെല്ലിക്കാംപൊയിൽ, എടൂർ, ചെമ്പന്തൊട്ടി മേഖലകളിൽ ജൂൺ 6,13,16 തീയതികളിലും ജ്വാല പ്രോഗ്രാം നടത്തപ്പെട്ടു. മാലോം മേഖലയുടേത് പുഞ്ച സെന്റ് തോമസ് ചർച്ചിൽവെച്ചും, കാഞ്ഞങ്ങാട് മേഖലയുടേത് കാഞ്ഞിരടുക്കം സെന്റ് ജോർജ് ചർച്ചിൽ വെച്ചും നടത്തി. പ്രസിഡന്റുമാരുടെ അധ്യക്ഷതയിൽ ചേർന്ന യോഗം യഥാക്രമം മാലോം ഫൊറോന വികാരി വെരി. റവ. ഫാ. ജോസഫ് തൈക്കുന്നുംപുറം, തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. മാത്യു ഇളംതുരുത്തിപടവിൽ, നെല്ലിക്കാംപൊയിൽ ഫൊറോന വികാരി വെരി റവ. ഫാ. മാത്യു മുളയോലിൽ, എടൂർ സെന്റ് മേരീസ് ഫൊറോന വികാരി വെരി റവ. ഫാ. തോമസ് വടക്കേമുറിയിൽ, ചെമ്പന്തൊട്ടി ഫൊറോന വികാരി വെരി റവ. ഫാ. ആന്റണി മഞ്ഞളാംകുന്നേൽ എന്നിവർ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. ഓരോ മേഖലകളിലും ജപമാല, പതാക ഉയർത്തൽ, സമുദായ ശക്തീകരണ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ടുള്ള റാലി, യൂണിറ്റുകളുടെ കലാപരിപാടികൾ, മേഖലയിൽ വിവിധ തുറകളിൽ വ്യക്തി മുദ്ര പതിപ്പിച്ച വ്യക്തികൾക്ക് ആദരവ്, ക്ലാസ്സുകൾ തങ്ങളുടേതായ വ്യത്യസ്തങ്ങളായ പരിപാടികളോടെ ജ്വാല പ്രോഗ്രാം സംഘടിപ്പിക്കുകയുണ്ടായി.

എടൂർ മേഖലയിലെ എല്ലാ യൂണിറ്റുകളെയും ചേർത്ത് കൊണ്ട് 200-ഓളം അമ്മമാർ ചട്ടയും മുണ്ടും ധരിച്ച് മെഗാമാർഗ്ഗംകളി നടത്തി ശ്രദ്ധ ആകർഷിച്ചു. പങ്കെടുത്ത എല്ലാവരും ചട്ടയും മുണ്ടും ധരിച്ചാണ് പ്രോഗ്രാമിൽ എത്തിയത്.

### (c) സീറോ മലബാർ മാതൃവേദി ജനറൽ ബോഡി

സീറോ മലബാർ മാതൃവേദി തലശ്ശേരി അതിരൂപത ജനറൽ ബോഡി യോഗം തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന പാരീഷ് ഹാളിൽ നടന്നു. മാതൃവേദി അതിരൂപത പ്രസിഡന്റ് സിസി തൈപ്പറമ്പിൽ പതാക ഉയർത്തിയ

ശേഷം യോഗത്തിൽ അധ്യക്ഷത വഹിച്ചു. തലശ്ശേരി ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു.

സഭയിലും സമൂഹത്തിലും അമ്മമാർ വഹിക്കുന്ന സുപ്രധാന പങ്കും ഉത്തരവാദിത്വങ്ങളും വിളിച്ചോതുന്നതായിരുന്നു ജനറൽ ബോഡി യോഗം. മാതൃവേദി അതിരൂപത ഡയറക്ടർ ഫാ. ജോബി കോവാട്ട് ഏവർക്കും സ്വാഗതമരുളി. അതിരൂപത സെക്രട്ടറി, ട്രഷറർ എന്നിവർ യഥാക്രമം പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. തളിപ്പറമ്പ് ഫൊറോന വികാരി വെരി റവ. ഫാ. മാത്യു ആശാരിപ്പറമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തി. ഫൊറോന ഡയറക്ടർ പ്രതിനിധി റവ. ഫാ. ജോൺ മുണ്ടോളിക്കൽ, ഫൊറോന ആനിമേറ്റർ പ്രതിനിധി സി. ജെറോസ് SABS, പ്രസിഡന്റുമാരുടെ പ്രതിനിധി ശ്രീമതി ഷൈനി കാണ്ടാവനത്തിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. ശ്രീമതി വത്സമ്മ മുണ്ടിയാനിക്കൽ ഏവർക്കും നന്ദിയർപ്പിച്ചു.

മാതൃവേദി അതിരൂപത ആനിമേറ്റർ സി. ലിന്റ സിഎച്ച്എഫിന് രജത ജൂബിലി ആശംസകൾ നേർന്നു. തുടർന്ന് പിതാവുമായി അമ്മമാർ വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ച നടത്തി. 2025 വർഷത്തെ പ്രവർത്തനങ്ങളിൽ മികച്ച മേഖലകൾ, യൂണിറ്റുകൾ എന്നിവർക്കുള്ള സർട്ടിഫിക്കറ്റുകളും എവറോളിംങ്ങ് ട്രോഫികളും വിതരണം ചെയ്തു. പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ മേഖലകൾക്കും യൂണിറ്റുകൾക്കും ഗോൾഡൻ സ്റ്റാർ, സിൽവർ സ്റ്റാർ സർട്ടിഫിക്കറ്റുകൾ നല്കി.

### (d) വി. മറിയം ത്രേസ്യാ തിരുനാൾ ആഘോഷം

അതിരൂപത മാതൃവേദിയുടെ സഹകരണത്തോടെ നെല്ലിക്കാംപൊയിൽ മേഖലയിലെ വിളമന യൂണിറ്റിൽ സഹമദ്ധ്യസ്ഥയായ വി. മറിയം ത്രേസ്യായുടെ തിരുനാൾ ആഘോഷിച്ചു. അതിരൂപത ഡയറക്ടർ ഫാ. ജോബി കോവാട്ട് വി. ബലിയർപ്പിച്ച് സന്ദേശം നൽകി. യൂണിറ്റ്, ഫൊറോന, അതിരൂപത ഭാരവാഹികളുടെ സാന്നിധ്യത്തിൽ യൂണിറ്റ് പ്രസിഡന്റ് പതാക ഉയർത്തി. വിളമന യൂണിറ്റ് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അതിരൂപത ഡയറക്ടർ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഫൊറോന വികാരി അനുഗ്രഹ പ്രഭാഷണവും നടത്തി. 127 കുടുംബങ്ങൾ ഉള്ള വിളമന ഇടവകയിൽ, 160 മാതൃവേദി അംഗങ്ങളെ ചേർത്ത യൂണിറ്റിനെ അതിരൂപത ഡയറക്ടർ ഫാ. ജോബി കോവാട്ട് സമ്പൂർണ മാതൃവേദി ഇടവകയായി പ്രഖ്യാപിച്ചു. വിളമന യൂണിറ്റിലെ അമ്മമാരുടെ വിവിധ കലാപരിപാടിളും ആഘോഷത്തിന് മികവേകി.

### e) മാതൃസംഗമം

ചെറുപുഴ മേഖലയിലെ അരവഞ്ചാൽ ഇടവകയിലും, കണ്ണൂർ രൂപതയിലെ മടക്കാംപൊയിൽ ഇടവകയിലും 23, 31 തീയതികളിലായി മാതൃസംഗമം നടത്തപ്പെട്ടു. ഡയറക്ടർ ഫാ. ജോബി കോവാട്ട് വി. ബലിയർപ്പിച്ച്

സന്ദേശം നൽകി. തുടർന്ന് അമ്മമാർക്കായി ക്ലാസ്സ് നടത്തപ്പെട്ടു. ഏകദേശം 210-ഓളം അമ്മമാർ ഈ സംഗമങ്ങളിൽ പങ്കെടുത്തു.

### f) കാസർഗോഡ് മേഖല വാർഷികം

കാസർഗോഡ് മേഖലയുടെ വാർഷികാഘോഷം 28-05-26 ന് കാസർ ഗോഡ് സെന്റ് ജോസഫ് ഫൊറോന ദൈവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. അതിരൂപത ഡയറക്ടർ വി. ബലയർപ്പിച്ച് വചന സന്ദേശം നൽകി. മേഖല പ്രസിഡന്റ് പതാക ഉയർത്തി. തുടർന്ന് മേഖല പ്രസിഡന്റിന്റെ അധ്യക്ഷ തയിൽ ചേർന്ന യോഗം അതിരൂപത ഡയറക്ടർ ഉദ്ഘാടനം ചെയ്ത് സംസാ രിച്ചു. ഫൊറോന വികാരി അനുഗ്രഹ പ്രഭാഷണം നടത്തി. ചെറുപുഷ്പ മിഷൻ ലീഗ് മേഖല ഓർഗനൈസർ, കെസിവൈഎം ഫൊറോന പ്രസി ഡന്റ്, എന്നിവർ ആശംസകൾ അർപ്പിച്ചു. ബദിയടുക്ക ഇടവകാംഗമായ നവവൈദികൻ റവ. ഫാ. ഫിലിപ്പ് മറ്റപ്പള്ളിയെ ആദരിച്ചു. പുതിയ മേഖലാ ആനിമേറ്ററായി സി. ആൻമേരി ചുക്കനാനി SABS നെ തിരഞ്ഞെടുത്തു. വിവിധ തലങ്ങളിൽ വ്യക്തി മുദ്ര പതിപ്പിച്ചവരെ ആദരിക്കുകയും വിവിധ യൂണിറ്റുകളുടെ കലാപരിപാടികളും വാർഷികാഘോഷത്തിന് മാറ്റ് കൂട്ടി.

### g) സമ്പൂർണ മാതൃവേദി മേഖല - കാഞ്ഞങ്ങാട്

കാഞ്ഞങ്ങാട്ട് മേഖലയിലെ കാഞ്ഞിരടുക്കം സെന്റ് ജോർജ് ദൈവാല യത്തിൽ വെച്ച് നടന്ന പ്രോഗ്രാമിൽ അതിരൂപതയിലെ സമ്പൂർണ മാതൃ വേദി മേഖലയായി കാഞ്ഞങ്ങാട് ബത്‌ലേഹം മാതൃവേദിയെ മാറ്റുന്നതിന്റെ 90 ശതമാനം പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിന്റെ പ്രഖ്യാപനം മോൺ. റവ. മാത്യു ഇളംതുരുത്തിപടവിൽ നിർവ്വഹിച്ചു. അതിരൂപത ഫൊറോന ഡയറക്ടർമാരും ആനിമേറ്റർമാരും എല്ലാ യൂണിറ്റ് ഭാരവാഹികളും ഈ മഹ നീയ കർമ്മത്തിന് സാക്ഷ്യം വഹിച്ചു.

### (h) ദിനാചരണം

പരിസ്ഥിതി ദിനാഘോഷത്തോടനുബന്ധിച്ച് 'ഒരു തൈ നടാം നല്ല നാളേ യ്ക്കായ്' എന്ന ലക്ഷ്യത്തോടെ എല്ലാ യൂണിറ്റുകളിലും വൃക്ഷതൈ നടു കയും ദിനാചരണം ആചരിക്കുകയും ചെയ്തു. ഡിജിറ്റൽ മാധ്യമങ്ങളുടെ യുഗത്തിൽ വായനയുടെ പ്രാധാന്യത്തെ വിളിച്ചോതികൊണ്ട് അമ്മമാർ പുസ്തകങ്ങൾ വായിക്കുകയും, വിതരണം ചെയ്യുകയും ചെയ്തു.

### (i) വണക്കമാസാചരണം

മെയ്, ജൂൺ മാസങ്ങളിൽ അമ്മമാരുടെ നേതൃത്വത്തിൽ വീടുകളിൽ മാതാവിന്റെ വണക്കമാസവും, തിരുഹൃദയ വണക്കമാസവും ഭക്തിപൂർവ്വം ചൊല്ലുകയുണ്ടായി. ചില ഫൊറോനകളിൽ ഓൺലൈൻ വണക്കമാസം നട ത്തുകയും അമ്മമാർ സജീവമായി പങ്കെടുക്കുകയും ചെയ്തു.

**2026 ജൂലൈ മാസത്തെ പ്രവർത്തന മാർഗ്ഗരേഖ**

1 – ഡോക്ടേഴ്സ് ഡേ – എല്ലാ ഡോക്ടർമാർക്കും വേണ്ടി ഒരു ജപമാല ചൊല്ലി കാഴ്ചവയ്ക്കുക.

3 – ദുക്റാന തിരുനാൾ – മത്തായി 10:1–4, യോഹ. 14:5–6, യോഹ. 20: 27–29 എന്നീ വചനഭാഗങ്ങൾ വായിക്കുക.

4 – ജ്വാല @ പേരാവൂർ.

6 – വി. മരിയ ഗൊരേത്തി തിരുനാൾ – മക്കൾ ജീവിതവിശുദ്ധിയിൽ വളരുവാനായി 3 എത്രയും ദയയുള്ള മാതാവേ പ്രാർത്ഥന ചൊല്ലുക.

11 – ജ്വാല @ തളിപ്പറമ്പ്.

14 – ജ്വാല @ ചെമ്പേരി.

16 – കർമ്മല മാതാവിന്റെ തിരുനാൾ – പരിചയമുള്ള കർമ്മലീത്താസന്യാസിനി – സന്യാസിമാർക്ക് ആശംസകൾ നേരുക.

16–18 – MPC @ പടന്നക്കാട്.

25 – ജ്വാല @ ആലക്കോട്.

– വി. യാക്കോബ് ശ്ലീഹയുടെ തിരുനാൾ – യാക്കോബിന്റെ ലേഖനം 3:1–12 വായിക്കുക.

26 – യൊവാക്കിം – അന്ന തിരുനാൾ. വല്യപ്പച്ചന്മാർക്കും വല്യമ്മച്ചിമാർക്കും പ്രായമായവർക്കും വേണ്ടിയുള്ള ദിനത്തിൽ വൃദ്ധമാതാപിതാക്കളെ സമുചിതമായി ആചരിക്കുക.

28 – വി. അൽഫോസാമ്മയുടെ തിരുനാൾ – കിടപ്പ് രോഗികൾക്കായി പ്രാർത്ഥിക്കുക. വിശുദ്ധയുടെ ചിത്രം or വീഡിയോ സ്റ്റാറ്റസ് ഇടുക.

29 – വി. മർത്തയുടെ തിരുനാൾ – പ്രാർത്ഥനയോടെ വീട്ടുജോലികൾ ചെയ്യുക.

**പ്രത്യേക പ്രവർത്തനങ്ങൾ**

- കുടുംബങ്ങൾ ഒന്നു ചേർന്ന് ഗ്രാന്റ് പേരന്റ്സിന് ആദരംനൽകുന്ന വീഡിയോ നിർമ്മാണ മത്സരം. മനോഹരമായി തയ്യാറാക്കിയ 3 മിനിറ്റിൽ കൂടാത്ത വീഡിയോ 26ന് രാത്രി 12 മണിക്ക് മുമ്പായി 9400206974 എന്ന നമ്പറിലേക്ക് അയച്ചു തരിക.
- മാതൃവേദി ഓൺലൈൻ ആന്തം മത്സരം അതിരൂപതയിൽ വിഡിയോ ലഭിക്കേണ്ട അവസാന ദിവസം 2026 ജൂലൈ 25.

## IV. അമല പ്രോലൈഫ്

പ്രോലൈഫ് പ്രവർത്തനങ്ങളുടെ വിജയത്തിനായി ജൂൺ 12 ന് ചെമ്പേരി കരുണാലയത്തിൽ വെച്ച് ആരാധന നടത്തി. ജപമാല, മദ്ധ്യസ്ഥ പ്രാർത്ഥന, കരുണകൊന്ത എന്നിവയിലൂടെ അതിരൂപതയിലെ കുടുംബങ്ങളെ മുഴുവനും

സമർപ്പിച്ച് പ്രാർത്ഥിച്ചു. അതിരൂപത ഡയറക്ടർ, ആനിമേറ്റർ, ടീം അംഗങ്ങളായ 11 ഓളം പേർ ഈ ആരാധനയിൽ പങ്കെടുത്തു.

അമ്മമാരുടെ ഉദരത്തിലായിരിക്കുന്ന ശിശുക്കളെ ആത്മീയമായി ദത്തെടുത്ത് പ്രാർത്ഥിക്കുന്ന 'കുഞ്ഞേ നിനക്കായ്' എന്ന പ്രാർത്ഥനാ ശുശ്രൂഷ പുനരാംഭിച്ചു. 120-ഓളം പേർ ഇതിൽ പങ്കുചേർന്നു.

**V. സീറോമലബാർ മാട്രിമോണി**

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തു കൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റോലേറ്റ് ഓഫീസുമായി Phone : 9400206974, 8078122191.

**VI. പ്രശാന്തി കൗൺസിലിംഗ് സെന്റർ**

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു.വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

Ph : 9400206974, 8078122191

**VII. പ്രോലൈഫ് മാര്യേജ് ബ്യൂറോ**


മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി.ഫീ 500 രൂപ നാല് മാസത്തേക്ക്. Web Site: www.prolifemarry.com

**VIII. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ Mail ID: familytly92@gmail.com**
**Web Site: www.familytly.com**

**ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

**ആദരാഞ്ജലികൾ**



ചെമ്പന്തൊട്ടി സെന്റ് ജോർജ് ഹൈസ്കൂളിലെ 10-ാം ക്ലാസ് വിദ്യാർത്ഥിയും എടക്കോം ക്രൈസ്റ്റ് നഗർ എൽ.പി. സ്കൂൾ ഹെഡ്മാസ്റ്റർ ബിജുമോൻ സാറിന്റെ മകനുമായ സാൻജോ ബിജു 31-05-2026 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. സാൻജോ ബിജുവിന്റെ വേർപാടിൽ ദുഃഖിതരായിരിക്കുന്ന കുടുംബാംഗങ്ങളെയും അധ്യാപകരേയും സഹപാഠികളെയും അനുശോചനമറിയിക്കുന്നു.

**വിന്നേഴ്സ് ഡേ**

ചെമ്പേരി: തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ നിന്ന് എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കുന്നതിനായി എക്സലൻസിയ - 2026 ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളജിൽ സംഘടിപ്പിച്ചു. പരിപാടിയിൽ എസ്.എസ്.എൽസി, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം കരസ്ഥമാക്കിയ ആയിരത്തോളം വിദ്യാർത്ഥികൾക്ക് മൊമെന്റോകൾ വിതരണം ചെയ്തു. നാല് സെഷനുകളായി ക്രമീകരിച്ച പരിപാടി തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി, മോൺ. ഫാ. ആന്റണി മുതുകുന്നേൽ, മോൺ ഫാ. സെബാസ്റ്റ്യൻ പാലാക്കുഴി, ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ചെയർമാൻ ഫാ. ജെയിംസ് ചെല്ലങ്കോട്ട് എന്നിവർ ഉദ്ഘാടനം നിർവഹിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. സോണി വടശ്ശേരിൽ സ്വാഗതപ്രഭാഷണം നടത്തി. ടീച്ചേഴ്സ് ഗിൽഡ് പ്രസിഡന്റ് ശ്രീ. ജിനിൽ മാർക്കോസ്, ജോമി ജോസഫ്, റിൻസി എബ്രഹാം, മാത്യു ജോസഫ്, റോബിൻ ജോസഫ്, ജോയ്സ് സക്കറിയാസ് തുടങ്ങിയവർ സംസാരിച്ചു. വിദ്യാർത്ഥികളുടെ അക്കാദമിക മികവ് അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച ചടങ്ങിൽ അധ്യാപകരും

രക്ഷിതാക്കളും വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രതിനിധികളുമടക്കം ആയിരത്തിലധികം പേർ പങ്കെടുക്കുകയുണ്ടായി.

**പ്ലസ്ടു റിസൾട്ട് 2025 – 2026**

| സ്കൂളിന്റെ പേര് | സയൻസ് | | | കൊമേഴ്സ് | | | ഹ്യുമാനിറ്റീസ് | | |
|---|---|---|---|---|---|---|---|---|---|
| | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | ശതമാനം | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | ശതമാനം | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | ശതമാനം |
| അങ്ങാടിക്കടവ് | 56 | 56 | 100 | 54 | 35 | 65 | 53 | 41 | 77.4 |
| ചെമ്പേരി | 120 | 117 | 97.50 | 46 | 37 | 80.43 | 40 | 32 | 80 |
| കൊളക്കാട് | 113 | 112 | 99.12 | Nil | Nil | Nil | 52 | 43 | 82.69 |
| തോമാപുരം | 177 | 165 | 93.22 | 60 | 56 | 93 | 41 | 27 | 65.85 |
| വെളിമാനം | 60 | 59 | 98.33 | 54 | 42 | 77.77 | 56 | 42 | 75 |
| വെള്ളരിക്കുണ്ട് | 107 | 98 | 91.50 | Nil | Nil | Nil | 35 | 29 | 82.8 |
| മേരിഗിരി | 57 | 55 | 96 | 50 | 40 | 80 | Nil | Nil | Nil |
| പേരാവൂർ | 59 | 56 | 94.92 | 59 | 44 | 74.58 | Nil | Nil | Nil |
| മണിക്കടവ് | 60 | 56 | 93.3 | 59 | 48 | 81.3 | Nil | Nil | Nil |
| കുന്നോത്ത് | 59 | 59 | 100 | 58 | 53 | 91 | Nil | Nil | Nil |
| പാലാവയൽ | 63 | 59 | 94 | 46 | 37 | 80 | Nil | Nil | Nil |

| **കിളിയന്തറ** | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | ശതമാനം |
|---|---|---|---|
| ബയോളജി സയൻസ് | 55 | 52 | 94.50 |
| കമ്പ്യൂട്ടർ സയൻസ് | 46 | 39 | 84.79 |
| കൊമേഴ്സ് (കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) | 54 | 49 | 90.74 |
| **പെരുമ്പടവ്** ബയോളജി സയൻസ് | 60 | 58 | 97 |
| കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | 57 | 52 | 91.23 |
| **എടൂർ** സയൻസ് | 178 | 177 | 99.44 |
| കമ്പ്യൂട്ടർ സയൻസ് | 60 | 59 | 98.33 |
| കമ്പ്യൂട്ടർ കൊമേഴ്സ് | 54 | 52 | 96.03 |
| കൊമേഴ്സ് പൊളിറ്റിക്സ് | 49 | 48 | 98 |
| **വായാട്ടുപറമ്പ** സയൻസ് | 64 | 62 | 97 |
| കമ്പ്യൂട്ടർ സയൻസ് | 57 | 39 | 68 |
| കൊമേഴ്സ് (പൊളിറ്റിക്കൽ സയൻസ്) | 54 | 39 | 72 |
| ഹ്യുമാനിറ്റീസ് | 56 | 45 | 80 |

## UPST - SANSKRIT- PANEL LIST 2026 JUNE 17

| CODE | NAME | PANEL |
|---|---|---|
| CORPSAN2026517 | VIMALDEV K K | A |
| CORPSAN2026513 | ROSMI MARTIN | B |
| CORPSAN2026502 | AMRUTHA V P | A |
| CORPSAN2026501 | REVATHI P N | B |
| CORPSAN2026506 | KEERTHANA K | A |
| CORPSAN2026529 | SHIMNA. T | B |
| CORPSAN2026535 | VIDYA M | A |
| CORPSAN2026521 | PRINSY M MADATHIL | B |
| CORPSA 2026514 | SEENA P | A |
| CORPSAN2026532 | DAYANA THOMAS | B |

## UPST - HINDI - PANEL LIST 2026 JUNE 17

| CODE | NAME | PANEL |
|---|---|---|
| CORPHIN2026012 | AYONA SHELLY | A |
| CORPHIN2026056 | ANOOPA JOSE | B |
| CORPHIN2026009 | ASHITHA T M | A |
| CORPHIN2026043 | SNEHA P V | B |
| CORPHIN2026005 | AMAYA T R | A |
| CORPHIN2026004 | AMANA M | B |
| CORPHIN2026033 | RESSY RAJ | A |
| CORPHIN2026024 | MARIA GEORGE | B |
| CORPHIN2026031 | RASHNI R S | A |
| CORPHIN2026040 | SEETHALAKSHMI PV | B |

**ഫാ. സ്കറിയ വടശ്ശേരിൽ**
*കോർപ്പറേറ്റ് മാനേജർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**2026 – 27 അധ്യായന വർഷത്തിലെ വിവിധ സ്കോളർഷിപ്പുകൾ:**

1. പ്ലസ് ടു പരീക്ഷയ്ക്ക് ഫിസിക്സ് കെമിസ്ട്രി – മാത്തമാറ്റിക്സ് വിഷയങ്ങൾക്ക് 95 ശതമാനത്തിൽ അധികം മാർക്ക് ലഭിച്ച കുട്ടികൾക്ക് ഓരോ വർഷവും പതിനായിരം രൂപ മാത്രം ട്യൂഷൻ ഫീസ് അടച്ചുകൊണ്ട് B-TECH പഠനം പൂർത്തിയാക്കാവുന്നതാണ്.

2. KEAM RANK SCHOLARSHIP
   I. 1 – 8000 റാങ്ക് ലഭിക്കുന്നവർക്ക് കോളേജ് ട്യൂഷൻ ഫീസ് പൂർണ്ണമായി സൗജന്യമായിരിക്കും.
   II. 8001 –20,000 വരെ റാങ്ക് ലഭിക്കുന്നവർക്ക് ഗവൺമെന്റ് കോളേജിലെ ഫീസിനു തുല്യമായ പതിനായിരം രൂപ മാത്രം ഒരു വർഷത്തെ ട്യൂഷൻ ഫീസ്.

**വിമൽജ്യോതി MBA കോളേജിൽ സ്കോളർഷിപ്പോടെ പഠിക്കാം.**

ഡിഗ്രിക്ക് 50% മാർക്കോടെ KMAT/CMAT പരീക്ഷ പാസായവർക്ക് അഡ്മിഷന് അപേക്ഷിക്കാവുന്നതാണ്. ഡിഗ്രി പരീക്ഷയ്ക്ക് 85% മാർക്കുള്ളവർക്ക് ഗവൺമെന്റ് ഫീസിൽ MBA പഠനം പൂർത്തിയാക്കാം. 75% മാർക്കുള്ളവർക്ക് 60,000 രൂപ സ്കോളർഷിപ്പിൽ പഠിക്കാം.

**സാൻജോസ് അക്കാദമി ജർമൻ ഔദ്യോഗിക പരീക്ഷാ കേന്ദ്രം** (telc).

വിമൽജ്യോതി ക്യാമ്പസിൽ പ്രവർത്തിക്കുന്ന സാൻജോസ് അക്കാദമിയിൽ ജർമ്മൻ ഔദ്യോഗിക പരീക്ഷാ കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ഇവിടെ പഠിക്കുന്നവർക്കും, പുറമേ നിന്ന് വരുന്നവർക്കും ഇവിടെ പരീക്ഷയെഴുതാവുന്നതാണ്. എല്ലാ മാസവും പുതിയ ബാച്ചുകൾ ആരംഭിക്കുന്നുണ്ട്. സ്കോളർഷിപ്പോടെ പഠിക്കാനുള്ള അവസരവും ഉണ്ട്. [*ആദ്യം അപേക്ഷിക്കുന്നവരിൽ നിന്നും സ്കോളർഷിപ്പിന് അർഹരായവരെ തിരഞ്ഞെടുക്കുന്നു. സീറ്റുകളുടെ എണ്ണവും ലിമിറ്റ് ചെയ്തിട്ടുണ്ട്. മറ്റു വിവിധ സ്കോളർഷിപ്പുകളും ആനുകൂല്യങ്ങളും അർഹരായവർക്ക് ലഭ്യമാണ്.*]

കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഓഫീസുമായി നേരിട്ട് ബന്ധപ്പെടുകയോ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറുകളിൽ വിളിക്കുകയോ ചെയ്യുക.

| | | |
|---|---|---|
| ENGINEERING | : | 9846423448 , 9400062919 |
| MBA | : | 9400512240 , 7012799277 |
| SANJOS ACADEMY | : | 8281750777 , 8281730777 |

## PLACEMENT NEWS - JUNE 2026

- ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ IT ട്രെയിനിങ് കമ്പനിയായ DHEE CODING LAB അവരുടെ Client ക്യാമ്പസിനു വേണ്ടി നടത്തിയ ക്യാമ്പസ് റിക്രൂട്ടിട്മെന്റിൽ 80 ൽ അധികം വിദ്യാർത്ഥികൾ പങ്കെടുത്തു. 2026 അധ്യയന വർഷത്തിൽ പഠനം പൂർത്തിയാക്കിയ SIDHIMA SUJITH (ECE), JAIVAND PUTHALATH (CSE) എന്നീ കുട്ടികളെ തിരഞ്ഞെടുത്തു. കമ്പനികളുടെ ആവിശ്യപ്രകാരമുള്ള 3 മാസത്തെ പരിശീലനത്തിനുശേഷം, ജോലിയിൽ പ്രവേശിക്കാം. പരിശീലനം പൂർണമായും സൗജന്യമാണ്.
- 2026 അധ്യയന വർഷത്തിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കുവേണ്ടി AMAZON CAMPUS റിക്രൂട്ടിട്മെന്റിനായി എത്തുന്നു. ജൂലൈ ആദ്യവാരത്തിൽ നടത്തുന്ന റിക്രൂട്ടിട്മെന്റിൽ തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾ ജൂലൈ മാസത്തിൽ തന്നെ ജോലിയിൽ പ്രവേശിക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. CHENNAI, HYDERABAD ഓഫീസുകളിലായിരിക്കും നിയമനം. പ്രതിവർഷം 5 ലക്ഷം രൂപയിലധികം ശമ്പളം ലഭിക്കുന്ന ജോലിയാണ്.
- പ്ലേസ്മെന്റ് സെല്ലിന്റെ ആദ്യവാരത്തിൽ FACULTY MEMBERS നായി ജൂൺ 11-ാം തീയതി INDUSTRY INTERACTION PROGRAM നടത്തുകയുണ്ടായി. SYSTOOLS CHIEF VALUE OFFICER ആയ നിമിഷ രമേഷ്, GUIDEHOUSE TECHNICAL ARCHITECT സമിത് ചെമ്മീൻഹട്ടി, AESTHETIX EDUTECH Managing ഡയറക്ടർ അഖിൽ ഷാൻ എന്നിവർ വിവിധ വിഷയങ്ങളിൽ Presentation നടത്തുകയും Faculty മെമ്പേഴ്സിന്റെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.
- Axcess.10 എന്ന പ്രമുഖ കമ്പനി നടത്തിയ ക്യാമ്പസ് റിക്രൂട്ടിട്മെന്റിലൂടെ 2026ൽ CSE ബ്രാഞ്ചിൽ പഠനം പൂർത്തിയാക്കിയ Anupama Joseph എന്ന വിദ്യാർത്ഥിനിക്ക് ജോലി ലഭിച്ചു. പ്രതിവർഷം 5.50 ലക്ഷം രൂപ വാഗ്ദാനം ചെയ്യുന്നു.
- 2027 അധ്യയന വർഷം പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ ക്യാമ്പസ് റിക്രൂട്ടിട്മെന്റിനായി ഒരുക്കുന്നതിന്റെ ഭാഗമായി 30 മണിക്കൂർ ദൈർഘ്യമുള്ള Advanced Coding Training ജൂൺ 8 മുതൽ 12 വരെ തീയതികളിൽ നടത്തുകയുണ്ടായി. 59 വിദ്യാർത്ഥികൾ പ്രസ്തുത പരിശീലന പരിപാടി വിജയകരമായി പൂർത്തിയാക്കി.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# നിർമലഗിരി കോളേജ്
## കൂത്തുപറമ്പ്

**2026-27 അധ്യയന വർഷത്തിലെ ഡിഗ്രി, പിജി ക്ലാസുകൾ ആരംഭിച്ചു**

ജൂൺ ഒന്നാം തീയതി കോളേജിൽ ഡിഗ്രി ക്ലാസുകൾ ആരംഭിച്ചു. ഒമ്പതരയ്ക്ക് കോളേജ് ബർസർ റവ. ഡോ. തോമസ് കൊച്ചുകരോട്ടിന്റെ നേതൃത്വത്തിൽ ബഹു. വൈദികർ ദിവ്യബലി അർപ്പിച്ചു. ദിവ്യബലിയിൽ അധ്യാപകരും അനധ്യാപകരും പങ്കെടുത്തു. തുടർന്ന് ക്ലാസ് മുറികൾ ബഹു. വൈദികർ വെഞ്ചിരിച്ചു. ദൈവാനുഗ്രഹപ്രദമായ വർഷമായിരിക്കട്ടെയെന്ന് ബർസാർ റവ. ഡോ. തോമസ് കൊച്ചുകരോട്ടച്ചനും പ്രിൻസിപ്പാൾ സാബു സെബാസ്റ്റ്യനും ആശംസിച്ചു.

**ലോക പരിസ്ഥിതി ദിനാചരണം നടത്തി**

കൂത്തുപറമ്പ്: നിർമ്മലഗിരി കോളേജ് (ഓട്ടോണമസ്), നിർമ്മലഗിരി കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിലെ നാഷണൽ സർവീസ് സ്കീം, എൻ.സി.സി എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ലോക പരിസ്ഥിതി ദിനാചരണം നടത്തി. നിർമ്മലഗിരി കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് പ്രോഗ്രാം ഓഫീസർ ഫാ. ജിന്റോ ജോസഫ് പരിപാടിക്ക് സ്വാഗതം പറഞ്ഞു. നിർമ്മലഗിരി കോളേജ് (ഓട്ടോണമസ്) പ്രിൻസിപ്പൽ പ്രൊഫ. ഡോ. സാബു സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തി. നിർമ്മലഗിരി കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് പ്രിൻസിപ്പൽ ഔസേപ്പച്ചൻ കെ. വി പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെകുറിച്ച് സംസാരിച്ചു. നിർമ്മലഗിരി കോളേജ് പ്രോഗ്രാം ഓഫീസർ മാരായ ഡോ. ദീപു തോമസ്, സി. ഡോ. മഞ്ജു ഓ എസ്, എൻസിസി കേണൽ ഡോക്ടർ കമല്ലോ ജോസഫ് എന്നിവർ പരിപാടിക്ക് നേതൃത്യം നൽകി. എൻ.എസ്.എസ് വോളണ്ടിയർമാരും എൻസിസി കേഡറ്റ്മാരും വൃക്ഷ തൈകൾ നട്ടു.

**വായനദിനം ആചരിച്ചു**

ചരിത്ര വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2026 ജൂൺ 19 വെള്ളിയാഴ്ച വിവിധ പരിപാടികളോടെ ദേശീയ വായനാദിനാചരണം സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ പ്രൊഫ. സാബു സെബാസ്റ്റ്യൻ

അധ്യക്ഷത വഹിച്ച ചടങ്ങിൽ മലയാളം വിഭാഗം അസോസിയേറ്റ് പ്രൊഫ. ഡോ. ദീപാമോൾ മാത്യു വായനയുടെ പ്രാധാന്യത്തെക്കുറിച്ച് വിദ്യാർത്ഥികൾക്ക് സന്ദേശം നൽകി. ചരിത്ര വിഭാഗം മേധാവിയും അസിസ്റ്റന്റ് പ്രൊഫസറുമായ മിസ് രേഷ്മ ടോം ചടങ്ങിൽ സ്വാഗതം ആശംസിച്ചു.

മൂന്നാം വർഷ ചരിത്രവിഭാഗം വിദ്യാർത്ഥികൾ ‘സൗഹൃദ ഗ്രന്ഥാലയ പദ്ധതി’യിലേക്ക് പുസ്തകങ്ങൾ സംഭാവന ചെയ്തു. കോളേജിലെ മറ്റ് പഠനവകുപ്പുകളിൽ നിന്നുള്ള വിദ്യാർത്ഥികളും ക്വിസ്, വായനാ മത്സരങ്ങളിൽ സജീവമായി പങ്കെടുത്തു. വിജയികൾക്കുള്ള സമ്മാനദാനവും ചടങ്ങിൽ നിർവ്വഹിച്ചു. മൂന്നാം വർഷ ബിരുദ ചരിത്രവിദ്യാർത്ഥിനി മിസ് അനുശ്രീ ടി. കെ. നന്ദി പ്രകാശിപ്പിച്ചു.

നിർമലഗിരി കോളേജ് മലയാളവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ വായനവാരത്തിന്റെ ഔദ്യോഗികമായ ഉദ്ഘാടനം ഡോ. ദീപാ മോൾ മാത്യു ചെയ്തു. ആനുകാലിക വായന വിലയിരുത്താനായി നടത്തിയ പ്രശ്നോത്തരിയിൽ ഹിസ്റ്ററി ഡിപ്പാർട്ട്മെന്റിലെ ശ്രീനന്ദ വി.കെ., മലയാള വിഭാഗത്തിലെ ശ്രീനന്ദന, ദിയ എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. തുടർന്നു നടന്ന വായന മത്സരത്തിൽ സ്നേഹ, അനുശ്രി, ശോണിമ, ശ്രീനന്ദ എന്നിവർ സമ്മാനാർഹരായി. മലയാളവിഭാഗം അധ്യക്ഷൻ ഡോ. ജയ്സൺ ജോസഫ് മുഖ്യപ്രഭാഷണം നടത്തി. അധ്യാപകരായ റവ. ഡോ. മാർട്ടിൻ ജോസഫ്  പരിപാടികൾക്ക് നേതൃത്വം നല്കി.

**ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു**

കാലിക്കറ്റ് യൂണിവേഴ്സിറ്റി എം.എം.ടി.ടി.സി-യുടെ സഹകരണത്തോടെ നിർമ്മലഗിരി കോളേജ് ഐക്യൂഎസ്സി കോളേജ് അധ്യാപകർക്കായി നാഷണൽ എജുക്കേഷൻ പോളിസിയെക്കുറിച്ചുള്ള 7 ദിവസത്തെ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു. കോഡിനേറ്റർ ഡോ. മാർട്ടിൻ ജോസഫിന്റെ നേതൃത്വത്തിലാണ് പ്രോഗ്രാം സംഘടിപ്പിച്ചത്.

**അന്താരാഷ്ട്ര യോഗദിനം**

അന്താരാഷ്ട്ര യോഗദിനത്തിൽ എൻഎസ്എസ്., എൻ.സി.സി. അംഗങ്ങൾക്ക് യോഗപരിശീലനം നടത്തി. ഫിസിക്കൽ എജുക്കേഷൻ അസിസ്റ്റന്റ് പ്രോഫസർ ഷിനിൽ കുര്യാക്കോസ് പരിശീലനം നൽകി.

**ബേസിക് ലൈഫ് സപ്പോർട്ട് സ്കിൽ ട്രെയിനിങ് കോഴ്സ് സംഘടിപ്പിച്ചു**

ബേസിക് ലൈഫ് സപ്പോർട്ട് സ്കിൽ ട്രെയിനിംഗ് കോഴ്സ് സംഘടിപ്പിച്ചു. നിർമ്മലഗിരി കോളേജിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപക അനധ്യാപകർക്കും ബേസിക് ലൈഫ് സപ്പോർട്ട് സ്കിൽ ട്രെയിനിംഗ് കൊടുക്കുക എന്ന ലക്ഷ്യത്തോടെ നിർമ്മലഗിരി കോളേജ് പി.ടി.എ.യുടെ സഹായത്തോടെ കണ്ണൂർ ആസ്റ്റർ മിംസുമായി ചേർന്ന് നടത്തുന്ന

BLS സ്കിൽ ട്രെയിനിംഗ് പ്രോഗ്രാമിന്റെ പരിശീലനം പൂർത്തി യാക്കി. ആസ്റ്റർ മിംസ് എമർജൻസി മെഡിക്കൽ സപ്പോർട്ട് ടീമിലെ വിദഗ്ധരായ രണ്ട് ഡോക്ടർമാരും രണ്ട് ട്രെയിൻഡ് സ്റ്റാഫുമാണ് ക്ലാസുകൾ നൽകിയത്. പങ്കെടുത്ത എല്ലാ കുട്ടികൾക്കും CPR (കൃത്രിമ ശ്വാസോ ശ്വാസം) choking (തൊണ്ടയിൽ ഭക്ഷണം കുടുങ്ങുക) എന്നിവയിൽ പ്രാക്ടിക്കൽ ട്രെയിനിംഗും, ബ്ലീഡിംഗ്, പാമ്പുകടി, തലചുറ്റൽ ഫ്രാക്ചർ, തുടങ്ങിയ അത്യാവശ്യ ഘട്ട ങ്ങളിൽ എന്തു ചെയ്യണം എന്തു ചെയ്യരുത് എന്ന് വിശദമായി ക്ലാസ്സെടുത്തു. കുട്ടികൾക്കുള്ള എല്ലാ സംശയങ്ങൾക്കും ഡോക്ടേഴ്സ് മറുപടി നൽകി. പ്രിൻസിപ്പൽ പ്രൊഫ. ഡോ. സാബു സെബാസ്റ്റ്യന്റെ ആശംസകളോടെ തുടങ്ങിയ ക്ലാസുകൾ ഷിനിൽ കുര്യാക്കോസ്, ഡോ. എവിസ് ട്രീസ ബാബു, ഡോ. അജേഷ് പി തോമസ് എന്നിവർ കോർഡിനേറ്റ് ചെയ്തു. രാവിലെ 10 മണി മുതൽ 1 മണി വരെയായിരുന്നു ക്ലാസുകൾ.

26-27 അധ്യയന വർഷത്തിലേക്കുള്ള ഓട്ടോണമസ് സെൽഫ് ഫിനാൻസിംഗ് കോഴ്സുകളിലേക്കുള്ള ഒന്നാം വർഷ ഡിഗ്രി പിജി അഡ്മിഷൻ ആരംഭിച്ചു.

ഒന്നാംവർഷ പി ജി അഡ്മിഷൻ ജൂൺ 15 തീയതിയും ഒന്നാംവർഷ ഡിഗ്രി അഡ്മിഷൻ 24-ാം തീയതിയും ആരംഭിച്ചു.

**പി ആർ ഒ**

നിർമലഗിരി കോളേജ്

# ലെയ്റ്റി അപ്പൊസ്റ്റോലേറ്റ്
## എ. കെ. സി. സി.

**തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് യോഗം**

19-6-2026 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ചെമ്പേരി ലൂർദ് മാതാ ബസിലിക്ക ഇടവകയിലെ അൽഫോൻസാ ഓഡിറ്റോറിയത്തിൽ കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത പ്രസിഡന്റ് ഫിലിപ്പ് വെളിയത്തിന്റെ അധ്യക്ഷതയിൽ ബസിലിക്ക റെക്ടർ റവ. ഫാ. തോമസ് തയ്യിൽ കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് യോഗം ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ മുഖ്യഭാഷണം നടത്തി.

കേരള ബജറ്റിന്റെ പശ്ചാത്തലത്തിൽ ചേർന്ന കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റി ബജറ്റിലെ ജനക്ഷേമ വികസന നിർദേശങ്ങളെ സ്വാഗതം ചെയ്തു. അതേസമയം മലയോര മേഖലയിലെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കൂടുതൽ വ്യക്തവും ശക്തവും ആയ ഇടപെടലുകൾ ആവശ്യമായിരുന്നു എന്ന് യോഗം അഭിപ്രായപ്പെട്ടു. കാർഷിക ഉത്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കൽ, വന്യജീവി ശല്യത്തിന് ശാശ്വത പരിഹാരം, കാർഷിക കടബാധ്യതകളിൽ ആശ്വാസം, മലയോര റോഡുകളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും വികസനം, തുടങ്ങിയ വിഷയങ്ങളിൽ സർക്കാർ കൂടുതൽ ശ്രദ്ധിക്കണമെന്നും യോഗം ചൂണ്ടിക്കാട്ടി.

ചെമ്പേരി മേഖല ഡയറക്ടർ ഫാ. പോൾ വള്ളോപ്പിള്ളി, അതിരൂപത ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം, ട്രഷറർ സുരേഷ് കാഞ്ഞിരത്തിങ്കൽ, ഐസി മേരി, ഷിനോ പാറക്കൽ, ടോമി കണയങ്കൽ, ചെമ്പേരി മേഖലാ പ്രസിഡന്റ് ബിജു മണ്ഡപത്തിൽ, ബെന്നി തുളുമ്പുംമാക്കൽ, പീയൂസ് പറേടം, ജോർജ് കാനാട്ട്, ജെയിംസ് പാറേൽ, ഷിബു കുന്നപ്പള്ളി, ജോസഫ് മാത്യു കൈതമറ്റം, ജോളി ജോസഫ് എരിഞ്ഞേരിൽ, ആന്റോ തെരുവൻകുന്നേൽ, ബാബു ആക്കാട്ട്, ബിജു ഈട്ടിക്കൽ, ജോയ് പറമ്പേൽ, ജോസഫ് കെ.എ കൊച്ചുകുന്നത്ത് പറമ്പിൽ തുടങ്ങിയവർ സംസാരിച്ചു.

കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമായ വിധത്തിൽ സമുദായ അംഗങ്ങളിൽ വ്യാപകമാക്കുന്നതിനുവേണ്ടിയുള്ള ചർച്ചകൾ നടത്തി.

**നിർദ്ദേശങ്ങൾ**

മലബാർ മേഖലയുടെ വികസനത്തിനായി സമഗ്ര പദ്ധതികൾ ആലോചിച്ച് കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ സർക്കാരിന് സമർപ്പിക്കുവാൻ തീരുമാനിച്ചു. ഇതിനായി ഫാ. പോൾ വള്ളോപ്പിള്ളി ജനറൽ കൺവീനറായി വിവിധ സോൺ തിരിച്ച് പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് മലബാർ വികസന സമിതി രൂപീകരിച്ചു.

വന്യമൃഗശല്യങ്ങൾക്ക് പരിഹാരം, ജലനിധി പദ്ധതി പ്രകാരം റോഡുകൾ വെട്ടിപ്പൊളിച്ച് ഗതാതയോഗ്യമല്ലാതെ ആക്കിയതിന് ഉടൻ പ്രതിവിധി, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ, ടൂറിസം മേഖലയെ ശക്തിപ്പെടുത്തൽ, ലഹരി ഹബ്ബുകൾ കണ്ടെത്തി സർക്കാരിനെ അറിയിക്കൽ, ദുരന്തങ്ങളിൽ അടിയന്തര സഹായങ്ങൾ നൽകുക, കാർഷിക മേഖലയെ പരിപോഷിപ്പിക്കുക, യുവാക്കളെ കാർഷിക മേഖലയിലേക്കും ഒപ്പം നാട്ടിൽ നല്ല ശമ്പളത്തോടുകൂടി ജോലി ലഭിക്കുന്നതിനുമുള്ള പദ്ധതികളുടെ ആസൂത്രണം, സർക്കാരിന് നിർദ്ദേശിക്കുവാനുള്ള മെമ്മോറാണ്ടം തയ്യാറാക്കൽ തുടങ്ങി ഓരോ മേഖലയിലെയും പ്രധാനപ്പെട്ട വികസന ലക്ഷ്യങ്ങൾ അടിസ്ഥാനമാക്കിക്കൊണ്ട് നിർദ്ദേശങ്ങൾ രൂപതാ സമിതിയെ ജൂലൈ 10 ന് മുൻപായി ഏൽപ്പിക്കുന്നതിന് സോൺ വികസന സമിതി അംഗങ്ങളെ ചുമതലപ്പെടുത്തി.

**മേഖലകളിൽ ചുമതലയുള്ളവർ**

- കാസർഗോഡ്, കാഞ്ഞങ്ങാട്, പനത്തടി മേഖല: പീയൂസ് പറയിടം
- വെള്ളരിക്കുണ്ട്, മാലോം, തോമാപുരം, ചെറുപുഴ മേഖല: സെബാസ്റ്റ്യൻ ജാതികുളം, ജോയിച്ചൻ പറമ്പിൽ, ആന്റോ തെരുവൻകുന്നേൽ, ജോസഫ് കെ.എ. കൊച്ചുകുന്നത്ത്പറമ്പിൽ, തോമസ് ചിറ്റാരിക്കാൽ, ഷിജിത്ത് കുഴിവേലി
- മേരിഗിരി, ആലക്കോട്, വായാട്ടുപറമ്പ്, തളിപ്പറമ്പ് മേഖല: ജെയിംസ് പേരുക്കുന്നേൽ, ജോളി ജോസഫ് എരിഞ്ഞേരി, ഡോ. ജോസഫ് തോമസ്
- ചെമ്പന്തൊട്ടി, ചെമ്പേരി, പൈസക്കരി മേഖല: ജോസഫ് മാത്യു കൈതമറ്റം, ബെന്നി ചേരിക്കതടത്തിൽ, ബിജു മണ്ഡപം
- കുന്നോത്ത്, നെല്ലിക്കംപൊയിൽ, മണിക്കടവ്, എടൂർ, പേരാവൂർ മേഖല: ജോർജ് കാനാട്ട്, ഷിബു കുന്നപ്പിള്ളി, ജെയിംസ് പാറേൽ, ജോബി കുര്യൻ
- കൂടാതെ ബഹുമാനപ്പെട്ട ഫൊറോന വികാരിയച്ചൻമാർ കത്തോലിക്കാ കോൺഗ്രസ് ഫൊറോന ഡയറക്ടറച്ചൻമാർ ഫൊറോന പ്രസിഡന്റുമാർ, സെക്രട്ടറിമാർ എന്നിവരും ഈ സമിതിയിൽ അംഗങ്ങളാണ്.

- ഇവർക്ക് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരസ്പരം ആലോചിക്കുന്നതിനായി ഒരു വാട്സപ്പ് ഗ്രൂപ്പ് ഉണ്ടാക്കുന്നതിന് ആന്റോ തെരുവൻകുന്നേലിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

**ചർച്ചയിൽ വന്ന ചില നിർദ്ദേശങ്ങൾ**

- ഭൂമിയുടെ താരിഫ് വില നിർണയ കമ്മിറ്റി സർക്കാർ രൂപീകരിച്ച് അതിൽ കർഷകരുടെ പ്രതിനിധിയായി കത്തോലിക്ക കോൺഗ്രസിനെ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം ഉണ്ടായി.
- കൂട്ടിയ ഭൂനികുതികൾ കുറയ്ക്കാൻ സർക്കാർ തയ്യാറാകണമെന്ന് നിർദ്ദേശിച്ചു.
- കൃഷി നാശത്തിന് സമയാസമയങ്ങളിൽ യോജിച്ച നഷ്ടപരിഹാരം ലഭിക്കുന്നതിന് സർക്കാർ നടപടികൾ ഉണ്ടാകണം.
- കത്തോലിക്ക കോൺഗ്രസിന്റെ യൂണിറ്റുകൾ സജീവമാക്കുന്നതിനും ശക്തമായ കൂട്ടായ്മകൾ ഉണ്ടാകുന്നതിനായി സ്വാശ്രയ ഗ്രൂപ്പുകൾ രൂപീകരിക്കണമെന്ന് നിർദ്ദേശം ഉണ്ടായി.

**തീരുമാനങ്ങൾ**

1 ആനമതിൽ, സോളാർ വേലി നിർമ്മാണങ്ങൾ കൃത്യമായി നടക്കാത്തതിനാലും അതിന്റെ പരിപാലനം വേണ്ട രീതിയിൽ നടത്താത്തതിനാലും വന്യജീവി ശല്യം കൂടുന്നതിനാൽ അത്തരത്തിലുള്ള മേഖലകൾ കണ്ടെത്തി ഫൊറോന പ്രസിഡണ്ടുമാർ അടിയന്തരമായി രൂപത ഭാരവാഹികൾക്ക് വിവരം നൽകണം.

2 കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത സമിതിക്ക് മൈക്ക് സെറ്റ് വാങ്ങുന്നതിന് തീരുമാനിക്കുകയും അതിന് ഡോ. ജോസഫ് തോമസിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

3 ജൂലൈ 3 സഭാ ദിനത്തിൽ തലശ്ശേരി അതിരൂപതയിലെ ഇടവകകളിൽ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ പൊതു ഇടങ്ങളിൽ വച്ച് സഭയുടെ വളർച്ചയ്ക്കായി പ്രയത്നിച്ച മാർഗ്ഗദർശികൾ ആയിരുന്ന വിശുദ്ധ ചാവറ കുര്യാക്കോസ് അച്ചന്റെയും അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെയും ഛായാ ചിത്രങ്ങൾ വച്ചുകൊണ്ട് അവരെ അനുസ്മരിക്കുന്നതിന് തീരുമാനിക്കുകയും അതിന് ആയി പ്രത്യേക ബ്രോഷർ രൂപീകരിക്കുന്നതിന് ബാബു ആക്കാട്ടലിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

4 ഓരോ മാസത്തെയും അതിരൂപത എക്സിക്യൂട്ടീവിനുശേഷം സർക്കുലർ ഇറക്കുന്നതിനു രൂപതാ ജനറൽ സെക്രട്ടറിയെ സഹായിക്കുന്നതിനായി ജോസഫ് മാത്യു കൈമറ്റത്തിനെചുമതലപ്പെടുത്തി.

5 സർക്കാരിന്റെ തൂഫാൻ ലഹരി വിരുദ്ധ പ്രോഗ്രാമിൽ കത്തോലിക്കാ കോൺഗ്രസ് പങ്കാളികളാകുന്നതിനും ലഹരിക്കെതിരെയുള്ള പ്രചാര

ണത്തിന്റെ തുടക്കം കുറിച്ചുകൊണ്ട് അതിരൂപതലത്തിൽ നടത്തപ്പെടുന്ന ഉദ്ഘാടന പ്രോഗ്രാമിന് തുടർച്ചയായി എല്ലാ ഫൊറോനകളിലും യൂണിറ്റ് തലത്തിലും ലഹരിക്കെതിരെയുള്ള പോരാട്ടം നടത്തുന്നതിനും തീരുമാനിച്ചു.

**പൊതുപ്രവർത്തനങ്ങൾ**

1 കുന്നോത്ത് യൂണിറ്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നേത്ര പരിശോധന ക്യാമ്പ് നടത്തി. ഫാ. ജോൺ വലിയപറമ്പിൽ ഉദ്ഘാടനം ചെയ്തു.

2 ജൂൺ 5 പരിസ്ഥിതി ദിനത്തിൽ കത്തോലിക്ക കോൺഗ്രസ് അതിരൂപത സമിതിയുടെ നേതൃത്വത്തിൽ ഇടവകകളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു കൊണ്ടും പരിസരം ശുചിയാക്കികൊണ്ടും പരിസ്ഥിതി ദിനാചരണം നടത്തി. അതിരൂപതല ഉദ്ഘാടനം പ്രസിഡണ്ട് ഫിലിപ്പ് വെളിയത്തിന്റെ അധ്യക്ഷതയിൽ ഫാ. കുര്യാക്കോസ് അറയ്ക്കൽ നടത്തി.

3 കത്തോലിക്കാ കോൺഗ്രസ് കുട്ടാപറമ്പ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പും കിഡ്നി രോഗനിർണയവും നടത്തി.

4 കത്തോലിക്ക കോൺഗ്രസ് കുന്നോത്ത് യൂണിറ്റ് എസ്എസ്എൽസി, പ്ലസ് ടു, സിബിഎസ്ഇ, ഡിഗ്രി പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെ ആദരിച്ചു.

5 കത്തോലിക്കാ കോൺഗ്രസ് പച്ചാണി യൂണിറ്റ് ഇടവക പള്ളിയിൽ ക്ലോക്ക് സംഭാവന ചെയ്തു.

6 കത്തോലിക്കാ കോൺഗ്രസ് അമ്മംകുളം യൂണിറ്റിന്റെ നേതൃത്വത്തിൽ കൊടുവള്ളി തളിപ്പറമ്പ് സംസ്ഥാനപാതയുടെ ഇരുവശങ്ങളിലുമായി വളർന്ന കാടുകളും വൃക്ഷങ്ങളും വെട്ടിതെളിച്ച് കാൽനടയാത്രയ്ക്കും വാഹനഗതാഗതം സുഖമമാക്കുന്നതിനും സൗകര്യമൊരുക്കി.

7 ജലനിധി പദ്ധതി പ്രകാരം ചെമ്പേരി – പയ്യാവൂർ മലയോര ഹൈവേയുടെ ടാറിങ് വെട്ടിപ്പൊളിച്ച് പൈപ്പിടുന്നതിനായി കുഴിയെടുത്ത ഭാഗങ്ങൾ മണ്ണിട്ട് നികത്തി അതിനുശേഷം കോൺക്രീറ്റ് ചെയ്യാത്തതിനാൽ തുടർച്ചയായി അപകടം ഉണ്ടാകുന്നതിന് കാരണമായിരിക്കുന്നു. അതുപോലെ ചെമ്പേരി ടൗൺ കാൽനടയാത്രയ്ക്ക് പോലും സാധിക്കാത്ത രീതിയിൽ ചെളിക്കുളമായ സ്ഥിതിയാണുള്ളത്. ഉത്തരവാദിത്വത്തോടെ കരാറുകാർ പ്രവർത്തികൾ പൂർത്തിയാക്കാത്തതിന് എതിരെ കത്തോലിക്ക കോൺഗ്രസ് ചെമ്പേരി യൂണിയന്റെ ആഭിമുഖ്യത്തിൽ പ്രതിഷേധിച്ചു. ബന്ധപ്പെട്ട അധികാരികൾക്ക് നിവേദനം നൽകി.

**ഫിലിപ്പ് വെളിയത്ത്**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*

# എയ്ഞ്ചൽ ട്രസ്റ്റ്

**അഭിനന്ദനങ്ങൾ**

1. 2025-2026 വർഷത്തെ കണക്കുകളും രേഖകളും ഓഡിറ്റിംഗിനായി ഓഫീസിൽ നൽകിയ എല്ലാവർക്കും നന്ദി. എല്ലാ ഫൊറോനകളിലും ഏഞ്ചൽ ഡയാലിസിസിന്റെ പ്രവർത്തനങ്ങൾ നന്നായി നടത്തുന്നതിൽ അഭിനന്ദനങ്ങൾ അറിയിക്കുന്നു. നാല് ഫൊറോനകളിൽനിന്നും കണക്കുകൾ ലഭിച്ചില്ല എന്ന് ഓഡിറ്റ് ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ട്. അവർ എത്രയും വേഗം പ്രസ്തുത കണക്കുകൾ ഓഡിറ്റ് ഓഫീസിൽ നൽകേണ്ടതാണ്.
2. ഇനിയും Comptes ൽ കണക്കുകൾ പൂർത്തീകരിക്കാത്ത ഫൊറോനകൾ ഉണ്ടെന്നു മനസിലാക്കുന്നു. 2025-2026 സാമ്പത്തികവർഷം മുതലുള്ള കണക്കുകൾ കൃത്യമായും Comptes ൽ പൂർത്തീകരിക്കണം.
3. വർഷത്തിൽ 4 തവണ കൂടേണ്ട ഫൊറോനാ മാനേജിംഗ് കമ്മിറ്റിയുടെ പ്രഥമ സമ്മേളനം കൂടിയതിന്റെ റിപ്പോർട്ട് ഓഫീസിലേക്ക് അയക്കാത്തവർ ഉടൻ അയക്കണം.
4. ഫൊറോനാ മാനേജിംഗ് കമ്മിറ്റിയുടെ രണ്ടാം സമ്മേളനം ഈ ജൂലൈ മാസം കൂടി തീരുമാനങ്ങൾ മിനിട്സിൽ രേഖപ്പെടുത്തുകയും കോപ്പി രൂപതയിലേക്കു അയയ്ക്കുകയും ചെയ്യുമല്ലോ.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# കരിസ്മാറ്റിക് മൂവ്മെന്റ്

**സോണൽ പുനഃസംഘടന**

തലശ്ശേരി അതിരൂപതയിലെ 3 സോണുകളുടെയും പുനഃസംഘടന 2026 മെയ് 28, 29, 30 തീയതികളിലായി നടന്നു. നിലവിലുള്ള സോൺ സേവന സമിതി അംഗങ്ങളുടെ കാലാവധി പൂർത്തിയായതിനാലാണ് പുനഃസംഘടന നടത്തിയത്. അതിരൂപതാ ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ സോണൽ ആനിമേറ്റർമാരായ മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ, റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ, റവ. ഫാ. ജോസഫ് കൊളുത്താപ്പള്ളി എന്നിവരുടെ സാന്നിദ്ധ്യത്തിൽ കെ.സി.ബി.സി കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറി റവ. ഫാ. ജോസഫ് തൗണ്ടയിൽ പുനഃസംഘടനയ്ക്ക് നേതൃത്വം നൽകി.

**കാസർഗോഡ് സോൺ പുനഃസംഘടന**

കാസർഗോഡ് സോൺ പുനഃസംഘടന 2026 മെയ് 29 ന് വെള്ളിയാഴ്ച മാവുള്ളാൽ, വി. യൂദാസ് തദേവൂസ് തീർത്ഥാടന ദൈവലയത്തിൽ വച്ച് നടത്തപ്പെട്ടു. KCSC കോർഡിനേറ്റർ റവ. ഫാ. ജോൺസൺ തുണ്ടിയിലിന്റെ നേതൃത്വത്തിൽ നടത്തി. സോണിന്റെ കീഴിലുള്ള 8 സബ് സോണുകളിൽ നിന്നുമായി 130 അംഗങ്ങൾ കൂട്ടായ്മയിൽ പങ്കെടുത്തു. സെൻട്രൽ ടിമംഗങ്ങളായ ശ്രീ. ഫ്രാൻസിസ് പുല്ലൻ, പോൾ കരിമ്പനക്കുഴിയിൽ, രാജേഷ് പിട്ടാപ്പള്ളി, സുനിതാ അശോക്, ഷൈനി ജയിൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു. തുടർന്ന് പുതിയ സർവീസ് ടീം സോണൽ കോർഡിനേറ്ററായി ശ്രീ. റെമീജിയസ് മച്ചിയാനിക്കൽ, സെക്രട്ടറിയായി മേരി കുര്യൻ ഓലിക്കൽ, ട്രഷർറായി ശ്രീ. രാജു തൈക്കൽ, പാരീഷ് മിനിസ്ട്രി ചുമതലയിലേക്ക് ശ്രീ. തോമസ് പടിഞ്ഞാട്ടുമാലിയെയും, കെറിഗ്മയുടെ ഉത്തരവാദിത്വത്തിലേക്ക് ശ്രീ. ജയൻ ജോസഫിനേയും YU4C യുടെ ഉത്തരവാദിത്വത്തിലേക്ക് ബിപിൻ ഓലിക്കലിനെയും ഏൽപ്പിച്ചു. ശ്രീ. ഷാജി വടക്കേടത്ത്, ശ്രീമതി നീനാ ജോസഫ് പുളിയാഞ്ചിറ, ശ്രീമതി ഡെറ്റി ഫ്രാൻസ്സിസ് തുടങ്ങിയവരും തിരഞ്ഞെടുക്കപ്പെട്ടു.

**തലശേരി സോൺ പുനഃസംഘടന**

30-5-2026 ന് നടന്ന തലശ്ശേരി സോൺ പുനഃസംഘടനയ്ക്ക് സോൺ ആനിമേറ്റർ റവ. ഫാ. ജോസഫ് കൊളുത്താപ്പള്ളിയും കെ.സി.ബി.സി കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറി റവ. ഫാ. ജോൺസൺ തുണ്ടിയിലും നേതൃത്വം നൽകി. സോണൽ കോർഡിനേറ്ററായി ജോളി മൂയപ്പള്ളിയും, സെക്രട്ടറിയായി ശ്രീമതി റോസമ്മ മച്ചിയാനിക്കലും, ട്രഷറർ ബേബി പെരുന്തോട്ടവും തിരഞ്ഞെടുക്കപ്പെട്ടു.

14-6-2026 ന് ഇരിട്ടി സെഹിയോൻ പ്രാർത്ഥനാലയത്തിൽ വച്ചു നടന്ന സംയുക്ത മീറ്റിംഗിൽ കെ.എ.സി അംഗങ്ങളെ ആനിമേറ്റർ ജോസഫ് കൊളുത്താപ്പള്ളി അച്ചന്റെ നേതൃത്വത്തിൽ തിരഞ്ഞെടുത്തു. 6 സബ് സോണുകളിലെയും തിരഞ്ഞെടുപ്പ് 2026 ആഗസ്റ്റ് മാസം നടത്താൻ തീരുമാനിച്ചു.

**കണ്ണൂർ സോൺ പുനഃസംഘടന**

28-5-2026 ന് തളിപ്പറമ്പിൽ വച്ചു നടന്ന കണ്ണൂർ സോൺ പുനഃസംഘടനയ്ക്ക് സോൺ ആനിമേറ്റർ റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ, റവ. ഫാ. ജോൺസൺ തുണ്ടിയിൽ എന്നിവർ നേതൃത്വം കൊടുത്തു. കണ്ണൂർ സോൺ കോർഡിനേറ്ററായി ശ്രീ. ബെന്നി കൊട്ടാരം തിരഞ്ഞെടുക്കപ്പെട്ടു.

**കെറിഗ്മാ മിനിസ്ട്രി**

മണ്ഡപം സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ച് 2026 ജൂൺ 12 വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണി വരെ കെറിഗ്മാ മിനിസ്ട്രിയുടെ നേതൃത്വത്തിൽ ദിവ്യകാരുണ്യാരാധനയും, മദ്ധ്യസ്ഥ പ്രാർത്ഥനയും നടത്തി. റവ. ഫാ. വർഗ്ഗീസ് ചെരിയംപുറത്ത് ബലിയർപ്പിച്ച് സന്ദേശം നൽകി. മധ്യസ്ഥപ്രാർത്ഥന മിനിസ്ട്രി അംഗങ്ങളായ പൗലോസ് അന്ത്യാംകുളം, പാരിഷ് മിനിസ്ട്രി കോർഡിനേറ്റർ തോമസ് പടിഞ്ഞാട്ടുമാലിൽ, ജസ്സി ആയിത്തമറ്റം, മേരി ഓലിക്കൽ, കെറിഗ്മാ സെൻട്രൽ ടിമംഗമായ മേരി മലേപറമ്പിൽ, സോണൽ കോ-ഓഡിനേറ്റർ റെമിജിയസ് മച്ചിയാനിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി. ഡെറ്റി കണ്ടൻചിറ, ഡെയ്സി മച്ചിയാനിക്കൽ എന്നിവർ ഗാനശുശ്രൂഷക്ക് നേതൃത്വം വഹിച്ചു. കെറിഗ്മാ മിനിസ്ട്രി സെക്രട്ടറി ഫ്രാൻസ്സിസ് കണ്ടൻചിറ നന്ദി പ്രകാശിപ്പിച്ചു.

**ഫാ. സേവ്യർ പുത്തൻപുരയയ്ക്കൽ**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

**അധ്യയന വർഷാരംഭം - ആലക്കോട്**

അതിരൂപത ആദം മിനിസ്ട്രി അംഗങ്ങളുടെ കേൾവി പരിമിതരായ കുട്ടികൾക്കായി പ്രത്യേക പ്രാർത്ഥനയും വിശുദ്ധബലിയും 7-ാം തീയതി ഞായറാഴ്ച നടത്തി. സാമ്പത്തിക ക്ലേശമനുഭവിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസസഹായം നൽകി.

**ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മ തിരഞ്ഞെടുപ്പ്**

നിലവിലെ ബധിര കൂട്ടായ്മ ഭരണസമിതി അംഗങ്ങളുടെ കാലാവധി അവസാനിച്ചതിനാൽ 2026-29 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പ്രസിഡന്റ് ശ്രീ. ഷിനോജ് മണ്ണഞ്ചേരിൽ ചന്ദനക്കാം പാറ, സെകട്ടറി ശ്രീ. ജിമ്മി വേരനാനിക്കൻ കരുവൻചാൽ, ട്രഷറർ ശ്രീ. വിനോദ് കാരിക്കൽ ഉദയഗിരി, & ശ്രീ. പോൾ കുഴിപ്പിൽ അരിവിളഞ്ഞ പൊയിൽ, ബോർഡ് മെമ്പേഴ്സ് ശ്രീ. ആന്റണി വെട്ടിക്കാട്ട് വെളിമാനം, ശ്രീ. സനീഷ് പുതുവയിൽ രയറോം, ശ്രീമതി നീതു കാരുവേലിൽ നെല്ലിക്കാംപൊയിൽ. 2023-26 ഭരണസമിതിക്ക് നേതൃത്വം നൽകിയ ശ്രീ. സനീഷിനും ടീം അംഗങ്ങൾക്കും പ്രത്യേകം നന്ദി പറയുകയും പുതിയ ഭാരവാഹികൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

**സ്നേഹവീട്**

തലശ്ശേരി അതിരൂപത ആദം മിനിസ്ട്രി അംഗങ്ങളായ ശ്രീ. ജോസ് പുല്ലാട്ടിനും കുടുംബാംഗങ്ങൾക്കുമായി തോമാപുരം ഇടവക വിൻസെന്റ് ഡി പോൾ വനിത ഫെഡറേഷന്റെ നേതൃത്വത്തിൽ തലശ്ശേരി അതിരൂപത വിൻസെന്റ് ഡി പോൾ സെസൈറ്റിയുടെയും, സ്വദേശത്തും വിദേശത്തുള്ള സുമനസുകളുടെയും സഹായത്തോടെ പതിനഞ്ച് ലക്ഷത്തോളം രൂപ ചെലവഴിച്ച് നിർമിച്ച ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മത്തിന് 8-ാം തീയതി തിങ്കളാഴ്ച രാവിലെ ഫൊറോന വികാരി വെരി റവ. ഫാ. മാണി മേൽവട്ടം നേതൃത്വം നൽകി. മാതാപിതാക്കളും മക്കളും ബധിരരായ അഞ്ചംഗകുടുംബത്തിന്റെ സാമ്പത്തിക പിന്നോക്ക അവസ്ഥ മനസിലാക്കി ഫാ. പ്രിയേഷ് കളരിമുറിയിലിന്റെ അഭ്യർത്ഥനപ്രകാരം ശ്രീ. ജോസുകുട്ടി തയ്യിൽ മുൻകൈ എടുത്ത സംരംഭത്തിൽ അദ്ദേഹത്തിന്റെ രോഗാവസ്ഥയിൽ സുഹൃത്തുക്കളും വിൻസെന്റ് ഡി പോൾ പ്രവർത്തകരുമായ ശ്രീ. ജോയി ഇലഞ്ഞിമറ്റത്തിൽ, ശ്രീ ബിനോയി പുതുമംഗലം എന്നിവർ ചേർന്ന് ശ്രീമതി ലിസി ജോയി ഇലഞ്ഞി മറ്റത്തിൽ പ്രഡിഡന്റായ വനിത ഫെഡറേഷൻ ഏറ്റെടുത്ത ഭവനർമാണ പദ്ധതിപ്രവർത്തികൾക്ക് നേതൃത്വം നൽകി.

പ്രസ്തുത ഭവനത്തിന്റെ അനുബന്ധപണികൾക്കായി സഹായിച്ച ശാന്തിഗിരി ആശ്രമം ആലക്കോട് ഡയറക്ടർ ഫാ. ജോർജ് കുറുമണ്ണിൽ, S.H പ്രൊവ്യൻഷ്യൽഹൗസ് പേരാവൂർ, ക്രിസ്തുരാജ ഹോസ്പിറ്റൽ തൊക്കിലങ്ങാടി എന്നിവർക്കും തോമാപുരം വിൻസെന്റ് ഡി പോൾ വനിത ഫെഡറേഷൻ പ്രവർത്തകർക്കും എല്ലാ ഉപകാരികൾക്കും പ്രത്യേകം അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

**ദൈവവിളി പ്രോത്സാഹനം:** ബാംഗ്ലൂർ ഉർസുലൈൻ സഭയിൽ അംഗങ്ങളായി സന്യാസ വ്രതവാഗ്ദാനത്തിനായി പരിശീലിക്കുന്ന നോവിഷ്യയേറ്റ് അംഗങ്ങൾക്കായി 13-ാം തീയതി ശനിയാഴ്ച മോട്ടിവേഷണൽ ക്ലാസ് നൽകി.

**ബാംഗ്ലൂർ മിഷൻ:** വിശുദ്ധ അന്തോനീസിന്റെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധന്റെ തിരുശേഷിപ്പ് സ്ഥാപിതമായിരിക്കുന്ന സെന്റ് പാട്രിക് കോമ്പൗണ്ടിലെ കപ്പേളയിൽ 14-ാം തീയതി ബലിയർപ്പണവും നൊവേനയും നടത്തി.

**സ്പോട്ട് കൗൺസിലിംഗ്:** കാനംവയൽ താമസിക്കുന്ന ബധിര യുവാവിന്റെ വിവിധ ആവശ്യങ്ങൾക്കായി 19-ാം തീയതി ഭവനം സന്ദർശിക്കുകയും ജീവിതപ്രശ്നപരിഹാരങ്ങൾക്ക് സഹായങ്ങൾ നൽകി.

**തിരുഹൃദയ തിരുനാൾ ആഘോഷം**

ആലക്കോട് ബൈബിൾ കൂട്ടായ്മയിൽ 21-ാം തീയതി ഞായറാഴ്ച ഈശോയുടെ തിരുഹൃദ തിരുനാൾ ആഘോഷം അനുബന്ധിച്ച് ശ്രീ. ബേബി ഈശോയുടെ മനോഹരമായ ചിത്രം വരയ്ക്കുകയും, കൂട്ടായ്മയിലെ അംഗങ്ങളെ തിരുഹൃദയ ജപമാല പരിശീലിപ്പിച്ച് ഒരുമിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് 2026-29 വർഷത്തെ ഭാരവാഹികൾ പ്രതിജ്ഞ എടുക്കുകയും, പരിശുദ്ധ ബലിയിൽ കൂട്ടായ്മ അംഗങ്ങൾ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

**പാലാ മിഷൻ:** വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ അനുബന്ധിച്ച് കാത്തലിക് ഡഫ് അസോസിയേഷൻ ഒരുക്കുന്ന അൽഫോൻസാ തീർത്ഥാടനത്തിന് ഒരുക്കങ്ങൾ ചെയ്യുവാൻ അൽഫോൻസാ തീർത്ഥാടന അധികൃതരുമായി 25-ാം തീയതി കൂടിക്കാഴ്ച നടത്തി.

**വിവാഹ വാഗ്ദാനം**

പന്നിമറ്റം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വച്ച് 27-ാം തീയതി ശനിയാഴ്ച തളിപ്പറമ്പ് ഇടവക കൈതമറ്റം അരുണും, ആൻമേരി പാമ്പാറയിലും തമ്മിലുള്ള വിവാഹ വാഗ്ദാന ചടങ്ങിൽ പങ്കുചേരുകയും ആംഗ്യഭാഷയിൽ കർമ്മങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

**വയനാട് മിഷൻ:** വയനാട് റീജണലിലെ ബധിര വിശ്വാസ സമൂഹത്തിനായി 28-ാം തീയതി ബത്തേരി അസംപ്ഷൻ ദേവാലയത്തിൽ വച്ച് വിശുദ്ധ കുർബാനയും ബൈബിൾ ക്ലാസും നടത്തി.

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യ – ലഹരിവിരുദ്ധസമിതി

## മുക്തിശ്രീ, പ്രതീക്ഷ മദ്യപാനരോഗ ചികിത്സാകേന്ദ്രം

ലഹരിക്കെതിരായ പോരാട്ടത്തിന് പുതിയ ഊർജ്ജം പകർന്നുകൊണ്ട് സർക്കാർ പ്രഖ്യാപിച്ച 'ഓപ്പറേഷൻ തൂഫാൻ' എന്ന കർമപരിപാടിക്ക് എല്ലാവിധ ആശംസകളും നേരുന്നു. പ്രതിപക്ഷത്തായിരുന്നപ്പോൾ പ്രകടിപ്പിച്ച നിലപാടുകളും നൽകിയ വാഗ്ദാനങ്ങളും ആത്മാർത്ഥത ഉള്ളവയായിരുന്നുവെന്ന് തെളിയിക്കാനുള്ള സുവർണ്ണാവസരമാണ് വൻ ഭൂരിപക്ഷത്തിൽ അധികാരത്തിലേറിയ തങ്ങൾക്കുള്ളതെന്ന് സർക്കാർ മനസിലാക്കി പ്രവർത്തിക്കട്ടെ. മുഖ്യമന്ത്രി കൂടിയായ ധനമന്ത്രി അവതരിപ്പിച്ച ബജറ്റ് ഇടക്കാല ബജറ്റ് എന്ന നിലയിൽ സർക്കാരിനെ വിലയിരുത്താനുള്ള ഒരു അവസരമല്ലെങ്കിലും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് പ്രതീക്ഷാനിർഭരമല്ലെന്ന് ഖേദത്തോടെ പറയട്ടെ. എങ്കിലും പുതിയ സർക്കാരിനെ ഈ കാര്യത്തിൽ വിലയിരുത്താനുള്ള സാവകാശമായിട്ടില്ല എന്നു തന്നെയാണ് കരുതുന്നത്.

**അതിരൂപതാസമിതിയോഗം**

ഇരുസംഘടനകളുടെയും അതിരൂപതാസമിതിയോഗം ജൂൺ 3 ന് ബുധനാഴ്ച നെല്ലിക്കാംപൊയിൽ സെന്റ് സെബാസ്റ്റ്യൻസ് ആർക്കിഎപ്പിസ്കോപ്പൽ തീർത്ഥാടന ദൈവാലയത്തിൽ വെച്ച് നടന്നു. പുതിയ ഫൊറോന വികാരി വെരി. റവ. ഫാ. മാത്യു മുളയോലിലച്ചന് ഊഷ്മള സ്വീകരണം നൽകി. ബഹു. മാത്യു മുളയോലിലച്ചൻ ഉദ്ഘാടനം നിർവഹിച്ച യോഗത്തിൽ മദ്യ-ലഹരി വിരുദ്ധ സംഘടനയുടെ അതിരൂപതാ പ്രസിഡണ്ട് ടോമി വെട്ടിക്കാട്ടിൽ അദ്ധ്യക്ഷനായിരുന്നു. അതിരൂപതാ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ മുഖ്യപ്രഭാഷണം നടത്തി. മുക്തിശ്രീ പ്രസിഡന്റ് ഷിനോ പാറയ്ക്കൽ സ്വാഗതം ആശംസിച്ചു. സെക്രട്ടറി സോളി രാമച്ചനാട്ട് റിപ്പോർട്ടും ട്രഷറർ വിൻസന്റ് മുണ്ടാട്ടുചുണ്ടയിൽ കണക്കും അവതരിപ്പിച്ചു. ആനിമേറ്റർ റവ. സി. ജോസ്മരിയ സി. എം. സി, അസി. വികാരി റവ. ഫാ.

ജോസഫ് തെള്ളിക്കുന്നേൽ, സോയി പുറവക്കാട്ട്, ജോസ് ചിറ്റേട്ട് എന്നിവർ പ്രസംഗിച്ചു, ദേവസ്യ തൈപറമ്പിൽ നന്ദി പറഞ്ഞു.

**അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം: ജൂൺ 26**

ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായി ആചരിച്ചു. നിരവധി ബോധവത്കരണ പരിപാടികൾ പല ഇടങ്ങളിലും നടന്നു. പ്രതീക്ഷയിൽ രാവിലെ ലഹരിവിരുദ്ധ ദിനാചരണം നടത്തി. കൂടാളി സ്കൂളിലെ കുട്ടികൾ പ്രതീക്ഷ സന്ദർശിച്ചു. തേർത്തല്ലി ടൗണിൽ വെച്ച് മേരിഗിരി ഇടവകയുടെ ആഭിമുഖ്യത്തിൽ പൊതുസമ്മേളനവും റാലിയും നടന്നു. അതിരൂപതാ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ സന്ദേശം നൽകി. നേതൃത്വം നൽകിയ പെരിയ ബഹു. മാത്യു വളവനാലച്ചനും ഇടവകക്കാർക്കും ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും. തലശ്ശേരി സേക്രട്ട് ഹാർട്ട് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, സെന്റ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിൽ ഫാ. കുര്യാക്കോസ് കോലക്കുന്നേൽ ലഹരിക്കെതിരെ ബോധവത്ക്കരണം നടത്തി.

**കൊളക്കാട് ഇടവകയിൽ ലഹരിമുക്ത വർഷാചരണം**

സീറോ മലബാർ സഭയോടു ചേർന്ന് തലശ്ശേരി അതിരൂപത 2026 സമുദായിക ശാക്തീകരണ വർഷമായി ആചരിക്കുന്നെങ്കിലും കൊളക്കാട് ഇടവക ലഹരിമുക്ത പ്രവർത്തനങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകി ഈ വർഷം ആചരിക്കുന്നു. വിവിധങ്ങളായ കർമപരിപാടികളാണ് ഇടവകസമൂഹം ആവിഷ്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. വർഷാചരണത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം ഫൊറോന വികാരി വെരി. റവ. മാത്യു തെക്കേമുറി നിർവഹിച്ചു. ജൂൺ 21 ഞായറാഴ്ച അതിരൂപതാ ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ കൊളക്കാട് ഇടവകയിൽ വി. കുർബാന അർപ്പിച്ച് ലഹരി വിരുദ്ധ സന്ദേശം നൽകി. കുട്ടികൾക്കും സന്ദേശം നൽകി. ലഹരി വിരുദ്ധ സമിതിയുമായി സംവദിച്ചു. അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായ ജൂൺ 26 വിപുലമായ പരിപാടികളോടെ ഇടവക ആചരിച്ചു. വികാരി റവ. ഫാ. തോമസ് പട്ടാംകുളം അച്ചനും അസി. വികാരി ജോർജ് മാപ്പിളപറമ്പിലച്ചനും അഭിനന്ദനങ്ങൾ.

**എ. എ കൂട്ടായ്മകൾ**

ജൂൺ 7 ഞായറാഴ്ച പ്രതീക്ഷയിൽ വെച്ച് എ. എ കൂട്ടായ്മ നടന്നു. സീഫാം ഡയറക്ടർ റവ. ഡോ. സെബാൻ ചെരിപ്പുറത്ത് ക്ലാസ്സിനും ചർച്ചകൾക്കും നേതൃത്വം നൽകി. ധാരാളം പേർ പങ്കെടുത്തു. ജൂലൈ 5 ന് നടക്കുന്ന എ. എ കൂട്ടായ്മക്ക് ഡോ. ജോസ്‌ലെറ്റ് മാത്യു സാർ നേതൃത്വം നൽകും.

**പുതിയ ഫൊറോന ഡയറക്ടർമാർ**

മദ്യ - ലഹരി വിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും പുതിയ ഫൊറോനാ ഡയറക്ടർമാർക്ക് ആശംസകളും അഭിനന്ദനങ്ങളും. അതിരൂപതയിലെ 19 ഫൊറോനകളിലും പുതിയ ഡയറക്ടർമാരെ അഭിവന്ദ്യ പിതാവ്

നിയമിച്ചു. അതാതു ഫൊറോന വികാരിമാരുമായി ആലോചിച്ചാണ് പ്രസ്തുത നിയമനം നടത്തിയിരിക്കുന്നത്. ജൂൺ 20 ന് പുതിയ ഡയറക്ടർമാർ ചുമതലയേറ്റു. അതാതു ഫൊറോനകളിലെ മുഴുവൻ ഇടവകകളിലും ഇരു സംഘടനകളുടെയും യൂണിറ്റുകൾ സ്ഥാപിക്കുവാൻ വികാരിയച്ചന്മാർക്ക് നിർദേശം നൽകുകയെന്നതാണ് ആദ്യ ദൗത്യം. ജൂലൈ 31ന് മുമ്പ് മുഴുവൻ ഇടവകകളിലും ഇരു സംഘടനകൾക്കും പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോ. സെക്രട്ടറി, ട്രഷറർ എന്നിങ്ങനെ ഭാരവാഹികളെയും ആനിമേറ്റർമാരെയും കണ്ടെത്തുക. ഓഗസ്റ്റ് 31 ന് മുമ്പ് ഫൊറോന സമിതി വിളിച്ചു കൂട്ടി ഭാരവാഹികളെ തിരഞ്ഞെടുക്കുക. സെപ്റ്റംബർ 15 ന് മുമ്പ് ഫൊറോന സമിതിയുടെയും യൂണിറ്റ് ഭാരവാഹികളുടെയും ലിസ്റ്റ് അതിരൂപതയിൽ എത്തിക്കുമല്ലോ.

| | **ഫൊറോന** | **ഡയറക്ടർ** |
|---|---|---|
| 1 | ആലക്കോട് | റവ. ഫാ. നിതിൻ തകിടിയേൽ |
| 2 | ചെമ്പന്തൊട്ടി | റവ. ഫാ. മാത്യു വേങ്ങക്കുന്നേൽ |
| 3 | ചെമ്പേരി | റവ. ഫാ. പോൾ വള്ളോപ്പിള്ളി |
| 4 | ചെറുപുഴ | റവ. ഫാ. മാത്യു വെട്ടുവേലിൽ |
| 5 | എടൂർ | റവ. ഫാ. ജോർജ് ചേലമരം |
| 6 | കാഞ്ഞങ്ങാട് | റവ. ഫാ. ജോബിൻ പള്ളിക്കൽ |
| 7 | കാസർഗോഡ് | റവ. ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം |
| 8 | കുന്നോത്ത് | റവ. ഫാ. ജോൺപോൾ പൂവത്താനിക്കൽ |
| 9 | മാലോം | റവ. ഫാ. ഏലിയാസ് എടുകുന്നേൽ |
| 10 | മണിക്കടവ് | റവ. ഫാ. മാത്യു പാലിയത്തിൽ OFM |
| 11 | മേരിഗിരി | റവ. ഫാ. ജോർജ് തൈക്കുന്നുംപുറം |
| 12 | നെല്ലിക്കാംപൊയിൽ | റവ. ഫാ. അഗസ്റ്റിൻ അറയ്ക്കൽ |
| 13 | പൈസക്കരി | റവ. ഫാ. മനു മാന്തറ CST |
| 14 | പനത്തടി | റവ. ഫാ. ജോർജ് ഇലവുംകുന്നേൽ |
| 15 | പേരാവൂർ | റവ. ഫാ. തോമസ് നെല്ലാനിക്കാട്ട് VC |
| 16 | തളിപറമ്പ് | റവ. ഫാ. ജോൺ മുണ്ടോളിക്കൽ |
| 17 | തോമാപുരം | റവ. ഫാ. മാത്യു കുറുംപുറത്ത് HGN |
| 18 | വായാട്ടുപറമ്പ് | റവ. ഫാ. ജെറിൻ മരശ്ശേരി |
| 19 | വെള്ളരിക്കുണ്ട് | റവ. ഫാ. ജേക്കബ് നെടുങ്ങാട് |

**ടോമി വെട്ടിക്കാട്ട്**
*പ്രസിഡണ്ട്*

**ഫാ. കുര്യാക്കോസ് കോലക്കുന്നേൽ**
*ഡയറക്ടർ*

**ഷിനോ പാറക്കൽ**
*മുക്തിശ്രീ പ്രസിഡന്റ്*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി. എസ്. എസ്. എസ്.**

**ഗ്രാമീയ നോട്ടുബുക്കുകളുടെ വിതരണം**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഏറെ ശ്രദ്ധേയവും വർഷങ്ങളായി ജനപ്രിയവുമായ ഗ്രാമിയ നോട്ടുബുക്കുകളും, മതബോധന സഹായി വഴികാട്ടിയും ഈ വർഷവും വിപണിയിലെത്തിച്ചു. മികച്ച ഗുണനിലവാരത്തിലും ഡിസൈനിലുമുള്ള ഈ നോട്ട് ബുക്കുകൾ ടിഎസ്എസ്എസിന്റെ റീജിയണൽ ഓഫീസുകൾ വഴിയും ഇടവകകൾ വഴിയും സ്കൂളുകൾ വഴിയുമായി എഴുപതിനായിരത്തിലേറെ ബുക്കുകൾ ഓർഡർ അനുസരിച്ച് വില്പന നടത്തി.

**ടി.എസ്.എസ്. എസിൽ സോഷ്യൽ വർക്ക് ഇന്റേൺഷിപ്പ്**

അക്കാദമിക് പഠനത്തിന്റെ ഭാഗമായി തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പ്രവർത്തനരീതിയും, വിവിധ പദ്ധതികളും സംബന്ധിച്ച് പ്രായോഗിക പഠനം നടത്തുന്നതിനായി സെന്റ് ജോസഫ് കോളേജ് പിലാത്തറയിൽ നിന്നുള്ള സോഷ്യൽ വർക്ക് വിദ്യാർത്ഥിനി ടിഎസ്എസ്എസ് ഓഫീസിൽ ഇന്റേൺഷിപ്പ് ചെയ്തുവരുന്നു.

**ടി.എസ്.എസ്.എസ് യൂണിറ്റുകളുടെ ഓഡിറ്റ് പൂർത്തിയായി**

ടിഎസ്എസ്എസ് യൂണിറ്റുകളുടെ 2025-26 വർഷത്തെ ഇന്റേണൽ ഓഡിറ്റുകൾ പൂർത്തിയായി.

ജനകീയസംഘ യൂണിറ്റുകളുടെ വാർഷിക പൊതുയോഗം 2025-26 വർഷത്തെ വാർഷിക കണക്ക് അവതരണം നടന്നു. അടുത്ത വർഷത്തെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുമായി ജൂൺ 20 മുതൽ ജൂലൈ 31 വരെ ഉള്ള സമയത്ത് വാർഷിക പൊതുയോഗം കൂടേണ്ടതാണ്. യൂണിറ്റ് ഭാരവാഹികൾ വേണ്ട ഒരുക്കങ്ങൾ ചെയ്യുമല്ലോ.

**മേഖല വാർഷിക പൊതുയോഗങ്ങൾ**

ടിഎസ്എസ്എസ്സിന്റെ മേഖലാതല വാർഷിക പൊതുയോഗവും യൂണിറ്റുകളുടെ ഇന്റേണൽ ഓഡിറ്റർമാരുടെ ട്രെയിനിംഗും താഴെപ്പറയുന്ന ദിവസങ്ങളിൽ ഉണ്ടായിരിക്കുന്നതാണ്.

| | | | |
|---|---|---|---|
| 1. പേരാവൂർ | ഓഗസ്റ്റ് 21 | 02:30 PM | 04:30 PM |
| 2. എടൂർ | ഓഗസ്റ്റ് 07 | 02 PM | 04 PM |
| 3. നെല്ലിക്കാംപൊയിൽ | ഓഗസ്റ്റ് 07 | 10:30 AM | 02:30 PM |
| 4. പൈസക്കരി | ഓഗസ്റ്റ് 18 | 02 PM | 04 PM |
| 5. ചെമ്പേരി | ഓഗസ്റ്റ് 04 | 10 AM | 12:30 PM |
| 6. ആലക്കോട് | ഓഗസ്റ്റ് 11 | 10:30 AM | 12:30 PM |
| 7. മേരിഗിരി | ഓഗസ്റ്റ് 14 | 02:30 PM | 04:30 PM |
| 8. ചെറുപുഴ | ഓഗസ്റ്റ് 11 | 02 PM | 04 PM |
| 9. തോമാപുരം | ഓഗസ്റ്റ് 12 | 10:30 AM | 12:30 PM |
| 10. വെള്ളരിക്കുണ്ട് | ഓഗസ്റ്റ് 12 | 02 PM | 04 PM |
| 11. പനത്തടി | ഓഗസ്റ്റ് 19 | 02 PM | 04 PM |

**കാൻസർ പരിശോധനാക്യാമ്പ്**

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി മലബാർ കാൻസർ സെന്ററുമായി സഹകരിച്ച് നടത്തിവരുന്ന സൗജന്യ കാൻസർ പരിശോധന ക്യാമ്പ് ഈ മാസം ജൂൺ 01 ന് നെല്ലിക്കാംപൊയിൽ ടിഎസ്എസ്എസ് ഓഫീസിൽ വച്ച് നടത്തി. മലബാർ കാൻസർ സെന്റർ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ ഡോ. ഫിൻസിന്റെയും ടീമംഗംങ്ങളുടെയും നേതൃത്വത്തിലാണ് ക്യാമ്പ് നടത്തിയത്. അടുത്ത മാസത്തെ കാൻസർ ക്യാമ്പ് ജൂലൈ 06 ന് തോമാപുരത്ത് വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുവാൻ താല്പര്യം ഉള്ളവർ ടിഎസ്എസ്എസ് സ്റ്റാഫ് അംഗങ്ങളുമായി ബന്ധപ്പെടുക.

**പ്രതിമാസ പ്രവർത്തനങ്ങൾ**

2026 ജൂലൈ മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**ജൂലൈ 01 – 07**

**വനമഹോത്സവ വാരം (Van Mahotsav Week)**

വനമഹോത്സവ വാരത്തോടനുബന്ധിച്ച് എല്ലാ യൂണിറ്റുകളും മണ്ണും ജൈവവളവും ചേർത്ത് തയ്യാറാക്കിയ മൺഉരുളകളിൽ (Mud Balls) വിവിധയിനം വൃക്ഷങ്ങളുടെ വിത്തുകൾ നിക്ഷേപിച്ച് വിത്ത് ഉരുളകൾ (Seed Balls) നിർമ്മിക്കുക. ഇങ്ങനെ തയ്യാറാക്കിയ വിത്തുരുളകൾ അതത് പ്രദേശങ്ങളിലെ കാടുകൾ, കുന്നിൻചരിവുകൾ, വിജനമായ പൊതുസ്ഥലങ്ങൾ എന്നിവടങ്ങളിൽ എറിഞ്ഞ് സ്വാഭാവിക വനവൽക്കരണവും പരിസ്ഥിതി സംരക്ഷണവും ഉറപ്പുവരുത്തുക.

**ജൂലൈ 1**

**ദേശീയ ഡോക്ടേഴ്സ് ദിനം (National Doctors' Day)**

ദേശീയ ഡോക്ടേഴ്സ് ദിനത്തോടനുബന്ധിച്ച് എല്ലാ യൂണിറ്റുകളും ആരോഗ്യ സംരക്ഷണം, പകർച്ചവ്യാധി പ്രതിരോധം, ശരിയായ ജീവിത ശൈലി എന്നിവയെക്കുറിച്ച് ഡോക്ടർമാരുടെ നേതൃത്വത്തിൽ പ്രത്യേക ആരോഗ്യ ബോധവത്കരണ ക്ലാസുകളും സൗജന്യമെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുക. കൂടാതെ, ജനങ്ങളുടെ ജീവൻ രക്ഷിക്കാൻ അശ്രാന്തപരിശ്രമം നടത്തുന്ന പ്രദേശത്തെ ഡോക്ടർമാരെയും ആരോഗ്യ പ്രവർത്തകരെയും നേരിട്ട് സന്ദർശിച്ച് ആദരിക്കുന്ന ചടങ്ങുകളും യൂണിറ്റ് തലത്തിൽ സംഘടിപ്പിക്കാവുന്നതാണ്.

- **രോഗീസന്ദർശനം & ചികിത്സാസഹായം**

പടിമരുത്, അരവഞ്ചാൽ, കോഴിച്ചാൽ യൂണിറ്റ് എന്നീ യൂണിറ്റുകൾ, കിടപ്പുരോഗികളെ സന്ദർശിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

- **അഗതിമന്ദിരം & അനാഥാലയം സന്ദർശനം**

മാട്ടറ, പടിമരുത് എന്നീ യൂണിറ്റുകൾ അഗതിമന്ദിരങ്ങളും അനാഥാലയങ്ങളും സന്ദർശിച്ച് സാമ്പത്തിക സഹായവും ആവശ്യമായ സാധനങ്ങളും നൽകി.

- **മെഡിക്കൽ ക്യാമ്പ്**

ജൂൺ മാസത്തെ മാനസിക രോഗികൾക്കായുള്ള മെഡിക്കൽ ക്യാമ്പ് ജൂൺ 28 ന് ചെമ്പേരി വിമല ആശുപത്രിയിൽ വെച്ച് ഉച്ചയ്ക്ക് 2:30 ന് ഡോക്ടർ സിസ്റ്റർ വിനീതയുടെ നേതൃത്വത്തിലുള്ള സംഘം നടത്തി.

- **ബോധവത്കരണ ക്ലാസ്**

വിളക്കന്നൂർ യൂണിറ്റ്, മഴക്കാല രോഗങ്ങൾക്കെതിരേയുള്ള ഹോമിയോ പ്രതിരോധ മരുന്ന് വിതരണം ചെയ്യുകയും ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുകയും ചെയ്തു. മുണ്ടാനൂർ യൂണിറ്റ് ലോകഭക്ഷ്യ സുരക്ഷാദിനത്തോടനുബന്ധിച്ച് ബോധവത്കരണ ക്ലാസ്സ് നടത്തി.

- **ഭവനനിർമ്മാണം**

മണിക്കടവ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഭവനനിർമാണ ആവശ്യത്തിനായി ധനസഹായം നൽകി.

**വിവിധ ദിനാഘോഷങ്ങൾ**

**ലോക പരിസ്ഥിതി ദിനം: ജൂൺ 5**

പടിമരുത്, കരുവഞ്ചാൽ, ആലക്കോട്, പെരുമ്പടവ്, മണിക്കടവ്, മുണ്ടാനൂർ, പൂളക്കുറ്റി, കൊളക്കാട്, നെടുമ്പുറഞ്ചാൽ, മാട്ടറ, ആനപ്പന്തി, ഉരുപ്പുംകുറ്റി,

വെളിമാനം ജീവധാര എംഎസ്എസ്, രണ്ടാംകടവ് എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ വൃക്ഷത്തൈ നടീലും പരിസ്ഥിതി സംരക്ഷണ പരിപാടികളും സംഘടിപ്പിച്ചു.

**ലോക ക്ഷീര ദിനം: ജൂൺ 1**

ക്ഷീര ദിനത്തിന്റെ ഭാഗമായി കരുവഞ്ചാൽ, അരവഞ്ചാൽ, ആനപ്പന്തി എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ യൂണിറ്റിലെ ക്ഷീരകർഷകരെ ആദരിക്കുകായും അനുബന്ധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.

**മറ്റ് പ്രവർത്തനങ്ങൾ**

- കാഞ്ഞങ്ങാട്, പടിമരുത്, വിളക്കന്നൂർ, കരുണാപുരം, ആലക്കോട്, കരുവഞ്ചാൽ, കോഴിച്ചാൽ, മാട്ടറ, മുണ്ടാനൂർ യൂണിറ്റുകളുടെ നേതൃത്വത്തിൽ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പിന്തുണ നൽകുന്നതിനും, അവരുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനുമായി ആവശ്യമായ പഠനോപകരണങ്ങൾ വിതരണം ചെയ്തു.
- കരുവഞ്ചാൽ യൂണിറ്റ് പ്രിസർവേറ്റീവ്സ് ഇല്ലാതെ റീട്ടോട്ട് ടെക്നോളജി ഉപയോഗിച്ച് ഭക്ഷണപദാർത്ഥങ്ങൾ കയറ്റി അയക്കുന്നതിനായി സംസ്കരിക്കുന്നത് അംഗങ്ങളെ പഠിപ്പിച്ചു.
- കരുവഞ്ചാൽ യൂണിറ്റ് കരുവഞ്ചാൽ പഞ്ചായത്തുമായി സഹകരിച്ച് വിവിധ വാർഡുകളിൽ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി.
- കരുണാപുരം യൂണിറ്റ് കത്തോലിക്കാ കോൺഗ്രസ്സ്, TSSS ക്രെഡിറ്റ് യൂണിയൻ എന്നിവയുടെ ആഭിമുഖ്യത്തിൽ നീതി മെഡിക്കൽ ലാബിന്റെ സഹകരണത്തോടെ രക്ത പരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു.
- മുണ്ടാനൂർ യൂണിറ്റ് ബ്ലഡ് ഡൊണേഷൻ ദിനത്തോടനുബന്ധിച്ച് ട്രസ്റ്റ് അംഗങ്ങളുടെ രക്തദാതാക്കളായ കുടുംബാംഗങ്ങളെ ആദരിച്ചു.
- ടിഎസ്എസ്എസ് കോഴിച്ചാൽ യൂണിറ്റ്, ആയുഷ് പിഎച്ച്സി ഹോമിയോ കോലുവള്ളിയുമായി സഹകരിച്ച് മഴക്കാല രോഗങ്ങൾക്കെതിരെ ഹോമിയോ പ്രതിരോധ മരുന്ന് വിതരണ പരിപാടി സംഘടിപ്പിച്ചു. കോഴിച്ചാൽ ഗ്രാമപഞ്ചായത്തിലെ 10, 8 വാർഡുകളിലായി 400 കുടുംബങ്ങൾക്ക് ഹോമിയോ പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു.
- പടുപ്പ് ട്രസ്റ്റിന്റെ നേതൃത്വത്തിൽ നേത്രപരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു.

**Radio 4U 89.6 FM കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ**

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്കൂൾ കിറ്റുകൾ വിതരണം ചെയ്തു. കാസർഗോഡ് ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്ന് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി ഒരുക്കിയ സ്കൂൾ കിറ്റ് വിതരണ പരിപാടിയോട് അനുബന്ധിച്ച് ഏപ്രിൽ

മെയ് മാസങ്ങളിലായി നടത്തിവരുന്ന സ്കൂൾ കിറ്റ് സ്പോൺസർഷിപ്പ് ക്യാമ്പയിൻ ഈ മാസം കൊണ്ട് അവസാനിപ്പിക്കുകയും അതിൽ ലഭിച്ച തുകകൊണ്ട് കാസർഗോഡ് ജില്ലയിലെ ബന്തടുക്ക ഗവൺമെന്റ് സ്കൂൾ, ജിഎച്ച്എസ്എസ് മരകാപ്പ്, കടപ്പുറം ജിഎച്ച്എസ് കാഞ്ഞങ്ങാട് എന്നീ സ്കൂളുകളിലെ മുപ്പതോളം വിദ്യാർഥികൾക്ക് ബാഗും ബുക്കും അടങ്ങിയ സ്കൂൾ കിറ്റ് നൽകുകയും ചെയ്തു.

ലഹരി വിരുദ്ധ കാമ്പയിൻ വിദ്യാർത്ഥികളിൽ ലഹരി ഉപയോഗം വളർന്നുവരുന്ന ഈ സാഹചര്യത്തിൽ റേഡിയോ ഫോർ യു, ജില്ലാ മെഡിക്കൽ ഓഫീസും, പോലീസ് ഡിപ്പാർട്ട്മെന്റും കൈകോർത്ത് ജില്ലയിലെ വിദ്യാലയങ്ങളിൽ ലഹരി വിമുക്ത കാമ്പയിനും ക്വിസ് മത്സരങ്ങളും നടത്താൻ തീരുമാനമായി.

**സി.പി.സി.ആർ.ഐ & കെ വി കെ പ്രോഗ്രാം**

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനവും അതോടൊപ്പം ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാനകേന്ദ്രവും ചേർന്ന് കൃഷിയോട് അനുബന്ധിച്ചുള്ള പരിപാടികളും പ്രവർത്തനങ്ങളും റേഡിയോയിൽ ചെയ്യാൻ തീരുമാനമായി.

**പ്രത്യേക പരിപാടികൾ**

മെയ് 31 ന് പുകയില വിരുദ്ധ ദിനത്തോടനുബന്ധിച്ച് കാസർഗോഡ് ഡിസ്ട്രിക്ട് ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർ ഡോക്ടർ അജയ് രാജൻ അഭിമുഖ പരിപാടി അവതരിപ്പിച്ചു.

ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പരിസ്ഥിതി ദിന സന്ദേശം പ്രക്ഷേപണം ചെയ്തു.

ജൂൺ 19 ദേശീയ വായന ദിനത്തോടനുബന്ധിച്ച് കാസർഗോഡ് ജില്ല ലൈബ്രറി കൗൺസിൽ സെക്രട്ടറി ഡോക്ടർ പി പ്രഭാകരൻ പ്രത്യേക പരിപാടി അവതരിപ്പിച്ചു.

ജൂൺ 20 ന് ന്യൂട്രീഷൻ ദിനത്തോടനുബന്ധിച്ച് ന്യൂട്രീഷനിസ്റ്റ് അനഘ എംപി പ്രത്യേക പരിപാടി അവതരിപ്പിച്ചു.

**ഫാ. ജോസഫ് ചെരിയംകുന്നേൽ**
അസ്സോസിയേറ്റ് ഡയറക്ടർ, TSSS

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, TSSS

**ഫാ. തോമസ് കളത്തിൽ**
സ്റ്റേഷൻ ഡയറക്ടർ, റേഡിയോ

**ഫാ. ആന്റണി മറ്റക്കോട്ടിൽ**
അഡ്മിനിസ്ട്രേറ്റർ, റേഡിയോ

# ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**വാക്യും ഫ്രയർ യൂണിറ്റിന് തുടക്കം**

ബയോ മൗണ്ടൻ കമ്പനിയുടെ പുട്ടുപൊടി പാക്കിംഗ് സെക്ഷന്റെയും പുതിയ വാക്യും ഫ്രയർ യൂണിറ്റിന്റെ ഉദ്ഘാടന കർമ്മവും സ്വിച്ച് ഓൺ കർമ്മവും മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവഹിച്ചു.

കപ്പ, ചക്ക, വാഴക്ക എന്നിവകൊണ്ടുള്ള വിവിധങ്ങളായ ചിപ്സ് ഉൽപ്പന്നങ്ങൾ തയ്യാറാക്കാൻ സാധിക്കുന്ന യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു.

**ബൽത്തങ്ങാടി രൂപതയിൽ ബയോ മൗണ്ടൻ ഉൽപ്പന്നങ്ങളുടെ വിതരണം**

ബൽത്തങ്ങാടി രൂപതയുടെ നേതൃത്വത്തിൽ നടന്ന വൈദികരുടെ യോഗത്തിൽ ബയോ മൗണ്ടൻ ഉൽപ്പന്നങ്ങളുടെ വിതരണം നടത്തി.

തലശ്ശേരി അതിരൂപത ചാൻസിലർ ഫാ. ബിജു മുട്ടത്തുകുന്നേൽ ബൽത്തങ്ങാടി രൂപത ബിഷപ്പ് മാർ ജെയിംസ് പട്ടേരിലിന് ബയോ മൗണ്ടൻ പുട്ട് പൊടി നൽകികൊണ്ട് ഉദ്ഘാടനം ചെയ്തു. തലശ്ശേരി അതിരൂപത പ്രൊക്യൂറേറ്റർ ഫാ. ജോജി കാക്കരമറ്റത്തിൽ ബൽത്തങ്ങാടി രൂപത വികാരി ജനറാൾ ഫാ. മാണി വെളുത്തേടത്ത്പറമ്പിലിന് ബയോ മൗണ്ടൻ ഉൽപ്പന്നങ്ങൾ കൈമാറി.

ബൽത്തങ്ങാടി രൂപതയിൽ ബയോ മൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾക്ക് വിപണനത്തിന് എല്ലാവിധ പിന്തുണയും ആശംസകളും അറിയിച്ചു.

**ബഹു. കൃഷി വകുപ്പ് മന്ത്രി ടി. സിദ്ധിക്കുമായി കൂടിക്കാഴ്ച**

കൽപ്പറ്റയിൽ വച്ച് നടന്ന യോഗത്തിൽ ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ഡയറക്ടർ ബോർഡ് അംഗം പി.ടി ജോസ് ബയോ മൗണ്ടൻ കാർത്തികപുരം യൂണിറ്റ് പ്രസിഡണ്ട് ആന്റണി നിരപ്പേൽ എന്നിവർ ബഹു. കൃഷി വകുപ്പ് മന്ത്രി ടി സിദ്ധിക്കുമായി കൂടിക്കാഴ്ച നടത്തി.

ബയോ മൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ മനസ്സിലാകുകയും ആവശ്യങ്ങൾ അറിയുകയും കമ്പനിയുടെ പുതിയ ഉൽപ്പന്നങ്ങൾ കൈമാറുകയും ചെയ്തു. ബയോ മൗണ്ടൻ കമ്പനിയുടെ തുടർ പ്രവർത്തനങ്ങളിൽ എല്ലാവിധ പിന്തുണയും പോത്സാഹനവും അദ്ദേഹം വാഗ്ദാനം ചെയ്തു.

**ഇടവകകളിൽ ബയോ മൗണ്ടൻ ദിനാചരണം നടത്തി**

ബയോ മൗണ്ടൻ ദിനാചരണത്തിന്റെ ഭാഗമായി ആനറ, അങ്ങാടിക്കടവ്, മഞ്ഞളാപുറം എന്നീ ഇടവകകളിൽ ബയോ മൗണ്ടൻ ഉൽപ്പന്നങ്ങളുടെ വിപണനം നടന്നു. സ്പെഷ്യൽ ഡിസ്കൗണ്ടോടുകൂടി നടത്തിയ വിപണനത്തിൽ ഏകദേശം രണ്ടര ലക്ഷം രൂപയുടെ ഉൽപ്പനങ്ങൾ വിപണനം ചെയ്തു.

**ഓൺലൈൻ ട്രെയിനിംഗ് പ്രോഗ്രാം നടത്തി**

ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയും തിരുവനന്തപുരം – കേന്ദ്ര കിഴങ്ങ് വർഗ വിള ഗവേഷണകേന്ദ്രവുമായി സഹകരിച്ചു കൊണ്ട് കപ്പ – മെച്ചപ്പെട്ട ഇനങ്ങളെയും മൂല്യവർദ്ധന സാങ്കേതികവിദ്യകളും എന്ന വിഷയത്തിൽ കർഷകർക്കായി ഓൺലൈൻ ക്ലാസ് നടത്തി.

ജൂൺ 8 ന് ഓൺലൈനിൽ നടത്തിയ പരിപാടിയിൽ കണ്ണൂർ കാസർഗോഡ് ജില്ലകളിൽ നിന്നായി ഇരുന്നൂറോളം കർഷകർ പങ്കെടുത്തു.

**ബയോ മൗണ്ടൻ സന്ദർശനം**

കുന്നോത്ത് ഫൊറോനയുടെ കീഴിലുള്ള ഇടവകകളിൽനിന്നും, കോട്ടയം രൂപതയിൽ നിന്നും വൈദികൻ ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയെ കുറിച്ച് പഠിക്കാനും മനസ്സിലാക്കാനും സന്ദർശനം നടത്തി. ബയോ മൗണ്ടൻ ഉൽപ്പന്നങ്ങൾ വാങ്ങിക്കുകയുടെ കമ്പനിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാവിധ ആശംസകളും സഹായങ്ങളും വാഗ്ദാനം ചെയ്തു.

**ചെറുപുഴയിൽ ബയോ മൗണ്ടൻ കമ്പനി സ്റ്റാൾ**

കൂടുതൽ ആളുകൾക്ക് ബയോ മൗണ്ടൻ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനായി ചെറുപുഴ ഫൊറോന ദൈവാലയത്തിൽ ബയോ മൗണ്ടൻ ഉൽപ്പന്നങ്ങളുടെ സ്റ്റാൾ ആരംഭിച്ചു. കമ്പനിയുടെ എല്ലാ ഉൽപ്പന്നങ്ങളും സ്റ്റാളിൽ ലഭ്യമാക്കിയിട്ടുണ്ട്.

സ്റ്റാളിന്റെ വെഞ്ചരിപ്പ് കർമ്മം ഫൊറോന വികാരി ഫിലിപ്പ് ഇരുപ്പക്കാട്ട് അച്ചൻ നിർവഹിച്ചു. ഇതിനായി നേതൃത്വം നൽകിയ ഫൊറോന വികാരി അച്ചനും എല്ലാ ഇടവക അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

**ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി**

ബയോ മൗണ്ടൻ കപ്പ പുട്ട് പൊടി, പാലപ്പം പൊടി, സ്റ്റീം (അരി) പുട്ട് പൊടി എന്നിവ വിപണനത്തിനായി തയ്യാറായി. ബയോ മൗണ്ടൻ ഫുഡ് പ്രൊഡക്റ്റിന്റെ ഉൽപ്പന്നമായ ബയോ മൗണ്ടൻ കപ്പ പുട്ടുപൊടി ഈസി

പാലപ്പം പൊടി, സ്റ്റീം (അരി) പുട്ട് പൊടി എന്നിവയുടെ വിപണനം ആരംഭിച്ചു. ഉൽപ്പന്നങ്ങൾ ആവശ്യമുള്ളവർക്കായി എല്ലാ ബയോ മൗണ്ടൻ സ്റ്റാളുകളിലും ഇവ ലഭ്യമാക്കിയിട്ടുണ്ട്.

**കർഷകരിൽനിന്നും പച്ച കപ്പ സ്വീകരിച്ചു**

കപ്പയിൽ നിന്നും വിവിധങ്ങളായ മൂല്യവർധിത ഉൽപന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും കർഷകർക്ക് അവരുടെ വിളകൾക്ക് കൂടുതൽ മൂല്യം ലഭിക്കുന്നതിനും അതുവഴി കൃഷി കൂടുതൽ ലാഭകരമാക്കുന്ന തിനുമായി ഹരിത വ്യവസായ പാർക്കിൽ പുതുതായി ആരംഭിച്ച ടാപ്പി യോക്കാ പ്രോസസിംഗ് യൂണിറ്റിലേക്ക് നടുവിൽ മാടത്തിൽ, മണിക്കടവ് എന്നിവിടങ്ങളിലെ കർഷകരിൽനിന്നും കർഷക ഗ്രൂപ്പുകളിൽനിന്നുമായി പച്ച കപ്പ സ്വീകരിച്ചു.

**വാട്ടുകപ്പ വിതരണം ചെയ്തു**

തലശ്ശേരി അതിരൂപതയുടെ ഹരിത വ്യവസായ പാർക്കിൽ പ്രവർത്തനം ആരംഭിച്ച നാലാമത്തെ സംരംഭമായി കേരള സർക്കാർ കൃഷി വകുപ്പിന്റെ സഹകരണത്തോടെ ആരംഭിച്ച ആധുനിക സാങ്കേതിക വിദ്യകളായ കപ്പ വാഷിംഗ് & പീലർ മെഷീൻ, സ്ലൈസർ, പൾവറൈസിംഗ്, ഡ്രയർ, വാക്വം ഫ്രൈയിംഗ് എന്നിവ ഉപയോഗിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ബയോ മൗണ്ടൻ ടാപ്പിയോക്ക പ്രോസസിംഗ് യൂണിറ്റിന്റെ ആദ്യ ഉൽപ്പന്നമായ വാട്ടു കപ്പയുടെ വിതരണം ആരംഭിച്ചു. കണ്ണൂർ കാസർഗോഡ് ജില്ലകളിലെ വിവിധ ഇടവകകളിൽനിന്നുമായി സ്വീകരിച്ച വാട്ടുകപ്പയുടെ ഓർഡറുകളുടെ വിതരണം ആണ് ആരംഭിച്ചത്.

നമ്മുടെ അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനും സാമ്പത്തിക വളർച്ചയ്ക്കുംവേണ്ടി നമ്മൾ ആരംഭിച്ച ബയോമൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ എല്ലാ അച്ചൻമാരുടെയും ഇടവക അംഗങ്ങളുടെയും സഹകരണം അപേക്ഷിക്കുന്നു. ആയതിനാൽ ഇടവകകളുടെ ഷെയറുകൾ എടുത്ത് എല്ലാവരും സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു. കമ്പനി ഷെയറുകൾ എടുക്കുമ്പോൾ വികാരിയച്ചന്റെ പേരും പള്ളിയുടെ അഡ്രസ്സും ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കാൻ ശ്രദ്ധിക്കണം. ആളുകളെ കൂട്ടിയാണ് ഷെയർ എടുക്കുന്നതെങ്കിൽ അംഗങ്ങളുടെ എല്ലാവരുടെയും പേരും ഫോൺനമ്പറും പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരും നല്കണം. ഗ്രൂപ്പുകൾ ആണെങ്കിൽ വികാരിയച്ചന്റെ പേരും പള്ളിയുടെ ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കണം. അൻപത് പേരടങ്ങുന്ന ഗ്രൂപ്പിൽ ഒരു ഷെയർ അച്ചന്റെ പേരിൽ എടുക്കുകയും ചെയ്യണം. എങ്കിലെ വികാരിയച്ചന്റെയും പള്ളിയുടെയും പേരിൽ ഷെയർ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ. നമ്മുടെ ഈ സംരംഭം വിജയിപ്പിക്കാൻ എല്ലാ വൈദികരുടെയും എല്ലാ സന്യാസ

ഭവനങ്ങളുടെയും സ്ഥാപനങ്ങളുടെയും അല്മായ നേതാക്കളുടെയും ഭക്തസംഘടനകളുടെയും സഹായം അപേക്ഷിക്കുന്നു. നമ്മുടെ ഉൽപ്പന്നങ്ങൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വാങ്ങി ഉപയോഗിച്ചുകൊണ്ട് കമ്പനിയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. മായമില്ലാത്ത ഉൽപ്പന്നങ്ങളാണ് നമ്മൾ വിതരണം ചെയ്യുന്നത്. മാർക്കറ്റിനേക്കാളും വിലക്കുറവും നമ്മുടെ ഉൽപ്പന്നങ്ങൾക്കുണ്ട്. ഒപ്പം ഗുണമേന്മയിൽ ഏറ്റവും മികച്ചതുമാണ്.

ഓർഡറുകൾ നൽകുമ്പോൾ താഴെ തന്നിരിക്കുന്ന നമ്പറിലേക്ക് ഓർഡറുകൾ അയച്ചാൽ സാധനങ്ങൾ അതാത് സ്ഥലങ്ങളിൽ എത്തിക്കുന്നതായിരിക്കും. ഫോൺ : 9656054322. Mail.id: tsssbiomountain @ gmail.com

ജൂലൈ മാസത്തിൽ എല്ലാ ഫോറോനകളിലേക്കും ഇടവകകളിലേക്കും നേരിട്ടുവരുവാനും ബഹു. വൈദികരുടെ നിർദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാനും ആഗ്രഹിക്കുന്നുണ്ട്. ഈ അവസരത്തിൽ ഇടവക ഷെയറുകൾ എടുത്ത് സഹകരിച്ചുകൊണ്ട് നമ്മുടെ ഈ സംരംഭത്തെ മലബാറിന്റെ തന്നെ മാതൃകയാക്കിമാറ്റുവാൻ നിങ്ങളുടെ എല്ലാവരുടെയും സ്നേഹവും പ്രോത്സാഹനവും അപേക്ഷിക്കുന്നു.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
ചെയർമാൻ

**ഫാ. സ്കറിയ നിരപ്പേൽ**
മാനേജിംഗ് ഡയറക്ടർ

**ഫാ. ജോസഫ് കുരിശുംമൂട്ടിൽ**
മാർക്കറ്റിംഗ ഡയറക്ടർ

# ഇൻഫാം

## ഇൻഫാമിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു

ഇൻഫാമിന്റെ നേതൃത്വത്തിൽ ഒരു മാസം നീണ്ടുനിന്ന പരിസ്ഥിതി ദിനാചരണ പരിപാടികളുടെ സമാപനവും വിത്തുകൊട്ട വിതരണവും ഫലഗ്രാമം പദ്ധതിയുടെ ഉദ്ഘാടനവും 2026 ജൂൺ 5 ന് കാഞ്ഞിരപ്പള്ളിയിൽ വച്ച് സംഘടിപ്പിച്ചു. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖലയുടെ സുസ്ഥിരവികസനം, അടുക്കളത്തോട്ടങ്ങളുടെ പ്രോത്സാഹനം എന്നിവ ലക്ഷ്യമിട്ടായിരുന്നു പരിപാടികൾ സംഘടിപ്പിച്ചത്.

ദേശീയ ജനറൽ സെക്രട്ടറി ഫാ. ജോസഫ് കാവനാടി, സംസ്ഥാന ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ, ദേശീയ സെക്രട്ടറി മാത്യു മാമ്പറമ്പിൽ, സംസ്ഥാന പ്രസിഡന്റ് ജോസ് ഇടപ്പാട്ട്, സംസ്ഥാന വൈസ് പ്രസിഡന്റ് സ്കറിയ നെല്ലംകുഴിയിൽ, തലശ്ശേരി കാർഷിക ജില്ലയുടെ ഭാരവാഹികൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

അടുക്കളത്തോട്ട നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇൻഫാം അംഗങ്ങളായ 25,000 കർഷകർക്ക് വിത്തുകൊട്ടകൾ വിതരണം ചെയ്തു. ബീൻസ്, പയർ, ബീറ്റ്റൂട്ട്, വെണ്ട, പാവൽ, കാരറ്റ്, മുരിങ്ങ, ചീര, തക്കാളി, കാബേജ്, കോളിഫ്ലവർ, വഴുതന, മുളക് തുടങ്ങിയ വിവിധ ഇനങ്ങളിലായി നാല് കോടിയിലധികം വിത്തുകളും 25,000 തൈകളും വിതരണം ചെയ്തു.

പരിസ്ഥിതി സംരക്ഷണവും കാർഷിക സ്വയംപര്യാപ്തതയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇൻഫാമിന്റെ പ്രതിബദ്ധതയ്ക്ക് അടിവരയിടുന്നതായിരുന്നു ഈ പരിപാടി. കർഷകരുടെ സാമൂഹിക, സാമ്പത്തിക, പരിസ്ഥിതി സംബന്ധമായ വിഷയങ്ങളിൽ ഇടപെട്ടു കൊണ്ട് സുസ്ഥിര കൃഷിയെയും പ്രകൃതിസൗഹൃദ ജീവിതരീതികളെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇൻഫാമിന്റെ തുടർപ്രവർത്തനങ്ങൾക്ക് ഈ പരിപാടി ശക്തമായ അടിത്തറയൊരുക്കി.

## ഇൻഫാം യൂണിറ്റ് രൂപീകരണവും അംഗത്വ ക്യാമ്പയിനും

ഇൻഫാം (INFAM) യൂണിറ്റ് രൂപീകരണവും അംഗത്വക്യാമ്പയിനും വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചു. കാർത്തികപുരത്ത് 2026 ജൂൺ 30 നും കടുമേനിയിൽ 2026 ജൂൺ 28 നും യൂണിറ്റ് രൂപീകരണവും അംഗത്വ ക്യാമ്പയിനും സംഘടിപ്പിച്ചു.

അംഗത്വ ക്യാമ്പയിൻ നടന്ന കേന്ദ്രങ്ങളിൽ പുതിയ അംഗങ്ങൾക്ക് ഉയർന്ന ഗുണനിലവാരമുള്ള മാവിൻ തൈകൾ വിതരണം ചെയ്തു.

പാണത്തൂർ, ചെമ്പേരി മേഖലകളിൽ യൂണിറ്റ് രൂപീകരണവും അംഗത്വ ക്യാമ്പയിനും അടുത്ത മാസം നടത്തുന്നു. ഈ കേന്ദ്രങ്ങളിലെ പരിപാടികളുടെ തീയതി പിന്നീട് അറിയിക്കുന്നതാണ്. പ്രസ്തുത മേഖലകളിലെ കർഷകരും അംഗങ്ങളും പ്രവർത്തകരും പരിപാടികളിൽ സജീവമായി പങ്കെടുക്കുകയും യൂണിറ്റ് രൂപീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും പുതിയ അംഗങ്ങളെ ചേർക്കുന്നതിനും സഹകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ബന്ധപ്പെട്ട ഭാരവാഹികൾ ആവശ്യമായ ക്രമീകരണങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി പരിപാടികളുടെ വിജയത്തിനായി പ്രവർത്തിക്കേണ്ടതാണ്.

**ശ്രീ. അജി പൂന്തോട്ടം**
പ്രസിഡണ്ട്, തലശ്ശേരി അതിരൂപത

**ഫാ. സ്കറിയ വരമ്പകത്ത്**
ഡയറക്ടർ, തലശ്ശേരി അതിരൂപത

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2026 ജൂലൈ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | |
|---|---|---|
| 04 | : | ഏകദിന കൺവെൻഷൻ |
| 05–09 | : | ആന്തരിക സൗഖ്യ ധ്യാനം |
| 10 | : | ഏകദിന ധ്യാനം (2 pm – 8 pm) |
| 11 | : | ഏകദിന കൺവെൻഷൻ |
| 12–15 | : | KANNADA RETREAT |
| 18 | : | ഏകദിന കൺവെൻഷൻ |
| 19–23 | : | ആന്തരിക സൗഖ്യ ധ്യാനം |
| 24 | : | ഏകദിന ധ്യാനം (2 pm – 8 pm) |
| 25 | : | ഏകദിന കൺവെൻഷൻ |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം – ഇരിട്ടി, ഫോൺ: 6282732852**

| | | |
|---|---|---|
| 11–14 | : | ആന്തരിക സൗഖ്യ ധ്യാനം |
| 18–22 | : | CROSS ROADS - YOUTH RETREAT |
| 25–28 | : | ആന്തരിക സൗഖ്യ ധ്യാനം |

**3. സിയോൻ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ: 7306859339**

| | | |
|---|---|---|
| 05–08 | : | ആന്തരിക സൗഖ്യ ധ്യാനം |
| 11 | : | ജാഗരണ പ്രാർത്ഥന |

# ഓവർസീസ് അപ്ഡേറ്റ്സ്

യൂറോപ്പിൽ ശുശ്രൂഷ ചെയ്യുന്ന തലശ്ശേരി രൂപതാംഗങ്ങളായ ബഹു. വൈദികരെ സന്ദർശിക്കുവാൻ 2026 ജൂൺ 2 മുതൽ 14 വരെ അഭിവന്ദ്യ പിതാവ് ജർമ്മനി, ഓസ്ട്രിയ, സ്വിറ്റ്സർലഡ് എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. സ്വിറ്റ്സർലഡിലെ ഊസ്റ്റർ സെന്റ് ആൻഡ്രിയാസ് ദൈവാലയത്തിൽ വച്ച് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ദൈവശാസ്ത്രപഠനം വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കു ബിരുദദാന ചടങ്ങ് അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു.

റോട്ടൻബുർഗ് - സ്റ്റുട്ട്ഗാർട്ട് രൂപതയും തലശ്ശേരി അതിരൂപതയും വൈദികവിദ്യാർത്ഥികളുടെ പരിശീലനവുമായി ബന്ധപ്പെട്ടു നിലനിൽക്കുന്ന ഉടമ്പടി പുതുക്കി. റോട്ടൻബുർഗ് രൂപതാദ്ധ്യക്ഷൻ ക്ലാവുസ്സ് ക്രെമേർ പിതാവും അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവും ഉടമ്പടിയിൽ ഒപ്പുവച്ചു. ജർമ്മനിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ബഹു. ഫിലിപ്പ് മറ്റപ്പള്ളിൽ അച്ചൻ 2026 മെയ് 27 ന് ബദിയടുക്ക പള്ളിയിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു. ഡീക്കൻ ജോജി പ്ലാപ്പറമ്പിൽ, ബ്രദർ ആൽബർട്ട് അഞ്ചുപ്ലാക്കൽ, ബ്രദർ സോബിൻ കാവുകാട്ട്, ബ്രദർ ഡൊമിനിക് തുറക്കൽ എന്നിവരാണ് നിലവിൽ ജർമ്മനിയിൽ വൈദികപരിശീലനം നേടുന്നത്.

ജൂൺ 7 മുതൽ 12 വരെയുള്ള ദിവസങ്ങളിൽ യൂറോപ്പിൽ ശുശ്രൂഷ നിർവഹിക്കുന്ന ബഹു. വൈദികർക്കുവേണ്ടി അഭിവന്ദ്യ പിതാവ് വാർഷികധ്യാനം പ്രസംഗിച്ചു. ധ്യാനാവസരത്തിൽ എല്ലാ വൈദികരെയും വ്യക്തിപരമായി കാണുകയും സംസാരിക്കുകയും ചെയ്തു. പൗരോഹിത്യ സ്വീകരണത്തിന്റെ ജൂബിലി ആഘോഷിക്കുന്ന ബഹു. ജോബി കരിന്തോളിലച്ചന്റെ ജൂബിലിയാഘോഷം അഭിവന്ദ്യ പിതാവിന്റെ ഒപ്പം നടത്തി. വിദേശരാജ്യങ്ങളിലെ ശുശ്രൂഷയിലൂടെ വളർച്ചയിൽ വലിയ പങ്ക് വഹിക്കുന്ന എല്ലാ വൈദിക സഹോദരങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# പഞ്ചാബ് മിഷൻ

പഞ്ചാബ് മിഷന്റെ പ്രവർത്തനങ്ങൾ ഓരോ ദിവസവും ദൈവം വളർച്ചയിലേക്ക് നയിക്കുന്നുവെന്ന് സന്തോഷത്തോടെ അറിയിക്കട്ടെ. ദൈവകൃപയിൽ നന്നായി വളരെയേറെ പ്രാർത്ഥനയുടെയും അധ്വാനത്തിന്റെ ഫലമായി നമുക്ക് സ്വന്തമായി രണ്ട് സ്ഥലങ്ങൾ ലഭിച്ചു. കഴിഞ്ഞ വർഷങ്ങളിൽ വാടകകെട്ടിടങ്ങളിൽ മിഷൻ പ്രവർത്തനം നടത്തിയ നമ്മുടെ അധ്വാനത്തിന് ദൈവം നൽകിയ അംഗീകാരമാണ് സ്വന്തമായ സ്ഥലങ്ങൾ. ബാരൻ എന്ന സ്ഥലത്ത് ഒരു ഭവനത്തോടുകൂടിയ സ്ഥലം ദൈവം നല്കി. ഹൈന്ദവസഹോദരങ്ങളുടെയും സിക്കുസഹോദരങ്ങളുടെയും ഇടയിൽ ഒരു സിക്ക് കുടുംബത്തിന്റെ ഭവനം നമ്മൾ വില കൊടുത്തു വാങ്ങി. അത് നമ്മുടേതായ രീതിയിൽ പണികൾ നടത്തി പള്ളിയും മറ്റുസൗകര്യങ്ങളും ക്രമീകരിച്ചുകൊണ്ടിരിക്കുകയാണ്. ജോഡിയ എന്ന സ്ഥലത്ത് ഹൈവേയോട് ചേർന്ന് ലഭിച്ച സ്ഥലം ദൈവത്തിന്റെ വലിയ അനുഗ്രഹമാണ്. അവിടെ ദൈവാലയത്തിന്റെയും വൈദിക മന്ദിരത്തിന്റെയും പണികൾ നടക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനിടയിലും മിഷൻ പ്രവർത്തനങ്ങൾ ഊർജ്ജ്യസ്വലമായി നടത്തുന്നുണ്ട്. ചേരി പ്രദേശങ്ങളുടെ സന്ദർശനം, ആശുപത്രി സന്ദർശനം, പാവപ്പെട്ട കുഞ്ഞുങ്ങൾക്ക് ട്യൂഷൻ, റോഡ് സൈഡിൽ താമസിക്കുന്നവർക്ക് ഭക്ഷണം നല്കൽ തുടങ്ങിയവയാണ് മിഷൻ പ്രവർത്തനങ്ങൾ.

നമ്മുടെ മിഷൻ സ്ഥലങ്ങൾ കാണാനും മിഷൻ പ്രവർത്തനങ്ങളിൽ പങ്കാളികളാകാനും നിരവധി ആളുകൾ വരുന്നുണ്ട്. ഡൽഹി മദർ തെരേസ പള്ളിയിൽ നിന്നും വന്ന 20 പേരുടെ സംഘം നാല് ദിവസം നമ്മുടെ കൂടെ ഉണ്ടായിരുന്നു. നമ്മുടെ അതിരൂപതയിലെ യുവജങ്ങളുടെ സാന്നിധ്യം ഇടവകക്കു ഒരു പുതിയ ഉണർവായിരുന്നു. ചെറുതും വലുതുമായ ഗ്രൂപ്പുകൾ നമ്മുടെ സ്ഥലങ്ങൾ സന്ദർശിക്കാൻ വരാറുണ്ട്. മിഷൻ പ്രവർത്തനങ്ങൾ നിരവധി പ്രതിസന്ധികളുടെ നടുവിലാണ് നടക്കുന്നത് എന്ന് നിങ്ങളെ അറിയിക്കട്ടെ. പരിമിതമായ സാഹചര്യങ്ങൾ, കാലാവസ്ഥ, ഭാഷ, സംസ്കാരം തുടങ്ങിയവയെല്ലാം മിഷന്റെ വെല്ലുവിളികൾ തന്നെയാണ്. പ്രതിസന്ധികളിൽ വി. കുർബാനയുടെ ശക്തിയും ബലവും ആണ് നയിക്കുന്നത്. വെല്ലുവിളികൾക്കു നടുവിൽ ഞങ്ങളെ ചേർത്തുപിടിക്കുന്ന അഭിവന്ദ്യ പിതാവിനെയും ബഹു. വൈദികരെയും നന്ദിയോടെ ഞങ്ങൾ ഓർമ്മിക്കുന്നു. പഞ്ചാബ് മിഷന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

**ഫാ. മാത്യു മുക്കുഴി** **ഫാ. ജോസഫ് കരിമ്പൂഴിക്കൽ**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

**മെയ് 2026**

21 രാവിലെ തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം ചെമ്പേരിയിൽവച്ച് ചേർന്ന സ്കൂൾ മാനേജർമാരുടെ യോഗത്തിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം എണ്ണപ്പാറ ഇടവകയിൽ നവീകരിച്ച സെമിത്തേരിയുടെ വെഞ്ചരിപ്പു ശുശ്രൂഷാ കർമ്മം നിർവ്വഹിച്ചു.

22-24 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

25 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

26 രാവിലെ പേരാവൂരിൽവച്ച് സി. ഫെലിക്സ് എസ്.എച്ചിന്റെ മൃത സംസ്കാരശുശ്രൂഷാ കർമ്മം നിർവ്വഹിച്ചു. ഉച്ചയ്ക്കുശേഷം വെള്ളരിക്കുണ്ടിൽ പുതുതായി ആരംഭിക്കുന്ന മൈനർ സെമിനാരിയുടെ വെഞ്ചരിപ്പു ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു.

27 രാവിലെ ബദിയടുക്ക ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ സെബിൻ മറ്റപ്പള്ളിയുടെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം മാലോം ഫൊറോനാ ദൈവാലയത്തിൽവച്ച് മറ്റത്തിൽ കുടുംബാംഗങ്ങളായ ജോർജ് - അച്ചാമ്മ ദമ്പതികളുടെ സുവർണ്ണ ജൂബിലിയ്ക്കും സി. നവ്യ എം.എസ്.എം.ഐയുടെ സിൽവർ ജൂബിലിയ്ക്കും ആശംസാസന്ദേശം നൽകി. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിലെത്തിയ കേരളാ വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. സണ്ണി ജോസഫിനെ സ്വീകരിച്ചു.

28-29 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവഹിച്ചു.

30 തളിപ്പറമ്പിൽവച്ച് ചേർന്ന സൺഡേസ്കൂൾ പ്രധാനാധ്യാപകരുടെ യോഗം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം കോലുവള്ളി ഇടവകയിൽ പുതുതായി നിർമ്മിച്ച സൺഡേസ്കൂൾ കെട്ടിടം വെഞ്ചരിച്ചു.

31 തളിപ്പറമ്പിൽവച്ച് സംഘടിപ്പിച്ച അതിരൂപതയിലെ അഭിഭാഷകരുടെ സംഗമം ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം പടിയൂരിൽ പുതുതായി നിർമ്മിച്ച കുരിശുപള്ളി വെഞ്ചരിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

**ജൂൺ 2026**

02–04 സ്റ്റുട്ട്ഗാർട്ട് രൂപതയുമായി വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനുള്ള കോൺട്രാക്റ്റ് ഒപ്പുവച്ചു.

06 സ്വിറ്റ്സർലണ്ടിലെ ഊസ്റ്റർ സെന്റ് ആൻഡ്രിയാസ് ദൈവാലയത്തിൽവച്ച് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ദൈവശാസ്ത്രപഠനം വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് ഉദ്ഘാടനം ചെയ്തു.

07–14 ജർമ്മനി, ഓസ്ട്രിയ, സ്വിറ്റ്സർലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ സേവനം ചെയ്യുന്ന തലശ്ശേരി അതിരൂപതയിലെ വൈദികർക്കായി ധ്യാനം നയിക്കുകയും യൂറോപ്പിലെ വിവിധ രൂപതാധ്യക്ഷന്മാരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു.

16 തലശ്ശേരിയിൽ പുതുതായി ആരംഭിച്ച സാൻജോസ് അക്കാദമി പ്രോഗ്രാമുകളുടെ ഉദ്ഘാടനകർമ്മം നിർവഹിച്ചു.

17 ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അധ്യയനവർഷ ഉദ്ഘാടനം നിർവഹിച്ചു. ഉച്ചയ്ക്കുശേഷം വായാട്ടുപറമ്പിൽ നിര്യാതയായ മേരി കളപ്പുരയ്ക്കലിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം തലശ്ശേരിയിൽവച്ച് ചേർന്ന സന്ദേശഭവൻ സ്റ്റാഫ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

18 രാവിലെ പേരാവൂരിൽവച്ച് സി. മേരി മത്തേവൂസ് എസ്.എച്ചിന്റെ മൃതസംസ്കാരശുശ്രൂഷാ കർമ്മം നിർവ്വഹിച്ചു. തുടർന്ന് കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്കുശേഷം ചേർന്ന ബയോമൗണ്ടൻ കമ്പനി ഡയറക്ടർ ബോർഡ് യോഗത്തിന് അധ്യക്ഷത വഹിച്ചു. തുടർന്ന് നിർമ്മലഗിരി കോളേജ് സന്ദർശിച്ചു.

19 രാവിലെ കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്കുശേഷം ചെമ്പേരിയിൽവച്ച് കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്കായി നടത്തിയ വിന്നേഴ്സ് ഡേ ഉദ്ഘാടനം ചെയ്തു.

20 രാവിലെ വെള്ളരിക്കുണ്ട് മൈനർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ചു. തുടർന്ന് തളിപ്പറമ്പിൽവച്ച് ചേർന്ന വൈദിക സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ദീപികാ കണ്ണൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കുടുംബോത്സവത്തിലും വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചവർക്കുള്ള ആദരവ് സമർപ്പണത്തിലും പങ്കെടുത്തു.

JULY 2026

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 09-12 pm | - | Thalassery: Visitors Day |
| 02-03 | | - | Ernakulam |
| 04 | 08:30 am | - | Edoor: Teachers Regional Conference |
| | 03:30 am | - | Chemperi: Teachers Regional Conference |
| 05-06 | | - | Ernakulam |
| 07 | 09-12 pm | - | Thalassery: Visitors Day |
| 08-10 | | - | Refresher Course - Batch 1 |
| 11 | 10:00 am | - | Chemperi: Sisters Regional Meet |
| 12-13 | | - | Ernakulam |
| 14 | 10:00 am | - | Major Superiors Meet |
| 15-17 | | - | Refresher Course - Batch 2 |
| 18 | 10:00 am | - | Chemperi: Entrepreneurs Meet |
| | 03:30 PM | - | Kolakkad |
| 19 | | - | Ernakulam |
| 20-28 | | - | Indonesia: FABC Plenary Assembly |
| 29 | 10:00 am | - | Thalassery: Sanjose School Jubilee |
| | 02:30 pm | - | Consultors Meet |
| 30-31 | | - | Ernakulam |

**Secretary to the Archbishop**



തലശ്ശേരി അതിരൂപത വൈദിക സമ്മേളനം


2026 ജൂൺ 20, തളിപ്പറമ്പ്



തലശ്ശേരി അതിരൂപതയ്ക്കു വേണ്ടി ഈ വർഷം മൈനർ സെമിനാരിയിത
വൈദിക പരിശീലനത്തിനായി എത്തിയ വൈദികാർത്ഥികൾ
അഭിവന്ദ്യ പിതാവിനും മൈനർ സെമിനാരി സ്റ്റാഫിനുമൊപ്പം.

RNI Reg. No. 5910 Date of Publication: 28/06/2026
Registered KL/TLY/20/25-27
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2025-27
വാല്യം : 09 ലക്കം : 07 വില : ₹10

ജൂലൈ 28 വി. അൽഫോൻസാമ്മ




Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.